മൗലിക സത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 13 ജൂൺ 2015 ലക്കം 6



## സുവിശേഷീകരണവും ശിഷ്യത്വവും

സാക് പുന്നൻ

ബൈബിളിലൂടെ
## ഗലാത്യ ലേഖനം തുടരുന്നു

JEEVAMOZHIKAL
**ജീവമൊഴികൾ**

**നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ** *(യൊഹ. 6:68)*

**വാല്യം 13 ജൂൺ 2015 ലക്കം 6**

**വാർഷിക വരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | Rs.100/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.700/- |

എം.ഒ./ഡി.ഡി.
അയയ്ക്കേണ്ട വിലാസം:


**ജീവമൊഴികൾ**
കുമാരനല്ലൂർ പി.ഒ., കോട്ടയം
കേരള - 686 016.
ഫോൺ 0481- 2391519, 8281027519
e-mail: jeevamozhikal@gmail.com
www.jeevamozhikal.org

**മാസിക സംബന്ധിച്ചും കൂടിവരവുകൾ സംബന്ധിച്ചും കൂടുതൽ വിവരങ്ങൾക്ക്:**

| | |
|---|---|
| തിരുവനന്തപുരം | 9496100850 |
| ആലപ്പുഴ | 9447597048 |
| തിരുവല്ല | 9495204619 |
| കോഴഞ്ചേരി | 9446650658 |
| പെരുവ | 9446096355 |
| കൂത്താട്ടുകുളം | 9447820090 |
| തൃശ്ശൂർ | 9349745575 |
| പാലക്കാട് | 9495228673 |
| നെല്ലിപ്പൊയ്യിൽ (കോഴിക്കോട്) | 9495575692 |
| വയനാട് | 9656128665 |


*മൊഴിമുത്തുകൾ*

# ആകുല ചിന്തയിൽ നിന്നുള്ള വിടുതൽ



ദൈവത്തിനു വേണ്ടി എല്ലാം നാം കൈവിട്ടിട്ടില്ല എന്നതിന്റെ തെളിവാണ് ഉൽക്കണ്ഠ (ആകുലചിന്ത). മുതലാളിയുടെ സ്വത്തിനെപ്പറ്റി തൊഴിലാളിക്ക് ആകുല ചിന്ത തോന്നാറില്ലല്ലോ. അതിനാൽ എവിടെയോ സ്വാർത്ഥത ആവശേഷിക്കുന്നു എന്നതിന്റെ സൂചനയാണു ഉൽക്കണ്ഠ. ദൈവകൃപ കൊണ്ടു മാത്രമേ ഈ സ്വാർത്ഥതയിൽ നിന്നു വിടുതൽ നേടാൻ ഒരുവനു സാധ്യമാകു.

***- ചാൾസ് ഫിന്നി***

## ക്രൂശിന്റെ ശക്തി




ക്രൂശിന്റെ വചനം നശിച്ചു പോകുന്നവർക്കു ഭോഷത്വവും
രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു. 1 കൊരി. 1.:18.

## എഡിറ്റോറിയൽ

# സുവിശേഷീകരണം ശിഷ്യത്വം



**രണ്ടായിരം** വർഷം മുൻപ് യേശു ഭൂമിയിൽ വന്നത് എന്തിനാണ്?

ഈ ലളിതമായ ചോദ്യത്തിന്റെ ഉത്തരം മിക്ക വിശ്വാസികൾക്കും അറിയാം. അവർ ഉടനെ പറയും: മനുഷ്യരെ പാപത്തിൽ നിന്നു രക്ഷിക്കാനാണ് യേശു വന്നത്.

ശരിയാണ്. യേശുവിന്റെ ജനനത്തെക്കുറിച്ച് യോസേഫിനെ അറിയിക്കാൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട ദൂതൻ തന്നെ ഇക്കാര്യം വ്യക്തമായി പറഞ്ഞിട്ടുണ്ട്: "അവൾ ഒരു മകനെ പ്രസവിക്കും. അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കകൊണ്ട് നീ അവനു യേശു എന്നു പേർ ഇടേണം" (മത്താ. 1:21).

ഉവ്വ്, യേശു ജനത്തെ പാപങ്ങളിൽ നിന്നു രക്ഷിക്കും. പക്ഷേ അതുകൊണ്ട് എല്ലാം അവസാനിച്ചോ? ഇല്ല. തൊട്ടടുത്ത വാക്യം നോക്കുക: "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും അവനു ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നു പേർ വിളിക്കും.

അപ്പോൾ കർത്താവിനു രണ്ടു പേരുകളാണുള്ളത്. 'യേശു' എന്ന പേര് പാപത്തിൽ നിന്നും രക്ഷിക്കുന്നു (saves) എന്നതിലേക്കു വിരൽ ചൂണ്ടുമ്പോൾ 'ഇമ്മാനുവേൽ' എന്ന പേര് അവിടുന്നു നമ്മോടു വളരെ അടുത്ത കൂട്ടായ്മ (fellowship) ആഗ്രഹിക്കുന്നു എന്നതിനെ കുറിക്കുന്നു.

നമ്മെ പാപത്തിൽ നിന്നു രക്ഷിക്കുന്നതോടെ നമ്മെ സംബന്ധിച്ച ദൈവ പ്രവൃത്തികൾ പൂർണമാകുന്നില്ല. നമ്മെ സംബന്ധിച്ചിടത്തോളം 'പാപത്തിൽ നിന്നുള്ള രക്ഷ' അതിൽ തന്നെ ഒരവസാനമല്ല. പാപത്തിൽ നിന്നുള്ള രക്ഷയിലൂടെ നമ്മെ തന്നോടുള്ള അടുത്ത കൂട്ടായ്മയിലേക്കു നയിക്കുക എന്നതാണ് അവിടുത്തെ ഹിതം. അല്ലെങ്കിൽ ഇക്കാര്യത്തെ ഇങ്ങനെ പറയാം: 'യേശു'വിലൂടെ നാം 'ഇമ്മാനുവേലി'ലേക്കു വരണം.

യേശുകർത്താവ് സ്വർഗ്ഗാരോഹണം ചെയ്യുന്നതിനു മുൻപു നൽകിയ അന്ത്യ കല്പനകളിലും ഈ രണ്ട് ഊന്നലുകൾ നമുക്കു കാണാൻ കഴിയും. കർത്താവു സഭയ്ക്കു നൽകിയ രണ്ട് അന്ത്യ കല്പനകൾ രണ്ടിടത്തായാണു നാം കാണുന്നത് - മർക്കൊസ് 16:15-20ലും മത്തായി 28:19,20ലും.

'നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ' (മർക്കോ. 16:15) എന്നു പറയുന്നിടത്തു സുവിശേഷീകരണത്തിനാണ് ഊന്നൽ. എന്നാൽ 'സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ' (മത്തായി 28:20) എന്നു കല്പിക്കുന്നിടത്ത് ഊന്നൽ ശിഷ്യത്വത്തിനാണ്.

സുവിശേഷം പ്രസംഗിക്കുമ്പോൾ പാപത്തിൽ നിന്നു രക്ഷിക്കുന്ന (saves) ലോകരക്ഷകനെയാണ് അവിടെ ഉയർത്തിക്കാണിക്കുന്നത്. 'യേശു'വിനെയാണ് അവിടെ പ്രഘോഷിക്കുന്നത്. എന്നാൽ ശിഷ്യത്വം, അപ്പനെയും അമ്മയെയും സഹോദരന്മാരെയും സഹോദരികളെയും തനിക്കുള്ളത് ഒക്കെയും വിട്ടു പിരിഞ്ഞ് സ്വന്ത ജീവനെയും പകച്ചു തന്റെ ക്രൂശ് എടുത്തു ഗുരുവിനെ അനുഗമിക്കുന്നതാണ് (ലൂക്കൊ. 14:26,27,33). ശിഷ്യൻ ഗുരുവിനെപ്പോലെയാകുന്നതാണത് (മത്താ. 10:25; ലൂക്കൊ. 6:40). ഭാര്യാ-ഭർതൃബന്ധം പോലെ (മത്തായി 19:5 ലൂക്കൊസ് 14:26മായി താരതമ്യം ചെയ്യുക) വളരെ അടുത്ത ഒരു കൂട്ടായ്മ (fellowship) യാണു ശിഷ്യത്വത്തിൽ അന്തർലീനമായിട്ടുള്ളത്. ഇവിടെ കർത്താവിനെ 'ഇമ്മാനുവേലാ'യി തിരിച്ചറിയുകയാണ്.

സുവിശേഷീകരണത്തിന്റെ തുടർച്ചയും പൂരകവുമായി ശിഷ്യത്വം വരണമെന്നാണു ദൈവം ആഗ്രഹിക്കുന്നത്. അതാണ് അവിടുത്തെ പൂർണഹിതം. സുവിശേഷീകരണത്തിലൂടെ രക്ഷയിലേക്കും അവിടെ നിന്ന് എല്ലാ കല്പനകളും അനുസരിക്കുന്ന (മത്താ. 28: 19,20) ശിഷ്യത്വത്തിലേക്കും ഒരുവൻ വരണമെന്ന് അവിടുന്ന് ആഗ്രഹിക്കുമ്പോൾ നമ്മുടെ ജീവിതത്തിൽ അവിടുത്തെ ഹിതം ഭാഗികമായി നിറവേറിയാൽ പോരാ. ഉവ്വ്, 'യേശു'വിലൂടെ 'ഇമ്മാനുവേലി'ലേക്കു നാം എത്തിച്ചേരേണ്ടതുണ്ട് (മത്തായി 1:21,22). കർത്താവിനെ 'രക്ഷക'നായി മാത്രം നാം കണ്ടെത്തിയാൽ പോരാ. മറ്റെല്ലാ ബന്ധങ്ങളും താത്പര്യങ്ങളും ഉപേക്ഷിച്ചു മണവാളനും മണവാട്ടിയും തമ്മിൽ ഏറ്റവും അടുത്ത ബന്ധം സ്ഥാപിക്കുന്നതുപോലെ, കർത്താവുമായി അടുത്ത 'കൂട്ടായ്മ' നമുക്കുണ്ടാകാൻ കൂടിയാണ് അവിടുന്നു ഭൂമിയിൽ വന്നത്.

ദൈവവുമായുള്ള നമ്മുടെ കൂട്ടായ്മയെ തടസ്സപ്പെടുത്തുന്നതെന്താണ്? "നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളെയും നിങ്ങളുടെ ദൈവത്തേയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്. നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാതെ വണ്ണം അവന്റെ മുഖത്തെ നിങ്ങൾക്കു മറയ്ക്കുമാറാക്കിയത് " (യെശ. 59:2). അതുപോലെ ദൈവത്തെക്കാൾ കവിഞ്ഞ് എന്തിനെങ്കിലും, ആർക്കെങ്കിലും, ഹൃദയത്തിൽ സ്ഥാനം നൽകിയാൽ അതു വിഗ്രഹമാണെന്നും, ആ വിഗ്രഹങ്ങൾ നമിത്തം അങ്ങനെയുള്ളവർ തന്നെ വിട്ട് അകന്നിരിക്കുമെന്നും യഹോവ, യെഹെസ്കേൽ പ്രവാചകനോടു പറഞ്ഞിരിക്കുന്നതും ശ്രദ്ധിക്കുക (14:1-5). പാളയത്തിൽ അശുദ്ധി കണ്ടാൽ മാറിപ്പൊയ്ക്കളയുമെന്നു ദൈവം യിസ്രയേൽ മക്കളോടു പറഞ്ഞു (ആവ. 23:14). പാപം, വിഗ്രഹങ്ങൾ തുടങ്ങിയ അശുദ്ധികളെല്ലാം ദൈവസാന്നിദ്ധ്യത്തെ അകറ്റിക്കളയും.

ദൈവിക കൂട്ടായ്മയിൽ നിന്നു നമ്മെ അകറ്റിക്കളയുന്നതാണു പാപമെങ്കിൽ നാം അതിനെ വളരെ ഗൗരവമായി കണേണ്ടേ? വാസ്തവത്തിൽ എന്താണു പാപം? പാപത്തിനു മൂന്നു നിർവചനങ്ങൾ നമുക്കു ബൈബിളിൽ കാണാം. അതിന്റെ ഏറ്റവും താണ നിലവാരത്തിലുള്ള നിർവചനമാണു നിയമം ലംഘിച്ചു ചെയ്യുന്നതായ പാപം (lawlessness in sin) എന്നത് (1 യോഹ. 3:4). പഴയ നിയമത്തിലെ യിസ്രായേൽ മക്കളുടെ പത്തു കല്പനകളുടെ അടിസ്ഥാനവും ഇതാണ്. 'കുല ചെയ്യരുത്, വ്യഭിചാരം ചെയ്യരുത്' എന്നു കല്പിച്ചിരിക്കുന്നു. ഈ നിയമം

▶ ശേഷം പേജ് 41

സന്ദേശം

# സുവിശേഷീകരണവും ശിഷ്യത്വവും

സാക് പുന്നൻ

**ഒരു** വിഷയത്തെപ്പറ്റിയുള്ള ഒരു വേദവാക്യം മുറുകെപ്പിടിച്ചുകൊണ്ട് ആ വിഷയത്തെപ്പററിയുള്ള മററു വേദഭാഗങ്ങൾ വിസ്മരിച്ചു കളയുന്ന ഒരു തെറ്റായ പ്രവണത ക്രിസ്ത്യാനികൾക്കിടയിൽ സാധാരണമാണ്.

ദൈവഹിതമെന്തെന്നു ചിന്തിക്കാതെ നമ്മുടെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രം പ്രവർത്തിക്കുവാൻ നമ്മെ പ്രേരിപ്പിക്കുവാനാണ് സാത്താൻ ആദ്യം ശ്രമിക്കുന്നത്. മരുഭൂമിയിൽ വച്ചു സാത്താൻ യേശുവിനെ പരീക്ഷിച്ചപ്പോൾ 'നിനക്കു വിശക്കുന്നുണ്ടല്ലോ; ഈ കല്ലുകൾ അപ്പമായിത്തീരാൻ കൽപിക്കുക' എന്നു കർത്താവിനോടു പറഞ്ഞ വാക്കുകൾ ഓർമ്മിക്കുക. ദൈവം തന്നോട് എന്തു കൽപിക്കുന്നുവോ അതു മാത്രമേ താൻ ചെയ്യൂ എന്നു പറഞ്ഞ് യേശു ഈ പരീ



*പകുതി ക്ഷൗരം നടത്തുന്ന ക്ഷുരകന്മാരെപ്പോലെയാണ് ഇന്നത്തെ പല സുവിശേഷകന്മാരും. ശിഷ്യന്മാരാക്കുവാനുള്ള വിളി ഞങ്ങൾക്കില്ല; പാപക്ഷമയെക്കുറിച്ചുള്ള സുവിശേഷം പ്രസംഗിക്കുവാനാണ് ഞങ്ങളെ വിളിച്ചിട്ടുള്ളത്.*

ക്ഷയെ ജയിച്ചു. നാമും ചെയ്യേണ്ടത് അപ്രകാരം തന്നെ.

എന്നാൽ യേശുവിനെപ്പോലെ നാം ദൈവവചനത്തിൽ ഉറച്ചു നിൽക്കുന്നതായി സാത്താൻ കാണുമ്പോൾ ദൈവവചനം തന്നെ ഉദ്ധരിച്ചു നമ്മെ വഞ്ചിക്കുവാനാണ് അവൻ പിന്നീടു ശ്രമിക്കുന്നത്. മത്താ. 4:6ൽ "…. എന്ന് എഴുതിയിരിക്കുന്നു" എന്ന് അവൻ പറയുന്ന ഭാഗം ശ്രദ്ധിക്കുക. ദൈവത്തിന്റെ മുഴുവൻ ആലോചനയും യേശു അറിഞ്ഞിരുന്നില്ലെങ്കിൽ ഇന്ന് അനേകം വിശ്വാസികൾക്കും സംഭവിക്കുന്നതു പോലെ സാത്താൻ ഉദ്ധരിച്ച വചനം മൂലം അവിടുന്ന് വഞ്ചിക്കപ്പെടുമായിരുന്നു. എന്നാൽ യേശുവാകട്ടെ, "…. എന്നും കൂടെ എഴുതിയിരിക്കുന്നു" എന്ന മറുപടികൊണ്ട് ആ പരീക്ഷയെയും അതിജീവിച്ചു (മത്താ. 4:7).

അതിനാൽ ദൈവികപദ്ധതിയെക്കുറിച്ചുള്ള സമ്പൂർണ്ണമായ അറിവു നമുക്ക് അത്യന്താപേക്ഷിതമാണ്. "എന്ന് എഴുതിയിരിക്കുന്നു", "എന്നും കൂടെ എഴുതിയിരിക്കുന്നു" എന്നീ രണ്ടു തുല്യപ്രധാനങ്ങളായ ഭാഗങ്ങൾ ഒരുമിച്ചു ചേരുമ്പോഴാണ് സത്യത്തിന്റെ പൂർണ്ണരൂപം നമുക്കു ലഭിക്കുന്നത്. "നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ" എന്ന് എഴുതിയിരിക്കുന്നു (മർക്കോ. 16:15). "ആകയാൽ നിങ്ങൾ പുറപ്പെട്ട് …. സകല ജാതികളെയും ശിഷ്യരാക്കി ക്കൊൾവിൻ" എന്നും കൂടെ എഴുതിയിരിക്കുന്നു (മത്താ. 28:19,20). ഈ രണ്ടു കൽപനകൾ സൂക്ഷ്മമായി ശ്രദ്ധിച്ച് അനുസരിക്കുന്നപക്ഷം നമ്മുടെ ഈ കാലഘട്ടത്തിൽ ദൈവഹിതം നിറവേറ്റുവാൻ നമുക്കു സാധിക്കും.

**സുവിശേഷീകരണം**

നമ്മുടെ ഒന്നാമത്തെ കടമ മർക്കോ. 16:15ൽ യേശു കൽപിച്ചിട്ടുള്ളതുപോലെ ഭൂലോകത്തിലൊക്കെയും പോയി സുവിശേഷം പ്രസംഗിക്കുകയാണ്. ഈ കൽപന ഒരൊററ വിശ്വാസിക്കു മാത്രമായി നൽകിയിട്ടുള്ളതല്ല; പിന്നെയോ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയ്ക്ക് ഒന്നാകെ നൽകിയിട്ടുള്ളതാണ്. ലോകത്തിലുള്ള സകല മനുഷ്യരോടും സുവിശേഷം പ്രസംഗിക്കുക എന്നത് ഏതെങ്കിലും ഒരു വ്യക്തിക്കോ ഒരു സ്ഥലത്തെ സഭയ്ക്കോ തനിയെ നിറവേറ്റുവാൻ സാധ്യമല്ല. ആ വലിയ യത്നത്തിന്റെ ഒരു ചെറിയ പങ്കു വഹിക്കുവാനേ നമുക്കോരോരുത്തർക്കും കഴിവുള്ളു. ആ പങ്ക് എത്ര ചെറുതായിരുന്നാലും അതു നാം നിറവേറ്റുകതന്നെ വേണം. ഇവിടെയാണ് അപ്പൊ. 1:8നുള്ള സ്ഥാനം. ഓരോ വിശ്വാസിക്കും അയാൾ ക്രിസ്തുവിന്റെ ഒരു നല്ല സാക്ഷിയായിത്തീരണമെങ്കിൽ പരിശുദ്ധാത്മാവ് അയാളുടെ മേൽ വരികയും അയാളെ ശക്തിപ്പെടുത്തുകയും ചെയ്തേ മതിയാവൂ. എല്ലാവരെയും സുവിശേഷകന്മാരാകുവാൻ വിളിച്ചിട്ടില്ല; എന്നാൽ സാക്ഷികളാകുവാനുള്ള വിളി നമുക്കെല്ലാവർക്കുമുണ്ട്. ഈ വസ്തുത നാമോർക്കണം. "അവൻ ചിലരെ സുവിശേഷകന്മാരായും …. നിയമിച്ചിരിക്കുന്നു ….അതു ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മിക വർദ്ധനയ്ക്ക് ആകുന്നു" (എഫേ. 4:11,13) എന്ന വാക്യം നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഒരു സുവിശേഷകന് ഒരു സാക്ഷിക്കുള്ളതിനെക്കാൾ വിപുലമായ ഒരു പ്രവർത്തനമണ്ഡലമാണുള്ളത്. ഒരു

സാക്ഷിക്കു താൻ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന പരിധിക്കുള്ളിൽ നിന്നുകൊണ്ടു തന്റെ സ്വജനങ്ങൾ, അയൽക്കാർ, സഹപ്രവർത്തകർ, ദിനംപ്രതി താൻ കണ്ടുമുട്ടുന്ന ആളുകൾ എന്നിവരോടെല്ലാം ക്രിസ്തുവിനെപ്പറ്റി അറിയിക്കുവാനുള്ള കടമയുണ്ട്. നമ്മുടെ ഈ ലോകത്തിലെ പ്രവർത്തനമണ്ഡലം ഏതായിരുന്നാലും സാക്ഷികളാകുവാൻ നമുക്കു സാധിക്കുന്നത് ഈ വിധത്തിലാണ്.

എന്നാൽ ക്രിസ്തു, സഭയ്ക്ക് സുവിശേഷകന്മാരെ പ്രത്യേകം നൽകിയിട്ടുണ്ട്. സാധാരണ നാം കേൾക്കാറുള്ളതുപോലെ ആത്മാക്കളെ നേടുന്നതിനോ ആളുകളെ ക്രിസ്തുവിങ്കലേക്കു നടത്തുന്നതിനോ മാത്രമല്ല, പിന്നെയോ എഫേ. 4:11,13 വ്യക്തമാക്കുന്നതുപോലെ ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മികവർദ്ധനയ്ക്ക് (അഥവാ പണിക്ക് building up) വേണ്ടിയാണ് അവരെ നൽകിയിട്ടുള്ളത്. ഈ കാര്യത്തിലാണ് ഒരു വലിയ പങ്കു സുവിശേഷപ്രവർത്തനത്തിന്റെയും പരാജയം നാം കാണുന്നത്. ദൗർഭാഗ്യമെന്നു പറയട്ടെ, ഇന്നത്തെ സുവിശേഷപ്രവർത്തനം സാമാന്യമായിപ്പറഞ്ഞാൽ ക്രിസ്തുവിന്റെ ശരീരമായ സഭയെ പണിയുന്നതിലല്ല, പിന്നെയോ ഒറ്റയൊറ്റ വ്യക്തികളെ, ആത്മാക്കളെ, രക്ഷിക്കുന്നതിലാണ് ശ്രദ്ധപതിച്ചിട്ടുള്ളത്. രക്ഷ പ്രാപിക്കുന്ന ഈ ആത്മാക്കളെ ഇന്നത്തെ സുവിശേഷകന്മാർ അവരവരുടെ തന്നെ നിർജ്ജീവമായ സഭാവിഭാഗങ്ങളിലേക്കു തിരിച്ചയയ്ക്കുകയും തന്മൂലം അവർ വീണ്ടും നാശമടയുകയും ചെയ്യുന്നു. ആരെങ്കിലും ചിലർ നശിക്കാതെ വല്ലപാടും നിന്നാൽത്തന്നെയും അവർ ശീതോഷ്ണവാന്മാരായി കർത്താവിനാൽ ഉമിണ്ണുകളയപ്പെടുവാൻ മാത്രം യോഗ്യമായ ഒരവസ്ഥയിലേ ചെന്നെത്തുന്നുള്ളു (വെളി. 3:16). രണ്ടു തരത്തിലായാലും അവർ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലേക്കു ചേർത്തു പണിയപ്പെടു

ദൗർഭാഗ്യമെന്നു പറയട്ടെ, ഇന്നത്തെ സുവിശേഷപ്രവർത്തനം സാമാന്യമായിപ്പറഞ്ഞാൽ ക്രിസ്തുവിന്റെ ശരീരമായ സഭയെ പണിയുന്നതിലല്ല, പിന്നെയോ ഒറ്റയൊറ്റ വ്യക്തികളെ, ആത്മാക്കളെ, രക്ഷിക്കുന്നതിലാണ് ശ്രദ്ധപതിച്ചിട്ടുള്ളത്. രക്ഷ പ്രാപിക്കുന്ന ഈ ആത്മാക്കളെ ഇന്നത്തെ സുവിശേഷകന്മാർ അവരവരുടെ തന്നെ നിർജ്ജീവമായ സഭാവിഭാഗങ്ങളിലേക്കു തിരിച്ചയയ്ക്കുകയും തന്മൂലം അവർ വീണ്ടും നാശമടയുകയും ചെയ്യുന്നു. ആരെങ്കിലും ചിലർ നശിക്കാതെ വല്ലപാടും നിന്നാൽത്തന്നെയും അവർ ശീതോഷ്ണവാന്മാരായി കർത്താവിനാൽ ഉമിണ്ണുകളയപ്പെടുവാൻ മാത്രം യോഗ്യമായ ഒരവസ്ഥയിലേ ചെന്നെത്തുന്നുള്ളു

യേശു സുവിശേഷകന്മാരെ "മനുഷ്യരെ പിടിക്കുന്നവർ" എന്നാണു വിളിച്ചിട്ടുള്ളത്. എന്നാൽ വീണ്ടും ജനനം പ്രാപിക്കാത്ത ബിഷപ്പുന്മാരോടും പാസ്റ്ററന്മാരോടും സഹകരിച്ചു നടത്തുന്ന സുവിശേഷ പ്രവർത്തനം ധാരാളം ദ്വാരങ്ങളുള്ള ഒരു കീറ്റുവല കൊണ്ടു മീൻ പിടിക്കുന്നതുപോലെയാണ്. അന്നാസിനെയോ കയ്യഫാവിനെയോ ക്ഷണിച്ചു വരുത്തി ഒരു പ്ലാററ്ഫോമിൽ തങ്ങളോടൊപ്പം ഇരുത്തിക്കൊണ്ട് തങ്ങളുടെ സുവിശേഷ പ്രവർത്തനം ഉദ്ഘാടനം ചെയ്യുവാൻ യേശുവോ പത്രോസോ അവരോടാവശ്യപ്പെടുമായിരുന്നു എന്നു സങ്കൽപിക്കുവാൻ നമുക്കു സാധ്യമാണോ? എന്നാൽ ഇന്നത്തെ സുവിശേഷകന്മാർ ചെയ്യുന്നത് അതുതന്നെയാണ്.

ന്നില്ല. തന്മൂലം മത്താ. 23:15ൽ പറയുന്നതുപോലെ അവർ ഇരട്ടി നരകയോഗ്യരായിത്തീരുകയും അങ്ങനെ സാത്താന്റെ ലക്ഷ്യം സാധിക്കുകയുമാണ് ചെയ്യുന്നത്. ഇതിനു രണ്ടു കാരണങ്ങളുണ്ട്. ഒന്നാമത് ഒരു ശരിയായ മാനസാന്തരം അവർക്കുണ്ടാകുന്നില്ല. രണ്ടാമത് തങ്ങൾ രക്ഷിക്കപ്പെട്ടവരെന്ന് ചില സുവിശേഷകന്മാർ അവരെ തെററിദ്ധരിപ്പിച്ചു വഞ്ചിക്കുന്നു. ഇപ്രകാരമുള്ള സുവിശേഷ പ്രവർത്തനം സുവിശേഷകന്റെ സ്വന്ത സാമ്രാജ്യം കെട്ടിപ്പടുക്കുവാൻ മാത്രമേ ഉപകരിക്കുന്നുള്ളു. മനുഷ്യരിൽ നിന്നു മാനം നേടുവാനുള്ള ആഗ്രഹമായിരിക്കും പലപ്പോഴും അതിന്റെ പിന്നിലുള്ള പ്രേരകശക്തി.

യേശു സുവിശേഷകന്മാരെ "മനുഷ്യരെ പിടിക്കുന്നവർ" എന്നാണു വിളിച്ചിട്ടുള്ളത്. എന്നാൽ വീണ്ടും ജനനം പ്രാപിക്കാത്ത ബിഷപ്പുന്മാരോടും പാസ്റ്ററന്മാരോടും സഹകരിച്ചു നടത്തുന്ന സുവിശേഷ പ്രവർത്തനം ധാരാളം ദ്വാരങ്ങളുള്ള ഒരു കീറ്റുവല കൊണ്ടു മീൻ പിടിക്കുന്നതുപോലെയാണ്. അന്നാസിനെയോ കയ്യഫാവിനെയോ ക്ഷണിച്ചുവരുത്തി ഒരു പ്ലാററ്ഫോമിൽ തങ്ങളോടൊപ്പം ഇരുത്തിക്കൊണ്ട് തങ്ങളുടെ സുവിശേഷപ്രവർത്തനം ഉദ്ഘാടനം ചെയ്യുവാൻ യേശുവോ പത്രോസോ അവരോടാവശ്യപ്പെടുമായിരുന്നു എന്നു സങ്കൽപിക്കുവാൻ നമുക്കു സാധ്യമാണോ? എന്നാൽ ഇന്നത്തെ സുവിശേഷകന്മാർ ചെയ്യുന്നത് അതുതന്നെയാണ്. മാത്രമല്ല, മാനസാന്തരപ്പെടാത്ത ഈ ബിഷപ്പുന്മാരെ അവർ വാഴ്ത്തിപ്പാടുകയും ചെയ്യുന്നു. ഇത്തരം സുവിശേഷകന്മാർ ഒന്നാംകിടയിൽപ്പെട്ട ഒത്തുതീർപ്പുകാരാണ്.

അതിനും പുറമേ ഈ വലയുപയോഗിച്ചു പിടിക്കുന്ന മത്സ്യം വീണ്ടും കടലിലേക്ക് നിർജ്ജീവ സഭാവിഭാഗങ്ങളിലേക്കു തന്നെ തിരിയെപ്പോകുവാൻ അവർ അനുവദിക്കുന്നു. അടുത്ത ഗോസ്പൽ ക്രൂസേഡിൽ അവ വീണ്ടും പിടിക്കപ്പെടുന്നു; വീണ്ടും കടലിലേക്കുതന്നെ തിരിച്ചയയ്ക്കപ്പെടുകയും ചെയ്യുന്നു. വിവിധ സഭകൾ യോജി

ച്ചു നടത്തുന്ന ഇന്നത്തെ ക്രൂസേഡു കളിൽ അഥവാ സുവിശേഷയോഗ ങ്ങളിൽ ഈ പരിപാടി വീണ്ടും വീണ്ടും ആവർത്തിക്കുന്നു. ഓരോ പ്രാവശ്യവും കൈ പൊക്കിയവരു ടെയും തീരുമാനക്കാർഡുകൾ എഴുതിയവരുടെയും എണ്ണം സുവി ശേഷകന്മാർ കണക്കുകൂട്ടുകയും ചെയ്യുന്നു. ഈ മാതിരി സുവിശേഷ പ്രവർത്തനം സ്വർഗ്ഗത്തിലെ ദൂതന്മാർ ക്കല്ല, സാത്താന്റെ സൈന്യങ്ങൾ ക്കാണ് സന്തോഷം നൽകുന്നത്. കാരണം ഇരട്ടി നരകയോഗ്യരാ കുന്നവരെപ്പറ്റി സന്തോഷിക്കുവാൻ സ്വർഗ്ഗീയസൈന്യങ്ങൾക്ക് സാധ്യ മല്ലല്ലോ.

യേശു പാപങ്ങളെ ക്ഷമിക്കുന്നു, രോഗികളെ സൗഖ്യമാക്കുന്നു എന്ന സന്ദേശം പ്രഖ്യാപിക്കുന്നതോ ടൊപ്പം അത്ഭുതങ്ങളും അടയാള ങ്ങളും നടന്നെന്നു വരാം. എന്നാൽ അത്തരം സുവിശേഷ പ്രവർത്ത നത്തിന്റെ ഫലമായി എത്രപേർ ക്രിസ്തുവിന്റെ ശരീരത്തോടു ചേർ ക്കപ്പെട്ടു എന്നതാണു നിർണ്ണായക മായ ചോദ്യം.

ഒന്നാം നൂററാണ്ടിലെ അപ്പൊ സ്തലന്മാർ ഇത്തരത്തിലുള്ള സുവി ശേഷപ്രവർത്തനത്തിൽ ഒരിക്കലും ഏർപ്പെട്ടിരുന്നില്ല. രക്ഷിക്കപ്പെടുന്ന വരെ അതാതു സ്ഥലത്തുള്ള സഭക ളോടു ചേർത്തു ശിഷ്യന്മാരെന്ന നിലയിൽ പണിതുറപ്പിക്കുകയാ യിരുന്നു അവരുടെ പ്രവർത്തനരീതി. ദൗർഭാഗ്യവശാൽ ഇരുപതാം നൂറ്റാണ്ട് രോഗശാന്തി പ്രവർത്ത കരായ സുവിശേഷകന്മാരുടെ കാലമായി മാറിയിരിക്കുന്നു. ഇന്നു ക്രൈസ്തവ ഗോളത്തിലെ മുഖ്യ ശുശ്രൂഷയായി അതു തീർന്നിരിക്ക യാണ്. ദൈവവചനത്തിലെ ഉപദേശ ത്തിൽ നിന്നു ക്രൈസ്തവലോകം എത്രമാത്രം അകന്നുപോയിരിക്കുന്നു എന്നതിനു മറെറാരു തെളിവാണിത്. എഫേ. 4:11ൽ പറയുന്ന അഞ്ചു ശുശ്രൂഷകൾ അപ്പൊസ്തലന്മാർ, പ്രവാചകന്മാർ, സുവിശേഷകന്മാർ, ഇടയന്മാർ, ഉപദേഷ്ടാക്കന്മാർ എന്നി ങ്ങനെ യാണല്ലോ. 1കൊരി. 12:28ൽ ഈ ശുശ്രൂഷകൾ അവയുടെ പ്രാധാന്യക്രമത്തിൽ കൊടുത്തിട്ടു ണ്ട്. അവിടെ ഇപ്രകാരം പറയുന്നു: "ദൈവം സഭയിൽ ഒന്നാമത് അപ്പൊ സ്തലന്മാർ, രണ്ടാമതു പ്രവാചക ന്മാർ, മൂന്നാമത് ഉപദേഷ്ടാക്കന്മാർ ഇങ്ങനെ ഓരോരുത്തരെ നിയമിക്ക യും പിന്നെ വീര്യപ്രവൃത്തികൾ, രോഗശാന്തികളുടെ വരം (ഇവ സുവിശേഷകന്മാർക്കുള്ളതാണ്. പുതിയനിയമത്തിലുള്ള എല്ലാ സുവിശേഷകന്മാർക്കും രോഗശാന്തി വരം ഉണ്ടായിരുന്നതായിക്കാണുന്നു ണ്ട്), സഹായം ചെയ്യുവാനുള്ള വരം, പരിപാലനവരം (ഇവ ഇടയന്മാർക്കു ള്ളത്), വിവിധഭാഷാവരം എന്നിവ നൽകുകയും ചെയ്തു." ഇതിൽ നിന്നും അപ്പൊസ്തലന്മാർ, പ്രവാച കന്മാർ, ഉപദേഷ്ടാക്കന്മാർ എന്നിവ രുടെ ശുശ്രൂഷ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ പണിയെ സംബന്ധിച്ചിടത്തോളം സുവിശേഷ കന്റെ ശുശ്രൂഷയെക്കാൾ ദൈവത്തി ന്റെ ദൃഷ്ടിയിൽ കൂടുതൽ പ്രാധാ ന്യമുള്ളതാണെന്ന് തെളിയുന്നു. അപ്പൊസ്തലന്മാരുടെയും പ്രവാചക ന്മാരുടെയും ഉപദേഷ്ടാക്കന്മാരു ടെയും ശുശ്രൂഷകൾക്കു കീഴിലായി സുവിശേഷകൻ തന്റെ ദൈവദത്ത മായ ശുശ്രൂഷ ഏറെറടുക്കുമ്പോ ഴാണ് അതിന്റെ ശരിയായ സ്ഥാനം അതിനു ലഭിക്കുന്നത്. അപ്പോൾ മാത്രമേ അദ്ദേഹത്തിന്റെ ശുശ്രൂഷ

ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മീയവർദ്ധനയ്ക്ക് പണിതുയർത്തലിന് ഉപകരിക്കുകയുള്ളു. ഇവിടെയാണ് ഇരുപതാം നൂറ്റാണ്ടിലെ സുവിശേഷപ്രവർത്തനം ദൈവവചനത്തിന്റെ പാതയിൽനിന്നു ബഹുദൂരം അകന്നുപോയിട്ടുള്ളത്.

**ശിഷ്യരാക്കിക്കൊൾവിൻ**

മർക്കോ. 16:15ൽ കാണുന്ന 'സുവിശേഷം പ്രസംഗിപ്പിൻ' എന്ന കൽപനയുടെ ലക്ഷ്യം മത്താ. 28:19,20ൽ കാണുന്ന 'സകല ജാതികളെയും ശിഷ്യന്മാരാക്കിക്കൊൾവിൻ' എന്ന കൽപനയുടെ വെളിച്ചത്തിൽ മാത്രമേ മനസ്സിലാക്കുവാൻ കഴിയൂ. മാനസാന്തരപ്പെട്ടിട്ടില്ലാത്ത മനുഷ്യവർഗ്ഗത്തെക്കുറിച്ചുള്ള ദൈവത്തിന്റെ മുഴുവൻ ആലോചന ഈ രണ്ടു വാക്യങ്ങളിൽ അടങ്ങിയിരിക്കുന്നു.

മാനസാന്തരം പ്രാപിച്ച വ്യക്തിയെ ഒരു ശിഷ്യനാക്കി മാറ്റുകയാണ് ആവശ്യം. ദൗർഭാഗ്യവശാൽ ഇന്നു മാനസാന്തരപ്പെട്ടവൻ എന്ന പേരിൽ അറിയപ്പെടുന്ന വ്യക്തിതന്നെ പലപ്പോഴും യഥാർത്ഥമായ ഒരു മാനസാന്തരം പ്രാപിച്ചവനല്ല. കാരണം, അവരിൽ മിക്കവർക്കും പാപത്തെപ്പറ്റി ശരിയായ ഒരു പശ്ചാത്താപം ഉണ്ടായിട്ടില്ല. സുവിശേഷയോഗത്തിൽ വച്ചു വിശ്വസിപ്പാനുള്ള ആഹ്വാനമേ അവർക്കു ലഭിച്ചിട്ടുള്ളു. പശ്ചാത്താപത്തെപ്പററി ഒറ്റവാക്കും അവർ കേട്ടിട്ടില്ല. പ്രസവകാലമെത്തുന്നതിനുമുമ്പ് മാതൃഗർഭത്തിൽ നിന്നു പുറത്തെടുക്കപ്പെട്ട ശിശുക്കളെപ്പോലെ വളർച്ചയെത്താത്ത ആത്മീയശിശുക്കളാണ് മാനസാന്തരപ്പെട്ട ഇന്നത്തെ വിശ്വാസികളിൽ ഭൂരിഭാഗവും. സുവിശേഷകനാകുന്ന സൂതികർമ്മിണിക്ക് (midwife വയറ്റാട്ടി) താൻ മുഖേന രക്ഷിക്കപ്പെട്ടവരുടെ എണ്ണം പെരുപ്പിച്ചു കാണിക്കുവാനുള്ള ദുരാഗ്രഹമാണ് ഈ സാഹസകർമ്മത്തിന്റെ പ്രേരകശക്തി. മാസം തികയാതെ ജനിച്ച ഈ ശിശുക്കൾ ഒന്നുകിൽ മരണമടയുകയോ അല്ലെങ്കിൽ ആയുഷ്കാലം മുഴുവൻ പ്രശ്നസന്തതികളായി ജീവിക്കുകയോ ചെയ്യുന്നു. ഈ വിധത്തിൽ വിശ്വസിക്കുക മാത്രം ചെയ്യുന്ന പാപികളെപ്പറ്റി ദൈവദൂതന്മാരുടെ മദ്ധ്യേ സന്തോഷം ഉണ്ടാകുന്നില്ല; നേരേ മറിച്ച് പാപങ്ങളെപ്പറ്റി പശ്ചാ ത്തപിച്ച് രക്ഷപ്രാപിക്കുന്നവരെപ്പറ്റി മാത്രമേ ദൂതന്മാർ സന്തോഷിക്കുന്നുള്ളൂ (ലൂക്കോ. 15:7,10).

എന്നാൽ അനുതപിച്ച് പൂർണ്ണമായ മാനസാന്തരം പ്രാപിച്ച ഒരു വ്യക്തിയുടെ കാര്യത്തിൽത്തന്നെ അയാളെപ്പറ്റിയുള്ള ദൈവഹിതം നിറവേറണമെങ്കിൽ അയാൾ ശിഷ്യത്വജീവിതത്തിലേക്കു നടത്തപ്പെടേണ്ടത് ആവശ്യമത്രേ.

ശിഷ്യത്വത്തിലേക്കു വഴികാട്ടാത്ത സുവിശേഷപ്രവർത്തനം പൂർത്തീകരിക്കപ്പെടാത്ത ഒരു വേലയാണ്. ഇൻഡ്യയിലുള്ള ചില തീർത്ഥാടനകേന്ദ്രങ്ങളിൽ തീർത്ഥാടകന്മാർ തങ്ങളുടെ തല മുണ്ഡനം ചെയ്യുന്ന (തലമുടി മുഴുവൻ വടിച്ചുകളയുന്ന) ഒരു പതിവുണ്ട്. ഇതിനായി അവിടങ്ങളിൽ തീർത്ഥാടകരെ കാത്തിരിക്കുന്ന ക്ഷുരകന്മാർ ഉണ്ട്. തീർത്ഥാടകന്മാർ ആയിരക്കണക്കിനുള്ളതുകൊണ്ടും ഓരോ ക്ഷുരകനും പരമാവധി കൂടുതൽ തലകൾ കിട്ടുവാനാഗ്രഹിക്കുന്നതുകൊണ്ടും ക്ഷുരകന്മാർ ഒരു പ്രത്യേക പരിപാടി സ്വീകരിക്കുന്നു. അവർ ഒരാളുടെ തല പകുതി വടിച്ചശേഷം അടുത്ത

യാളുടെ അടുക്കലേക്കു പോകും. അയാളുടെയും തല പകുതി വടിച്ചശേഷം മൂന്നാമത്തെയാളുടെ അടുത്തു ചെല്ലും. പകുതി ക്ഷൗരം കഴിഞ്ഞ ഈ തിർത്ഥാടകന്മാർക്ക് മറ്റൊരു ക്ഷുരകന്റെ അടുക്കൽ പോകാൻ സാധ്യമല്ലല്ലോ. ഈ വിധത്തിൽ തങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുവാൻ ക്ഷുരകന്മാർക്കു സാധിക്കുന്നു. ഇങ്ങനെ പകുതി ക്ഷൗരം നടത്തുന്ന ക്ഷുരകന്മാരെപ്പോലെയാണ് ഇന്നത്തെ പല സുവിശേഷകന്മാരും. സത്യമാലോചിച്ചാൽ അവർ ഈ ക്ഷുരകന്മാരെക്കാൾ മോശപ്പെട്ടവരാണ്. കാരണം, തനിക്കു വേണ്ടുവോളം തലകൾ കിട്ടിക്കഴിഞ്ഞാൽ ക്ഷുരകൻ ഓരോ തീർത്ഥാടകന്റെയും അടുക്കൽ മടങ്ങിവന്ന് താൻ ആരംഭിച്ച ജോലി പൂർത്തിയാക്കും. എന്നാൽ ഈ സുവിശേഷകന്മാർ ഒരിക്കലും അപ്രകാരം ചെയ്യുന്നില്ല. അവർ പറയും: "ശിഷ്യന്മാരാക്കുവാനുള്ള വിളി ഞങ്ങൾക്കില്ല; പാപക്ഷമയെക്കുറിച്ചുള്ള സുവിശേഷം പ്രസംഗിക്കുവാനാണ് ഞങ്ങളെ വിളിച്ചിട്ടുള്ളത്."

എന്നാൽ ഒരു വ്യക്തിയുടെ തല പകുതി മാത്രം ക്ഷൗരം ചെയ്യുവാൻ ഒരാളെ ദൈവം വിളിക്കുന്നപക്ഷം മറ്റേ പകുതികൂടെ ചെയ്യുവാൻ മറ്റൊരാളെയും അവിടുന്ന് തീർച്ചയായും നിയോഗിക്കും. ആ സ്ഥിതിക്കു തങ്ങളുടെ ശുശ്രൂഷമൂലം വിശ്വാസത്തിലായിത്തീർന്നവരെ ശിഷ്യത്വ ശുശ്രൂഷയ്ക്കെതിരായി വിലക്കുന്ന സുവിശേഷകന്മാരുടെ കഥ എത്ര വിചിത്രമാണ്? അത്തരം പ്രസംഗകന്മാരെ നാം വിധിക്കേണ്ടതില്ല. കാരണം 'വിധിക്കരുത്' എന്നാണല്ലോ നമുക്കു ലഭിച്ചിട്ടുള്ള കൽപന. എങ്കിലും തങ്ങൾ മൂലം വിശ്വാസത്തിൽ വന്നവരെ ശിഷ്യന്മാരാകാതെ തടയുന്ന പ്രവൃത്തിക്ക് ഇവർ തീർച്ചയായും ദൈവമുമ്പാകെ ഉത്തരം ബോധിപ്പിക്കേണ്ടിവരും.

മർക്കോ. 16:15ലുള്ള കൽപനയെ മത്താ. 28:19,20ൽ ഉള്ളതുമായി ബന്ധിപ്പിച്ചു ദൈവത്തിന്റെ മുഴുലക്ഷ്യം എന്താണെന്ന് ഗ്രഹിക്കുവാൻ ഇനി നമുക്ക് പരിശ്രമിക്കാം. ആളുകളെ മാനസാന്തരത്തിലേക്കും വിശ്വാസത്തിലേക്കും നയിക്കുന്ന പ്രവർത്തനത്തിന്റെ ആദ്യഘട്ടം ജലസ്നാനത്തിലാണ് പരിപൂർത്തി പ്രാപിക്കുന്നത്. മർക്കോ. 16:16ൽ അതു കർത്താവ് വ്യക്തമാക്കിയിട്ടുമുണ്ട്. മാനസാന്തരപ്പെടാത്ത

ഒരു വ്യക്തിയുടെ തല പകുതി മാത്രം ക്ഷൗരം ചെയ്യുവാൻ ഒരാളെ ദൈവം വിളിക്കുന്നപക്ഷം മറ്റേ പകുതികൂടെ ചെയ്യുവാൻ മറ്റൊരാളെയും അവിടുന്ന് തീർച്ചയായും നിയോഗിക്കും. ആ സ്ഥിതിക്കു തങ്ങളുടെ ശുശ്രൂഷ മൂലം വിശ്വാസത്തിലായിത്തീർന്നവരെ ശിഷ്യത്വ ശുശ്രൂഷയ്ക്കെതിരായി വിലക്കുന്ന സുവിശേഷകന്മാരുടെ കഥ എത്ര വിചിത്രമാണ്? തങ്ങൾ മൂലം വിശ്വാസത്തിൽ വന്നവരെ ശിഷ്യന്മാരാകാതെ തടയുന്ന പ്രവൃത്തിക്ക് ഇവർ തീർച്ചയായും ദൈവമുമ്പാകെ ഉത്തരം ബോധിപ്പിക്കേണ്ടി വരും.

**ക്രിസ്ത്യാനികളിൽ ബഹുഭൂരിപക്ഷവും ഈ രണ്ടു കൽപനകളിൽ ആദ്യത്തേതായ സുവിശേഷീകരണം മാത്രം ചെയ്യുന്നു. ന്യൂനപക്ഷം മാത്രമേ രണ്ടാമത്തെ ഭാഗത്തുള്ള 'ശിഷ്യരാകുവീൻ' എന്ന കൽപന ശ്രദ്ധിക്കുന്നുള്ളു. എങ്കിലും രണ്ടാമത്തേതു കൂടാതെ ആദ്യഭാഗത്തുള്ള കൽപന അർത്ഥശൂന്യവും വിലയറ്റതുമായിത്തീരുന്നു. പകുതിഭാഗം വെട്ടിമാററപ്പെട്ട ഒരു മനുഷ്യശരീരം പോലെ വിലക്ഷണവും അപൂർണ്ണവുമാണത്. പക്ഷേ ഈ കാര്യം കാണുവാനുള്ള കണ്ണ് ആർക്കാണുള്ളത്?**

ബിഷപ്പന്മാരെയും മറ്റും കുപിതരാക്കുന്നതിനുള്ള മടികൊണ്ട് ജലസ്നാനം പ്രസംഗിക്കാത്ത സുവിശേഷകന്മാർ പെന്തെക്കൊസ്ത് ദിവസത്തിൽ പത്രൊസ് പ്രസംഗിച്ച വിധത്തിലല്ല സുവിശേഷം പ്രസംഗിക്കുന്നത് (അപ്പൊ. 2:38).

മാത്രമല്ല, മത്താ. 28:19ൽ സകല ജാതികളെയും ശിഷ്യരാക്കിക്കൊള്ളുവാൻ കർത്താവ് കൽപിച്ചിരിക്കുന്നു. കർത്താവിനെ പിന്തുടരുന്നതിൽനിന്നു തങ്ങളുടെ ബന്ധുജനങ്ങൾ വിശ്വാസികളെ തടയാതിരിക്കത്തക്കവണ്ണം സ്വജനങ്ങളോടുള്ള അനർഹമായ അടുപ്പത്തിൽനിന്നു അവരെ വേർപെടുത്തേണ്ടത് ഇതിലേക്കാവശ്യമാണ് (ലൂക്കൊ. 14:26). അതുപോലെ ഭൗതിക സമ്പത്തുകളുടെ ബന്ധനത്തിൽ നിന്നും അവർ മോചനം പ്രാപിക്കണം (വാ. 33). തങ്ങളുടെ ശേഷിച്ച ജീവിതകാലം മുഴുവൻ ക്രൂശെടുക്കുവാനും അവരെ ആഹ്വാനം ചെയ്യണം (വാ. 27). ഒരു ശിഷ്യനായിത്തീരുവാനുള്ള മൂന്നു സർവ്വപ്രധാനമായ വ്യവസ്ഥകൾ ഇവയാണ്.

മത്താ. 28:19ൽ ജലസ്നാനത്തിന്റെ ആവശ്യം വീണ്ടും ആവർത്തിച്ചു പറഞ്ഞിരിക്കുന്നു. രണ്ടു കൽപനകളിലും ജലസ്നാനത്തെപ്പറ്റി പറഞ്ഞിട്ടുണ്ടെങ്കിലും അതു പ്രസംഗിക്കുവാൻ ധൈര്യമുള്ള ഒരു സുവിശേഷകനെ ഇന്നു ദുർലഭമായേ കാണാൻ കഴിയൂ. കാരണം അവർ ദൈവത്തെക്കാളധികം മനുഷ്യരെ ഭയപ്പെടുകയും ദൈവത്തിന്റെ മുഴുവൻ ആലോചനയും പ്രസംഗിപ്പാനും അവിടുത്തെ ദൃഷ്ടിയിൽ വലിയവരാകുവാനും ധൈര്യപ്പെടാതെ എല്ലാ സഭകളെയും അനുരഞ്ജിപ്പിക്കുവാനും അങ്ങനെ മനുഷ്യരുടെ ദൃഷ്ടിയിൽ വലിയവരാകുവാനും ആഗ്രഹിക്കുന്നു.

യേശു കൽപിച്ചിട്ടുള്ള ഓരോ കൽപനയും **അനുസരിക്കുവാനും പ്രമാണിക്കുവാനും** ഈ ശിഷ്യന്മാരെ പഠിപ്പിക്കേണ്ടതിനെപ്പറ്റി മത്താ. 28:19,20ൽ കർത്താവു തുടർന്നു പ്രസ്താവിക്കുന്നു. യേശു കൽപിച്ചിട്ടുള്ള ചിലതു മത്താ. 5, 6, 7 എന്നീ അധ്യായങ്ങളിൽ കാണാം. എന്നാൽ വിശ്വാസികളിൽ ഭൂരിഭാഗവും ഇവ അനുസരിക്കുവാൻ കൂട്ടാക്കുന്നില്ല.

അതിനാൽ ഈ രണ്ടു കൽപനകളും ഒരുമിച്ചു നിറവേറ്റുക എന്നത്

എത്ര വലിയ ഒരു ഉദ്യമമാണെന്നു നാം കാണുന്നു. തീർത്ഥാടന കേന്ദ്രത്തിലെ ക്ഷുരകന്മാരെപ്പോലെ എല്ലായിടത്തുമുള്ള എല്ലാ ജനങ്ങളും തങ്ങൾ ചെയ്യേണ്ടതിന്റെ പകുതി മാത്രം ചെയ്ത് എളുപ്പവഴി പിന്തുടരുന്ന കാഴ്ചയാണ് ഇന്നു നാം സാധാരണയായി കാണുന്നത്.

ദൈവത്തിന്റെ മുഴുവൻ ആലോചനയും മനുഷ്യരെ അറിയിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുള്ളവരും യേശു കൽപിച്ചതൊക്കെയും (തങ്ങൾക്കു വെളിച്ചം ലഭിച്ചിടത്തോളം) പ്രമാണിക്കുവാൻ പൂർണ്ണഹൃദയത്തോടെ അനുസരണം കാണിക്കുന്നവരും തീക്ഷ്ണതയോടെ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയെ പണിയുവാൻ ആഗ്രഹിക്കുന്നവരുമായ വ്യക്തികളാണ് ഇന്നത്തെ ഏറ്റവും വലിയ ആവശ്യം.

തന്റെ ശിഷ്യന്മാരെ ഒരടയാളം കൊണ്ടു തിരിച്ചറിയാമെന്നു യേശു പറഞ്ഞിട്ടുണ്ട്. അവർക്കു തമ്മിൽ ത്തമ്മിലുള്ള സ്നേഹമാണത്. ഈ കാര്യം ഓർത്തു കൊള്ളുക. എണ്ണപ്പെരുപ്പം കൊണ്ടോ സമ്പൽ സമൃദ്ധികൊണ്ടോ അല്ല, തീക്ഷ്ണതയുള്ള പരസ്പരസ്നേഹം കൊണ്ടാണ് അവരെ തിരിച്ചറിയുന്നത്. സുവിശേഷം കേൾക്കുവാൻ ആയിരമായിരം ജനങ്ങളെ ആകർഷിക്കുന്നതും രോഗശാന്തി ശുശ്രൂഷയോടു കൂടി നടത്തപ്പെടുന്നതുമായ സുവിശേഷയോഗത്തിന്റെ തുടർച്ചയായി ഒരു പ്രാദേശിക സഭ ഉടലെടുക്കുകയും അവിടെ ശിഷ്യന്മാർ അന്യോന്യം സ്നേഹിച്ചു കൊണ്ടു ജീവിതം തുടരുകയുമാണു വേണ്ടത്. എന്നാൽ വർഷംതോറും വീണ്ടും വീണ്ടും രോഗശാന്തിയു

**ഇന്നു യേശുവിന്റെ ശരീരം എന്ന നിലയിൽ യേശുവിന്റെ ശുശ്രൂഷ തുടരുവാനുള്ള കടമ നമുക്കാണു ലഭിച്ചിട്ടുള്ളത്. സുവിശേഷകന്മാർ ജനത്തെ ഒരുമിച്ചു കൂട്ടിയ ശേഷം മാനസാന്തരം പ്രാപിക്കുന്നവരെ ശിഷ്യത്വത്തിലേക്കും അനുസരണ ജീവിതത്തിലേക്കും നയിക്കുക എന്നതാണു നമ്മുടെ കർത്തവ്യം. അപ്രകാരം ചെയ്തെങ്കിൽ മാത്രമേ യേശുവിന്റെ ശരീരമാകുന്ന സഭ പണിയപ്പെടുകയുള്ളു. കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ.**

ടെയും സുവിശേഷ പ്രസംഗത്തിന്റെയും ക്രൂസേഡുകൾ നടക്കുന്ന സ്ഥലങ്ങളിൽ വിശ്വാസികൾ അന്യോന്യം സ്നേഹിക്കുന്നതോ പോകട്ടെ, അന്യോന്യം വഴക്കിടാതെയും ദൂഷണം പറയാതെയും ജീവിക്കുന്ന ഒരൊറ്റ സഭപോലും ഇല്ലെന്നുള്ള ദുഃഖസത്യം അവശേഷിക്കുകയാണ്. പുതിയ വിശ്വാസികൾക്കു വിജയ ജീവിതം നയിക്കുവാൻ കഴിവുണ്ടാകുന്നില്ലെങ്കിൽ അതു നമുക്കു മനസ്സിലാക്കാം; എന്നാൽ നമ്മുടെ രാജ്യത്തെ സഭകളിലുള്ള മൂപ്പന്മാർ പോലും അന്യോന്യം വഴക്കടിക്കുകയും അപക്വമതികളായി ജീവിക്കുകയും ചെയ്യുന്നത് എത്ര ദയനീയമായ ഒരു കാഴ്ചയാണ്! മത്താ. 28:19,20ൽ ശിഷ്യത്വത്തിന്റെയും യേശുവിന്റെ കൽപനകളുടെ സമ്പൂർണ്ണ അനുസരണത്തെപ്പറ്റി നമുക്കു ലഭിച്ചിട്ടുള്ള കൽപന നാം

പൂർണ്ണമായി അവഗണിച്ചിരിക്കുന്നു എന്നതിന്റെ വ്യക്തമായ തെളിവാണിത്. മർക്കോ. 16:15,16ലുള്ള ആ കൽപന മാത്രം നാമനുസരിക്കുന്നു. അതും പലപ്പോഴും ജലസ്നാനം പ്രസംഗിക്കാതെ വിട്ടുകളയുകമൂലം ഭാഗികമായി മാത്രമേ അനുസരിക്കുന്നുള്ളു.

മർക്കോ. 16:15-20ൽ സുവിശേഷമറിയിക്കുന്നതിനും കർത്താവ് അത്ഭുതങ്ങളാലും അടയാളങ്ങളാലും ആ വചനത്തെ ഉറപ്പിക്കുന്നതിനുമാണ് ഊന്നൽ കൊടുത്തിട്ടുള്ളത്. എന്നാൽ മത്താ. 28:19,20ൽ ശിഷ്യത്വത്തിന്മേലാണ് ഊന്നൽ. യേശുവിന്റെ കൽപനകളുടെ സമ്പൂർണ്ണമായ അനുസരണത്തിലൂടെ ശിഷ്യത്വജീവിതം വെളിപ്പെടുത്തുന്നതിനെപ്പററി ആ ഭാഗത്തു പ്രസ്താവിച്ചിരിക്കുന്നു. ക്രിസ്ത്യാനികളിൽ ബഹുഭൂരിപക്ഷവും ഈ രണ്ടു കൽപനകളിൽ ആദ്യത്തേതിനെ മാത്രം അനുസരിക്കുന്നു. വളരെ ചെറിയ ന്യൂനപക്ഷം മാത്രമേ രണ്ടാമത്തെ ഭാഗത്തുള്ള കൽപന ശ്രദ്ധിക്കുന്നുള്ളു. എങ്കിലും രണ്ടാമത്തേതു കൂടാതെ ആദ്യഭാഗത്തുള്ള കൽപന അർത്ഥശൂന്യവും വിലയററതുമായിത്തീരുന്നു. പകുതിഭാഗം വെട്ടിമാററപ്പെട്ട ഒരു മനുഷ്യശരീരം പോലെ വിലക്ഷണവും അപൂർണ്ണവുമാണത്. പക്ഷേ ഈ കാര്യം കാണുവാനുള്ള കണ്ണ് ആർക്കാണുള്ളത്?

യേശുവിന്റെ പരസ്യശുശ്രൂഷയിൽ അവിടുത്തെ സുവിശേഷപ്രസംഗം, രോഗശാന്തിശുശ്രൂഷ എന്നിവ മുഖാന്തരം വലിയ ജനസമൂഹങ്ങൾ കർത്താവിനെ പിന്തുടർന്നതായി നാം വായിക്കുന്നു. യേശു ഉടൻതന്നെ തിരിഞ്ഞുനിന്നു ശിഷ്യത്വത്തെപ്പററി അവരോട് ഉപദേശിച്ചു (ലൂക്കൊ. 14:25,26). ഇന്നത്തെ സുവിശേഷകന്മാരും താന്താങ്ങൾ തനിയെയോ അപ്പൊസ്തലന്മാർ, പ്രവാചകന്മാർ, ഉപദേഷ്ടാക്കന്മാർ, ഇടയന്മാർ തുടങ്ങി തങ്ങളുടെ വേല മുഴുമിപ്പിക്കുവാൻ കഴിവുള്ളവരോടൊരുമിച്ചോ ഇപ്രകാരം ചെയ്യുവാൻ നാം പ്രാർത്ഥിക്കുക.

യേശു പുരുഷാരത്തോടു ശിഷ്യത്വത്തെപ്പററി ഉപദേശിച്ചപ്പോൾ ജനക്കൂട്ടം എണ്ണത്തിൽ കുറഞ്ഞ് ഒടുവിൽ പതിനൊന്നു ശിഷ്യന്മാർ മാത്രം ശേഷിച്ചു (യോഹ. 6:2നെ 6:70 മായി താരതമ്യപ്പെടുത്തുക). ഈ പതിനൊന്നുപേരൊഴിച്ചു ബാക്കിയുള്ള ജനക്കൂട്ടത്തിന് ആ ഉപദേശം 'കഠിനവാക്കായി'ത്തോന്നി; അവർ കർത്താവിനെ വിട്ടുപോയി (യോഹ. 6:60,66). എന്നാൽ ഈ പതിനൊന്നു ശിഷ്യന്മാരിലൂടെയാണു ലോകത്തിൽ തനിക്കു സാധിപ്പാനുണ്ടായിരുന്ന പ്രവർത്തനം ദൈവം സാധിച്ചത്. യേശു ആരംഭിച്ച ആ പ്രവർത്തനം അവരാണു തുടർന്നു മുമ്പോട്ടു നയിച്ചത്.

ഇന്നു യേശുവിന്റെ ശരീരം എന്ന നിലയിൽ യേശുവിന്റെ ശുശ്രൂഷ തുടരുവാനുള്ള കടമ നമുക്കാണു ലഭിച്ചിട്ടുള്ളത്. സുവിശേഷകന്മാർ ജനത്തെ ഒരുമിച്ചു കൂട്ടിയ ശേഷം മാനസാന്തരം പ്രാപിക്കുന്നവരെ ശിഷ്യത്വത്തിലേക്കും അനുസരണ ജീവിതത്തിലേക്കും നയിക്കുക എന്നതാണു നമ്മുടെ കർത്തവ്യം. അപ്രകാരം ചെയ്തെങ്കിൽ മാത്രമേ യേശുവിന്റെ ശരീരമാകുന്ന സഭ പണിയപ്പെടുകയുള്ളു. കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ. ■

അനുഭവം

ക്രിസ്തു ഉള്ളവനായ ക്രിസ്ത്യാനി

*(കഴിഞ്ഞ ലക്കം തുടർച്ച)*

# അവന്റെ നുകം മൃദു, അവന്റെ ചുമട് ലഘു

സാധു സുന്ദർസിംഗ്

**സൂര്യഗ്രഹണം**

സൂര്യനിൽ നിന്നു പ്രകാശം വലിച്ചെടുത്തു പരോക്ഷമായി ഭൂമിയിലേക്കു വെളിച്ചമയയ്ക്കുന്ന ചന്ദ്രനെപ്പോലെയാണു ക്രിസ്തുവിന്റെ ദാസന്മാർ. ചന്ദ്രൻ, സൂര്യനും ഭൂമിക്കു മദ്ധ്യേ വന്നു സൂര്യഗ്രഹണത്തിനു കാരണമാകുന്നു. അതുപോലെ അവന്റെ ദാസന്മാരിൽ ചിലരുടെ അയോഗ്യമായ ജീവിതം ദൈവത്തിനും ലോകത്തിനും ഇടയ്ക്കു വന്ന് അവന്റെ മുഖം മനുഷ്യനിൽ നിന്നു മറച്ചു കളയുന്നു.

**ആരാധനയും ജോലിയും – അവയുടെ വിധങ്ങൾ**

ഷിക്കാഗോയിൽ വച്ചു വേറൊരു വൈദികൻ എന്നോടു ചോദിച്ചു: 'അങ്ങയുടെ അഭിപ്രായത്തിൽ ആരാധനയുടെയും ജോലിയുടെയും ഏറ്റവും നല്ല സമ്പ്രദായമെന്താണ്?

ഞാൻ: 'ആരാധനയുടെ സമ്പ്രദായം എന്തായിരുന്നാലും ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുക എന്നുള്ളതാണു പ്രധാന സംഗതി. പൗരസ്ത്യ രാജ്യങ്ങളിൽ ജനങ്ങൾ ആരാധനാസ്ഥലത്തു പ്രവേശിക്കുമ്പോൾ അവരുടെ ചെരുപ്പഴിച്ചു മാറ്റുന്നു. പാശ്ചാത്യ രാജ്യങ്ങളിൽ ജനങ്ങൾ തൊപ്പി എടുത്തു മാറ്റുന്നു. എന്നാൽ ആത്മാവും സത്യവും ചെരുപ്പിനെയോ തൊപ്പിയെയോ കാലിനെയോ ആശ്രയിച്ചല്ലിരിക്കുന്നത്; അവ ഹൃദയത്തെ ആശ്രയിച്ചാണിരിക്കുന്നത്. ജോലിയെപ്പറ്റിയാണെങ്കിൽ അതു മനുഷ്യന്റെ സ്വന്തം നിർണ്ണയത്തിനു വിട്ടുകൊടുക്കാതെ ദൈവനിയോഗാനുസരണം ചെയ്യുന്ന സമ്പ്രദായമാണേറ്റവും നല്ലത്.

**ദൈവത്തിനു നാം നൽകുന്ന അംഗീകരണം**

ദൈവത്തെ അറിയണമെന്നുണ്ടെങ്കിൽ, പാപത്താൽ മൃതമായിപ്പോയ നമ്മുടെ ആത്മീയ ശക്തിയും ഉൾതോന്നലുകളും ഒരു പുതിയ ജീവിതത്തിലേക്ക് ഉത്തേജിപ്പിക്കപ്പെടണം. വല്ലാത്ത തണുപ്പുള്ള ഒരു ദിവസം അന്ധനായ ഒരു മനുഷ്യൻ തന്റെ ബ്രെയിൽ ബൈബിൾ വായിക്കുവാൻ ശ്രമിക്കുകയായിരുന്നു. (ബ്രെയിൽ=അന്ധമാരെ വായന പഠിപ്പിക്കുവാൻ ഉപയോഗിക്കുന്ന എഴുന്നു നിൽക്കുന്ന ഒരു മാതിരി അച്ചടി. ഈ ലിപികളിൽ വിരലുകൊണ്ടു തപ്പിത്തപ്പിയാണവർ വായിക്കുന്നത്. ഈ സമ്പ്രദായം ലൂയി ബ്രെയിലാണു കണ്ടു പിടിച്ചത്). അയാളുടെ വിരൽത്തുമ്പുകൾ തണുത്തു മര

വിച്ചു പോയതിനാൽ ഒരൊറ്റയക്ഷരം പോലും തപ്പി വായിക്കുവാൻ അയാൾക്കു കഴിഞ്ഞില്ല. അയാൾ വിരലുകൾ തീയുടെ അടുക്കൽ പിടിച്ചു തിരുമ്മി. മെല്ലെ വിരലുകളിൽ കൂടെ രക്തമോടിത്തുടങ്ങുകയാൽ അയാൾക്കു വായിക്കുവാൻ സാധിച്ചു. പ്രാർഥനയും ധ്യനാവും മൂലം ദൈവത്തിന്റെ പരിശുദ്ധാത്മാവാകുന്ന അഗ്നി നമ്മുടെ ഉൾബോധ്യങ്ങളെ ഉത്തേജിപ്പിക്കുന്നു. തന്മൂലം നമുക്കു ദൈവത്തെ സ്പർശിച്ചറിയുവാനും അവന്റെ സാന്നിദ്ധ്യം ആസ്വദിക്കുവാനും സാധിക്കുന്നു.

**ഇടനിലയില്ലാത്ത (മധ്യസ്ഥനില്ലാത്ത) വെളിപ്പാട്**

നാം പുതുതായി ജനിച്ചു ദൈവമക്കളായി തീരുമ്പോൾ ദൈവാത്മാവു യാതൊരു ഭാഷയുടെയും സഹായം കൂടാതെ ആത്മീയ സത്യം നമ്മെ പഠിപ്പിക്കുകയും നമ്മെ വെളിപ്പെടുത്തിത്തരികയും ചെയ്യുന്നു. നാം ആത്മാവിൽ ജീവിക്കുമ്പോൾ ആത്മാവിന്റെ ഭാഷ നമ്മുടെ മാതൃഭാഷയായിത്തീരും. ഒരു കുട്ടി അതിന്റെ മാതൃഭാഷ എത്ര സുഗമമായി മനസ്സിലാക്കുന്നുവോ അത്രയും സുഗമമായി ആത്മാവിന്റെ ഭാഷ അപ്പോൾ നാം മനസ്സിലാക്കുന്നു. ലൗകിക ഭാഷയുടെ പദങ്ങൾ ഉപയോഗിച്ചു നമ്മുടെ ആശയങ്ങൾ നാം പ്രകടിപ്പിക്കുന്നു. ആത്മീയ മനുഷ്യന് ആത്മീയ സത്യങ്ങൾ യാതൊരു ഭാഷയിലെയും പദങ്ങൾ കൂടാതെ തന്നെ മനസ്സിലാക്കാം. ഒരു ഉദാഹരണം പറയട്ടെ. ഇംഗ്ലീഷ് മാതൃഭാഷയായിട്ടുള്ള ഒരു കുട്ടിയെ ദൈവം എന്നുള്ളതിന്റെ പദം സംസ്കൃതത്തിൽ പഠിപ്പിക്കയാണെങ്കിൽ, ഈശ്വരൻ എന്നതിന്റെ അർഥം ദൈവം എന്നാണെന്നു നാം അവനോടു പറയണം. അതിനു മുമ്പു തന്നെ ദൈവമെന്ന പദത്തിന്റെ അർഥം പദങ്ങളുടെ മാധ്യമം കൂടാതെ ആ കുട്ടിയുടെ മനസ്സിലുദിച്ചിട്ടുണ്ട്. ഈ ആശയം ആ കുട്ടിയുടെ മനസ്സിൽ എവിടെ നിന്നു വന്നു? അന്ധയും ബധിരയുമായ ഹെലൻ കെല്ലർ എന്ന മഹതി പറയുന്നത്: ഭാഷയിൽക്കൂടെ ദൈവം എന്ന പദം അറിയുന്നതിനു മുൻപു തന്നെ ദൈവത്തെപ്പറ്റി അവർക്ക് അറിയാമായിരുന്നുവെന്നാണ്. പെട്ടന്നല്ല ഈ അറിവ് അവർക്ക് വെളിപ്പെട്ടതെങ്കിൽ, പിന്നെ അതെവിടെ നിന്നു വന്നു?

**അന്ധകാരത്തിൽ കിടക്കുന്ന വിത്തുകൾ**

ഒരു മനുഷ്യൻ വീണ്ടും ജനിച്ചു ദൈവത്തിന്റെ മകനായാലുടനെ അവന്റെ ജീവിതവും പെരുമാറ്റവും മുമ്പത്തേതിൽ നിന്നു വ്യത്യസ്തമായുന്നു. ലോകം ഉടനെ അവനെ ഒരു വിചിത്ര ജീവിയായും മടയനുമെന്നും ഗണിച്ച് അവനെ എതിർക്കുവാനും പീഡിപ്പിക്കുവാനും തുടങ്ങും (യോഹ. 15:19; 2 തിമൊ. 3:12). ലോകത്തിന്റെ ഈ എതിർപ്പിനു പുറമേ അവൻ മറ്റു പല ഉപദ്രവങ്ങളിൽക്കൂടിയും കടന്നു പോകേണ്ടി വരും (അപ്പൊ. പ്ര. 14:22; 2 കൊരി. 12:7–10). കഷ്ടതകളിൽക്കൂടെ അവൻ പൂർണത പ്രാപിക്കണമെന്നുള്ളതു ദൈവഹിതമാണ്. നമുക്കു നന്മ വരുത്തുവാൻ ഉദ്ദേശിക്കപ്പെട്ടവയല്ലായിരുന്നെങ്കിൽ ഈ ശല്യങ്ങളും പോരാട്ടങ്ങളും ദൈവം നമ്മുടെ ജീവിതത്തിൽ നിന്നകറ്റി നിർത്തിയേനെ. കൃപയിലുള്ള നമ്മുടെ വളർച്ചയ്ക്കു അവ ആവശ്യം വേണ്ടതാണ്. നാം പ്രതിബന്ധങ്ങളുമായി പോരാടണമെന്നാണു ദൈവം നിശ്ചയിച്ചിരിക്കുന്നത്. നമ്മുടെ നന്മയ്ക്ക് അവശ്യഘട

കമായ സങ്കടങ്ങളിൽ നിന്നും ക്ലേശാനുഭവങ്ങളിൽ നിന്നും നാം വിമുക്തരാകേണ്ട എന്നാണു ദൈവഹിതമെങ്കിൽ അവയിൽ നിന്നെല്ലാം വിമുക്തരാകണമെന്നു നാം എന്തിനാണ് ആഗ്രഹിക്കുന്നത്? മണ്ണിൽ വിതച്ച ഒരു കോതമ്പു മണിയെ നോക്കൂ! അന്ധകാരത്തിൽ കിടന്നു ദിനംപ്രതി അതു പോരാടുകയും ഒടുവിൽ നാമ്പിലകൾ മണ്ണിനു മുകളിലെത്തി വെളിച്ചത്തിലേക്കും ചൂടിലേക്കും അതു തല നീട്ടുകയും ചെയ്യുന്നു. അതു വളർന്നു ഫലം കായ്ക്കുന്നു. മനുഷ്യന്റെ ജീവിതവും അതുപോലെ തന്നെയാണ്.

**മരണവും ജീവിതവും**

ലോകത്തിൽ ചില സ്ഥലങ്ങളിൽ രാത്രി കാലത്തിന് ഏതാനും മണിക്കൂറുകൾ മാത്രമേ ദൈർഘ്യമുള്ളു. മറ്റു ചില സ്ഥലങ്ങളിൽ രാത്രികാലം, മാസങ്ങളോളം നീണ്ടു നിൽക്കുന്നു. അതുപോലെ നമ്മുടെ എല്ലാവരുടെയും ജീവിതത്തിൽ സുഖ ഘട്ടങ്ങളും ദുഃഖ ഘട്ടങ്ങളും കാണാം. നാമെല്ലാവരും മരണ നിഴലിൻ താഴ്‌വരയിലൂടെ' കടന്നുപോയേ മതിയാകൂ. തങ്ങളുടെ ജീവിതത്തിൽ ക്രൂശു വഹിക്കുന്നവർക്കു 'മരിക്കുന്നവരെങ്കിലും ഇതാ ഞങ്ങൾ ജീവിക്കുന്നു' (2 കൊരി. 6:9) എന്നു സത്യസന്ധമായി പറയുവാൻ കഴിയും. മഞ്ഞുകാലത്ത് ഇലകൊഴിഞ്ഞു മൃതപ്രായമെന്നു തോന്നിക്കുന്ന വൃക്ഷങ്ങൾ, വസന്തകാലം വരുമ്പോൾ പുതുജീവനാൽ ഉത്തേജിക്കപ്പെട്ടു സമൃദ്ധിയായി ഇലകളെ ഉല്പാദിക്കുന്നു. അതുപോലെ പീഡനകാലത്തു ക്രിസ്ത്യാനികൾ മരണം വരിക്കുവാൻപോലും സന്നദ്ധരാകുന്നുവെങ്കിലും അവരുടെ ജീവൻ വീണ്ടും വീണ്ടും തളിർത്തു വരുന്നു. ഉഷ്ണമേഖലയിലെ ചൂടുള്ള ജലരാശിയിൽ നിന്നുത്ഭൂതമാകുന്ന 'ഗൾഫ്സ്ട്രീം' എന്ന ഉഷ്ണജല പ്രവാഹം യൂറോപ്പിന്റെ സമുദ്ര തീര പ്രദേശങ്ങളെ അതികഠിനമായ മഞ്ഞുകാല ശൈത്യത്തിൽ നിന്നു രക്ഷപെടുത്തുന്നതുപോലെ സത്യക്രിസ്ത്യാനികളുടെ ജീവിതത്തിൽക്കൂടെ പ്രവഹിക്കുന്ന ദൈവാത്മാവ് അവരെ ആത്മീയാരോഗ്യത്തിന്റെയും സൗഭാഗ്യത്തിന്റെയും ഉജ്ജ്വല ദീപ്തിയിൽ കാത്തു രക്ഷിക്കുന്നു (കരീബിയൻ കടലിൽ നിന്നു മെക്സിക്കോ ഉൾക്കടലിലേക്കൊഴുകി അവിടെ നിന്ന്, അമേരിക്കയുടെ കിഴക്കേ തീരത്തോടടുത്തുപിടിച്ചു വടക്കു കിഴക്കായും പിന്നീട് ഏതാണ്ടു കിഴക്കോട്ടും ഒഴുകുന്ന ഈ ഉഷ്ണജല പ്രാവഹത്തിന്റെ ഒരു ഭാഗം നോർവേയുടെ തീരംവരെ എത്തിച്ചേരുന്നു).

**ദുഃഖത്തിൽ സന്തോഷം**

ക്രിസ്തുവിൽ ജീവിക്കുന്ന സത്യക്രിസ്ത്യാനികളെ, ലോകത്തിന്റെ പിഡനങ്ങളിൽ നിന്നുത്ഭൂതമാകുന്ന ക്ലേശം കീഴോട്ടു പിടിച്ചിരുത്തുമെങ്കിലും ഈ ദുഃഖം അവരെ തകർത്തുകളവാൻ പോന്നതല്ല. ഈ ക്ലേശത്തിന്റെ മധ്യത്തിലും ജീവിക്കുന്നവനായ ക്രിസ്തു തങ്ങളുടെ കൂടെയുണ്ടെന്നുള്ള ഉൾബോധത്താൽ അവരുടെ ദുഃഖം സന്തോഷമായിത്തീരും (യോഹ. 16:20). ദുഖം സഹിച്ചുവെന്നതുകൊണ്ടോ, ദുഃഖഘട്ടം കഴിഞ്ഞാൽ, സന്തോഷം വരണമെന്ന് ഇതിനാൽ അർഥമാക്കരുത്. ലൗകിക ജ്ഞാനം കൊണ്ടു നോക്കിക്കാണാവുന്നതിനേക്കാൾ ആഴമായ ഒരു സത്യം ഇവിടെയുണ്ട്. ദുഃഖത്തിന്റെ മധ്യത്തിൽപോലും അത്ഭുതകരമായ ഒരു സന്തോഷമുളവാകുന്നു. സന്തോഷമുണ്ടാകണമെങ്കിൽ ഇന്നതിന്ന

തെല്ലാം എടുത്തു കളയപ്പെട്ടാലും, അത്ഭുതകരമായ ഈ സന്തോഷാനുഭവം ആർക്കും എടുത്തു കളയാൻ സാധ്യമല്ല. അവന്റെ നുകം അനായാസവും, അവൻ നൽകുന്ന ഭാരം ലഘുവുമാണെന്ന് ഒന്നോ രണ്ടോ പേരല്ല, അനേക ലക്ഷം രക്തസാക്ഷികൾ തങ്ങളുടെ ജീവിതംകൊണ്ടു തെളിയിക്കുകയും അതിശകരമായ വിധം സാക്ഷീകരിക്കുകയും ചെയ്തിട്ടുണ്ട്. നുകം യഥാർഥത്തിൽ കഴുത്തിനു മേലുള്ളപ്പോഴാണ് ശരിയായ സമാധാനം ലഭിക്കുന്നത്; അല്ലാതെ അതെടുത്തു കളയുമ്പോളല്ല. എന്നാൽ സാമാന്യ ലോകത്തിന് ഇങ്ങനെയൊരനുഭവമില്ല; സാമാന്യ ലോകം അതൊട്ടു വിശ്വസിക്കുകയുമില്ല.

**യഥാർത്ഥ സന്തോഷവും അയഥാർഥമായ സന്തോഷവും**

ക്ലേശങ്ങൾ മാറുന്നതിനു മാത്രമല്ല, നൈമിഷികമായ ആമോദവും സന്തോഷവും ലഭിക്കുന്നതിനു വേണ്ടിയും മനുഷ്യർ ബുദ്ധിശൂന്യമായി ലഹരി പദാർഥങ്ങൾ ഉപയോഗിക്കുന്നതുമൂലം താൽക്കാലികമായ എന്തോ സന്തോഷം ലഭിക്കുമെങ്കിലും, എല്ലാറ്റിനെയും സൃഷ്ടിച്ചവനായ കർത്താവിൽ കണ്ടെത്താവുന്ന സന്തോഷം താൽക്കാലിക സന്തോഷത്തെ അധികരിക്കുന്നതാണെന്നും ആ സന്തോഷം സ്ഥിരമായതാണെന്നും മനസ്സിലാക്കുവാനുള്ള വിവേചനാ ബുദ്ധി മനുഷ്യർക്കില്ല. ദൈവസാന്നിദ്ധ്യത്തിന്റെ പൂർണ സൗഭാഗ്യം മനുഷ്യർ ഒരിക്കൽ രുചിച്ചറിഞ്ഞാൽ പിന്നീടു ക്ഷണികമായ കൃത്രിമ സന്തോഷങ്ങൾ തേടി അവർ സമയം മിനക്കെടുത്തുകയില്ല.

**മാനസാന്തരപ്പെട്ട മദ്യപൻ**

ലോകത്തിന്റെ ബുദ്ധി ശൂന്യതയും ക്രിസ്തു സാന്നിദ്ധ്യത്തിന്റെ യാഥാർഥ്യവും താഴെപ്പറയുന്ന സംഭവങ്ങളിൽ നിന്നു കാണാം. മോട്ടിലാൽ എന്നൊരാൾ മദ്യപാനം കൊണ്ടു ലഹരി പിടിച്ചു കഴിഞ്ഞാൽപിന്നെ എല്ലാത്തരം വിഡ്ഢിത്തങ്ങളും കാണിക്കുകയും അധമപ്രവൃത്തികൾ ചെയ്യുകയും പതിവായിരുന്നു. അയൽക്കാരിൽ ചിലർ അവന്റെ വീരസ്യങ്ങൾ കണ്ടു സന്തോഷിക്കുകയും അവനെ എരിവു കയറ്റുകയും ചെയ്യുമായിരുന്നു. ക്രിസ്ത്യാനികളുമായി ഒരു വിധത്തിലും കൂടിക്കഴിയാൻ ആഗ്രഹിക്കാത്തവനാണെങ്കിലും അയാളൊരിക്കൽ ഒരു ദൈവദാസന്റെ കൂടെ താമസിക്കാനിടയായി. ആ സ്നേഹിതന്റെ ജീവിതത്തിൽ കാണപ്പെട്ട യഥാർഥ സന്തോഷം മോട്ടിലാലിനെ സ്വാധീനിക്കുകയും അയാളുടെ ജീവിതം പരിപൂർണമായി വ്യത്യാസപ്പെടുത്തുകയും ചെയ്തു. അവൻ ആകെപ്പാടെ ആളു മാറിപ്പോയെന്ന് അവന്റ ബന്ധുക്കളും സ്നേഹിതന്മാരും കണ്ടപ്പോൾ അവർ കോപിഷ്ഠരായി അവനെ പീഡിപ്പിക്കുവാൻ തുടങ്ങി. 'അവനിപ്പോൾ തന്നെത്താൻ അശുദ്ധമാക്കിയിരിക്കുന്നു: അവൻ മതമെല്ലാം വിട്ടുകളഞ്ഞു' എന്നായിരുന്നു അവരുടെ പരാതി. അവൻ മറുപടി പറഞ്ഞു. 'നിങ്ങൾ പറയുന്നതു കേട്ടിട്ടു ഞാൻ അത്ഭുതപ്പെടുന്നു. ഞാൻ കുടിയനും സ്വയം അശുദ്ധനുമായിരുന്നപ്പോൾ നിങ്ങളെന്നെ എതിർത്തില്ല. ഇപ്പോൾ ഞാനെന്റെ അശുദ്ധ ജീവിതത്തെപ്പറ്റി പശ്ചാത്തപിക്കുകയും ക്രിസ്തുവിനാൽ രക്ഷിക്കപ്പെടുകയും ചെയ്തപ്പോൾ നിങ്ങൾ പറയുന്നു ഞാൻ സ്വയം അശുദ്ധമാക്കിയെന്ന്.'

അവരെന്തെല്ലാം പറഞ്ഞിട്ടും മോട്ടിലാൽ ക്രിസ്തുവിലുള്ള തന്റെ

വിശ്വാസം പരിത്യജിക്കായ്കയാൽ അവരവനെ ജാതിഭ്രഷ്ടനാക്കി വീട്ടിൽ നിന്നോടിച്ചു കളഞ്ഞു. അവൻ പരാതി ഒന്നും പറഞ്ഞില്ല; ഒട്ടു വിലപിച്ചുമില്ല. ഹൃദയ സന്തോഷത്തോടെ അവൻ ദൈവത്തെ സ്തുതിക്കുകയും സഹോദരങ്ങൾക്കുവേണ്ടി ദൈവത്തോടു പ്രാർഥിക്കുകയും ചെയ്തു. അവൻ നദിക്കക്കരെ വേറൊരു പട്ടണത്തിലേക്കു പോയി. അവനക്കരെ കടന്ന സ്ഥലത്തു നദി വളരെ വീതി കൂടിയതായിരുന്നു. കടത്തു വള്ളം കഷ്ടിച്ചു നദീ മധ്യത്തിലായപ്പോൾ ഒരു കൊടുങ്കാറ്റടിച്ചു വള്ളം മറിഞ്ഞു പോയി. അനേകം യാത്രക്കാർ മുങ്ങി മരിച്ചു. മോട്ടിലാൽ നീന്തി ഒരു പ്രകാരത്തിൽ മറുകര പറ്റി. ഉള്ളതെല്ലാം വീട്ടിലിട്ടേച്ചു പോന്നു; കൈയിലുണ്ടായിരുന്നതിൽ ഒരു ഭാഗം വെള്ളത്തിലും പോയി. ബാക്കി അയാളുടെ കൈയിൽ വളരെ കുറച്ചു രൂപാ മാത്രമാണ് അവശേഷിച്ചത്. അയാൾ മറുകര പറ്റിയതിനടുത്തുള്ള ഒരു കാട്ടിൽ വച്ചു അവശേഷിച്ച പണവും കൊള്ളക്കാർ തട്ടിപ്പറിച്ചു. വീടും കൂടും പണവും സ്നേഹിതരുമില്ലാത്ത അയാൾ നിസ്സഹായനായി തീർന്നു. ജീവിക്കുന്നവനായ ക്രിസ്തുവിനെപ്പറ്റിയുള്ള അനുഭൂതിയില്ലായിരുന്നുവെങ്കിൽ അയാൾ തകർന്നു തരിപ്പണമായേനെ. പുറമെ നോക്കിയാൽ എല്ലാം തന്നെ നഷ്ടപ്പെട്ടു. എന്നാൽ ആർക്കും ഒരുനാളും എടുത്തു കളവാൻ സാധിക്കാത്ത ജീവനുള്ള ദൈവത്തിന്റെ സാന്നിദ്ധ്യവും സമാധാനവും അയാൾക്കനുഭവവേദ്യമായി. തന്റെ കഥയെല്ലാം മോട്ടിലാൽ കൊള്ളക്കാരോടു പറഞ്ഞപ്പോൾ അവരുടെ മനസ്സ് കരുണാർദ്രമായി. പൂർണ സന്തോഷത്തോടും മനസ്സമാധാനത്തോടുംകൂടി അയാൾ കണ്ണുനീരോടെ കൊള്ളക്കാരോടു പറഞ്ഞതിപ്രകാരമാണ്; 'എന്നിൽ നിന്നെല്ലാം എടുക്കപ്പെട്ടു. എന്നാൽ എനിക്കു ക്രിസ്തുവിലുള്ള യഥാർഥ നിക്ഷേപം ആർക്കുമെടുക്കാൻ സാധ്യമല്ല...' കൊള്ളക്കാർ ഇതു കേട്ടപ്പോൾ മോട്ടിലാലിന്റെ പണം തിരിച്ചു കൊടുത്ത് അയാളെ സ്വതന്ത്രനാക്കി. അയാൾ അടുത്ത പട്ടണത്തിൽ ചെന്ന് അവിടെ ജോലി ചെയ്തു ജീവിക്കുകയും ക്രിസ്തുവിനെ സാക്ഷീകരിക്കുകയും ചെയ്തു.

**സൗരഭ്യം പരത്തുന്ന ക്രിസ്ത്യാനി**

തന്റെ സമയത്തിന്റെ നല്ലൊരു ഭാഗം കർതൃസേവനത്തിനുവേണ്ടി വിനിയോഗിച്ച ഒരു ക്രിസ്ത്യാനി സ്ത്രീ രോഗിണിയായി പതിനെട്ടു വർഷക്കാലം ദീനക്കിടക്കയിലായിരുന്നു. അവൾ ഭാരമേറിയ കുരിശു വഹിക്കുന്നതിനാൽ അവളോടു സഹാനുഭൂതിയുണ്ടായിരുന്ന പ്രിയ മിത്രങ്ങൾ സ്നേഹത്തോടും ക്ഷമയോടും കൂടി അവളെ പരിചരിച്ചു പോന്നു. കർത്താവിന്റെ വേല ചെയ്യുന്നതിനു തനിക്കവസരം ലഭിക്കുന്നില്ലല്ലോ എന്നുള്ളതായിരുന്നു അവളുടെ ഏറ്റവും വലിയ ഖേദം. തനിക്കു ദേഹസുഖമുണ്ടായിരുന്നെങ്കിൽ എന്തെല്ലാമെന്തെല്ലാം ചെയ്യാമായിരുന്നു! ഇപ്പോഴിതാ താൻ മറ്റുള്ളവർക്കൊരു ഭാരമായിത്തീർന്നല്ലോ... എന്നൊക്കെയായിരുന്നു അവളുടെ ചിന്താഗതി. അവളുടെ ജീവിത രീതിയും പ്രാർഥനയും ശരീര സുഖമുണ്ടായിരുന്നെങ്കിൽ അവൾക്കു സാധിക്കാമായിരുന്നതിനേക്കാൾ കൂടുതലായി മറ്റുള്ളവരെ സ്വാധീനിച്ചു കൊണ്ടാണിരുന്നതെന്ന കാര്യം അവൾ അറിഞ്ഞിരുന്നില്ല. സുന്ദരവും സൗഗന്ധികവുമായ ഒരു മനോഹര കുസുമം പോലെ

പ്രായേണ എല്ലാ ജനപദങ്ങളിലും ജനസമുദായങ്ങളിലും ക്രിസ്തുവോടു കൂടി ജീവിക്കുന്ന പുരുഷന്മാരും സ്ത്രീകളുമുണ്ട്. അവനിൽ നിന്നു ലഭിക്കുന്ന അനുഗ്രഹങ്ങൾ മൂലം അവരുടെ ജീവിതം ഫലസമൃദ്ധമായിത്തീരുന്നു. അവന്റെ ജീവദായകമായ സാന്നിദ്ധ്യമുണ്ടെന്നറിയുന്നത് എന്തൊരു സാന്ത്വനമാണ്. 'ഇതാ, എപ്പോഴും ഞാൻ നിങ്ങളുടെ കൂടെയുണ്ട്.' എന്ന ക്രിസ്തുവിന്റെ അനർഘ വാഗ്ദാനത്തിന്റെ യാഥാർഥ്യം അനുഭവിക്കുന്നത് എത്ര ആശ്വാസപ്രദമാണ്!

യാണവൾ ദീനക്കിടക്കയിൽ കിടന്നത്. അവളെ സന്ദർശിക്കുന്നതിനും ആശ്വസിപ്പിക്കുന്നതിനും വന്നവർ അവളിൽ നിന്നാശ്വാസം നേടുകയാൽ, അവളുടെ സുഗന്ധ ജീവിതത്തിൽ നിന്നു സൗരഭ്യം സ്വായത്തമാക്കുകയാണു ചെയ്യുന്നത്.

**ഒരു നിരീശ്വരവാദി**

സമാധാനത്തോടും സന്തോഷത്തോടും കൂടിയുള്ള ഈ സ്ത്രീയുടെ ഏറെ വർഷങ്ങളായുള്ള കിടപ്പ്, ക്രിസ്ത്യാനിത്വത്തിന്റെ യാഥാർഥ്യം നിഷേധിച്ചിരുന്ന ഒരാളുടെ ജീവിതത്തിൽ നിശ്ശബ്ദമായ സ്വാധീനം ചെലുത്തി തുടങ്ങി. സവിശേഷ ഗുണമില്ലാത്ത വെറും വിശ്വാസത്തിനും സങ്കല്പത്തിനും ഈ ദീർഘ കാലമത്രയും അവൾക്കു സമാധാനം നൽകുവാൻ സാധിക്കയില്ലെന്നും അവളുടെ ജിവിതത്തിൽ ആഴമായ എന്തോ യാഥാർഥ്യമുണ്ടെന്നും അയാൾക്കു ബോധ്യമായി. പുതിയ ഉത്സാഹത്തോടെ അയാൾ വീണ്ടും സുവിശേഷങ്ങളും ക്രിസ്തുവിന്റെ ജീവിതവും പഠിച്ചു തുടങ്ങി. അവയുടെ സത്യാവസ്ഥയെപ്പറ്റി അയാൾക്ക് ഏറെ താമസിയാതെ ഉത്തമ ബോധ്യമുണ്ടായി. അയാൾ ആ സ്ത്രീയുടെ അടുക്കൽ ചെന്നു പറഞ്ഞു: 'നിങ്ങളുടെ ജീവിതം ഞാൻ കാണാതിരുന്നെങ്കിൽ, നമ്മുടെ ജീവിക്കുന്ന കർത്താവിന്റെ രക്ഷണ്യ ശക്തിയെയും ക്രിസ്തുമതത്തിന്റെ സത്യാവസ്ഥയെയും പറ്റി എനിക്കൊരിക്കലും വിശ്വാസമുണ്ടാകയില്ലായിരുന്നു. സുന്ദരമായ സുവിശേഷ പ്രസംഗങ്ങളും വേദപണ്ഡിതന്മാരുടെ വാദഗതികളും എന്നെ ഇളക്കുവാൻ മതിയായവയല്ല. ഒരു അതിശയംപോലെ അത്ഭുതകരമായ നിങ്ങളുടെ ക്രിസ്തീയ ജീവിതം എല്ലാ യുക്തികളേക്കാളും പ്രബലതരമായിട്ടാണു ഞാൻ കാണുന്നത്. ക്രിസ്തീയ ജീവിതത്തിന്റെ മുമ്പിൽ എന്റെ തത്വവാദങ്ങൾക്കു നില നിൽക്കുവാൻ കഴിയുന്നില്ല. നിങ്ങൾ ആരോഗ്യവതിയായിരുന്നുവെങ്കിൽ കുറെക്കൂടിയൊക്കെ ചെയ്യാമായിരുന്നുവെന്നു നിങ്ങൾ ചിന്തിക്കുന്നതു ശരിയല്ല. അതു ശരിയാണെങ്കിൽ ദൈവം നിങ്ങൾക്കു നല്ല ആരോഗ്യം തരുമായിരുന്നു. വേറൊരു വിധത്തിലും നിർവഹിക്കുവാൻ സാധ്യമല്ലാത്ത ഒരു സേവനമാണു നിങ്ങൾ ചെയ്യുന്നത്. ഇതൊരു ദീനമാണെന്നു വിചാരിക്കരുത്. മറ്റുള്ളവരെക്കാൾ നന്നായി നിങ്ങൾക്കനുഭൂതമാകുന്ന ഒരു സേവനോപാധിയാണിത്; ഇതൊരു മരണക്കിടക്കയല്ല, പിന്നെയോ ക്രിസ്തുവിലുള്ള നിത്യ


ജീവന്റെ വെളിപ്പെടുത്തലാണ്.'

ആ സ്ത്രീ ഇതു കേട്ടപ്പോൾ തന്റെ ദീനവും ലാസറിന്റെ മരണംപോലെ ദൈവത്തെ മഹത്വപ്പെടുത്തുന്നതിനുള്ളതാണെന്നതിന് ഒരു പുതിയ തെളിവായി. അവൾക്കിതുവരെയുണ്ടായിരുന്ന അത്ഭുതകരമായ ആനന്ദം ഇതോടെ വർധിതമായി. അങ്ങനെ അവളുടെ ഭാരമേറിയ കുരിശ് അവൾക്കും മറ്റുള്ളവർക്കും ഒരനുഗ്രഹമായി പരിണമിച്ചു.

**അർമീനിയയിലെ കൂട്ടക്കൊല**

അർമീനിയക്കാരനായ ഒരു വൈദികനിൽ നിന്ന് ഏതാനും ആഴ്ചകൾക്കു മുമ്പ് എനിക്കൊരു എഴുത്തു കിട്ടി. കുറെ വർഷങ്ങൾക്കു മുമ്പു അർമീനിയക്കാരെ കൂട്ടക്കൊല ചെയ്ത കാലത്ത് അദ്ദേഹം അർമീനിയായിലുണ്ടായിരുന്നു. അദ്ദേഹം എഴുതിയത് ഇങ്ങനെയാണ്: അനേകായിരം സത്യക്രിസ്ത്യാനികളെ എന്റെ മുമ്പിൽ വച്ചു കൂട്ടക്കൊല നടത്തി. അപായകരമായി മുറിവേറ്റ എന്നെ മരിച്ചുപോയെന്നു കരുതി പുറകിൽ തള്ളിയതാണ്. ഈ കൂട്ടക്കൊല ഭയങ്കരവും ഹൃദയഭേദകവുമായ ഒരു കാഴ്ചയായിരുന്നെങ്കിലും വലിയ സന്തോഷവും അതിലിടകലർന്നിരുന്നു. പുരുഷന്മാരെയും സ്ത്രീകളെയും പ്രായം ചെന്നവരെയും ചെറുപ്പക്കാരെയും അശേഷം ദയവില്ലാതെ അളവറ്റ ക്രൂരതയോടെ കൊന്നൊടുക്കിയെങ്കിലും ജീവിക്കുന്നവനായ ക്രിസ്തുവിന്റെ ശക്തി എല്ലാവരിലും പ്രകടമായിരുന്നു. കൊലയാളികൾ പോലും അതു കണ്ട് അത്ഭുതപ്പെട്ടു പോയി. ഞങ്ങളുടെ അപ്പോളപ്പോളത്തെ ആവശ്യമനുസരിച്ചു ഞങ്ങൾക്കും ബലം കിട്ടി. ഞങ്ങളിൽ ചിലർ ക്രിസ്തുവിനെയും മാലാഖമാരെയും വളരെ വ്യക്തമായി കണ്ടു. കർത്താവിന്റെ സംരക്ഷണയിലേക്കു സന്തോഷത്തോടെ രക്തസാക്ഷികൾ അവരുടെ ജീവൻ ഏല്പിച്ചു കൊടുത്തു. യഥാർഥത്തിൽ അതു കൂട്ടക്കൊലയുടെ ദിവസമല്ലായിരുന്നു; പിന്നെയോ ഒരു വിവാഹ ദിനമായിരുന്നു. അസംഖ്യം രക്തസാക്ഷികളുടെ കൂടെ എന്നെയും എടുത്തിരുന്നെങ്കിലെന്നു ഞാൻ ആഗ്രഹിക്കുന്നു! എന്നാൽ അവന്റെ വേല കുറെക്കൂടി ചെയ്യാൻ വേണ്ടി ഘാതകരുടെ കൈയിൽ നിന്നു കർത്താവെന്നെ പിടിച്ചു മാറ്റിയതിൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു. എന്റെ മുറിവുകൾ കരിഞ്ഞു സുഖം പ്രാപിക്കത്തക്ക ഒരു സ്ഥലത്തു ഞാൻ മാറ്റപ്പെട്ടു. അവന്റെ വേലയ്ക്കു വേണ്ടി ഞാൻ വീണ്ടും തയ്യാറായി. മറ്റൊരു അർമീനിയക്കാരനും ഏതാണ്ടിതുപോലെ തന്നെയുള്ള അനുഭവത്തിൽക്കൂടെ കടന്നുപോയ വിവരത്തിന് എന്റെ പേർക്കെഴുതി. ആ എഴുത്ത് ഇവിടെ ഉദ്ധരിക്കേണ്ട ആവശ്യമില്ല. ക്രിസ്തീയ ജീവിതത്തിന്റെ സത്യവും യാഥാർഥ്യവും തെളിയിക്കുന്നതായ മറ്റു പല അത്ഭുത കാര്യങ്ങളും പറയാൻ കഴിയും. പ്രായേണ എല്ലാ ജനപദങ്ങളിലും ജനസമുദായങ്ങളിലും ക്രിസ്തുവോടു കൂടി ജീവിക്കുന്ന പുരുഷന്മാരും സ്ത്രീകളുമുണ്ട്. അവനിൽ നിന്നു ലഭിക്കുന്ന അനുഗ്രഹങ്ങൾ മൂലം അവരുടെ ജീവിതം ഫലസമൃദ്ധമായിത്തീരുന്നു. അവന്റെ ജീവദായകമായ സാന്നിദ്ധ്യമുണ്ടെന്നറിയുന്നത് എന്തൊരു സാന്ത്വനമാണ്. 'ഇതാ, എപ്പോഴും ഞാൻ നിങ്ങളുടെ കൂടെയുണ്ട്.' എന്ന ക്രിസ്തുവിന്റെ അനർഘ വാഗ്ദാനത്തിന്റെ യാഥാർഥ്യം അനുഭവിക്കുന്നത് എത്ര ആശ്വാസപ്രദമാണ്!

(*അവസാനിച്ചു*)



ബൈബിളിലൂടെ...

# ഗലാത്യർ

## സുവിശേഷത്തിന്റെ സ്വാതന്ത്ര്യം

**നൂറ്റാണ്ടുകളായി** സഭയിലെ നേതാക്കൾ തങ്ങളുടേതായ നിയമങ്ങൾ തിരുവെഴുത്തിനോടു കൂട്ടിച്ചേർത്തിരുന്നു. ആയതിനാലാണു മിക്ക സഭകളുടെയും സ്ഥിതി ഇന്നു ദയനീയമായിരിക്കുന്നത്. ദൈവം ഒരു വ്യക്തിയെ സ്വീകരിക്കുമ്പോൾ അവർ ആഭരണം നീക്കിയോ, അതോ അവൻ ടെലിവിഷൻ വീട്ടിൽ നിന്നും നീക്കിയോ എന്നീ കാര്യങ്ങളൊന്നും പരിശോധിക്കാറില്ല. ആ വ്യക്തിക്കു മാനസാന്തരം ഉണ്ടായോ ക്രിസ്തുവിൽ വിശ്വസിക്കുവാനും കഴിഞ്ഞിട്ടുണ്ടോ എന്നാണ് ദൈവം നോക്കുന്നത്. മാത്രമല്ല, സന്തോഷത്തോടെ കൊടുക്കുന്ന അനുസര



*മിക്ക ക്രിസ്ത്യാനികളും നഖശിഖാന്തം തങ്ങളുടെ ഭൗതികമായ വസ്തുവകകൾക്കായി പോരാടാറുണ്ട്.*

ണമുള്ളവരെ ദൈവം സ്നേഹിക്കുന്നു. താൻ ആരേയും നിർബന്ധിച്ചു യാതൊരു കാര്യങ്ങളും ചെയ്യാൻ ശ്രമിക്കാറില്ല. നിങ്ങളുടെ കൂട്ടായ്മയിലേക്കു കടന്നു വരുന്ന ഒരു സഹോദരനെ നിങ്ങൾ സ്വീകരിക്കുമ്പോൾ, പുതിയ നിയമത്തിൽ കാണുവാൻ കഴിയാത്ത കാര്യങ്ങൾ നിങ്ങൾ കൂട്ടിച്ചേർക്കാറുണ്ടോ? സൈദ്ധാന്തികമായി (തത്വത്തിൽ) മാനസാന്തരവും വിശ്വാസവും മാത്രമാണ് ആവശ്യമായിട്ടുള്ളതെന്ന് ആളുകൾ പറയാറുണ്ട്. അപ്രകാരം പറയുമ്പോൾ തന്നെ യഥാർത്ഥത്തിൽ ഒരു വ്യക്തിയെ സഭയിലെ കൂട്ടായ്മയിലേക്കു സ്വീകരിക്കുമ്പോൾ, മറ്റു ചിലതും കൂടെ വേണ്ടി വരും എന്നു സഭാ നേതാക്കൾ പറയാറുണ്ട്. മുഖ്യധാരാ പ്രസ്ഥാനങ്ങളെപ്പോലെ തന്നെ പുതിയ നിയമ സഭകൾ എന്ന് അവകാശപ്പെടുന്നവരിലും ഇപ്രകാരമുള്ള കീഴ്വഴക്കങ്ങൾ കാണാവുന്നതാണ്. സന്ദർഭോചിതമല്ലെങ്കിലും തങ്ങളുടെ പ്രവൃത്തികളെ ന്യായീകരിക്കുന്നതിനുതകുന്ന വാക്യങ്ങളും അവർ ഉദ്ധരിക്കാറുണ്ട്.

അതുകൊണ്ടു ഗലാതൃർക്കുള്ള ലേഖനം നമ്മുടെ ഈ കാലഘട്ടത്തിലും പ്രസക്തിയുള്ളതാണ്. സുവിശേഷത്തിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടിയ വ്യക്തിയാണ് പൗലൊസ്. ദൈവത്തിന്റെ വിശ്വസ്തനായ ഓരോ ദാസനും സുവിശേഷത്തിന്റെ സ്വതന്ത്ര്യത്തിനു വേണ്ടി പോരാടേണ്ടതാണ്. പരമ്പരാഗതമായ ആചാരങ്ങളിൽ വിശ്വസിക്കുന്നവരായ ഒരു കൂട്ടം സഭാ നേതാക്കളുള്ള സഭാ-വ്യവസ്ഥിതിയിലാണോ താങ്കൾ ഉൾപ്പെട്ടിരിക്കുന്നത്? അങ്ങനെയുള്ള ആചാരങ്ങളിലൂടെ ഒരു ബന്ധനത്തിലേക്കാണ് അപ്രകാരമുള്ള നേതാക്കൾ ജനങ്ങളെ നയിക്കുന്നത്. അത്തരത്തിലുള്ള നേതാക്കളോട് അഭിമുഖമായി അവർ ചെയ്യുന്ന കാര്യങ്ങൾ തെറ്റാണെന്നു പറയുവാൻ ധൈര്യപ്പെടുന്ന, പൗലൊസിനെപ്പോലെയുള്ള എത്ര ആളുകൾ ഇന്നുണ്ട്? പൗലൊസ് പത്രൊസിനോടു പോലും എതിർത്തു നിന്നു. "പത്രൊസ് അന്ത്യോക്ക്യയിൽ വന്നപ്പോൾ ഞാൻ അഭിമുഖമായി എതിർത്തു നിന്നു'' (2:11). ഓർക്കുക പൗലൊസ് ദൈവത്തിൽ നിന്നു ശുശ്രൂഷ ലഭിച്ച വ്യക്തിയാണെന്ന് തിരിച്ചറിഞ്ഞ് പത്രൊസ് അംഗീകാരം നൽകിയിരുന്നു. എങ്കിലും പൗലൊസ് അവനോട് എതിർത്തു നിന്നു. പത്രൊസ്, യാക്കോബ്, യോഹന്നാൻ എന്നിവരെക്കുറിച്ച് വളരെ അത്ഭുതകരമായ ഒരു കാര്യം ഇവിടെ കാണാവുന്നതാണ്. പൗലൊസ് തങ്ങളെക്കാൾ പ്രായം കുറഞ്ഞവനായിരുന്നിട്ടും തന്റെ ശുശ്രൂഷയെ തിരിച്ചറിയുവാനും അതു അംഗീകരിക്കുവാനുമുള്ള കൃപ അവർക്ക് ഉണ്ടായിരുന്നു. ചെറുപ്പക്കാരനായ ഒരു സഹോദരന്റെ മേലുള്ള അഭിഷേകം തിരിച്ചറിയുന്ന മുതിർന്ന സഹോദരന്മാരെ വളരെ അപൂർവ്വമായേ കണ്ടെത്താൻ കഴിയുകയുള്ളു. സഭയിലെ മുതിർന്ന നേതാവായ പത്രൊസിനോടു താൻ ചെയ്യുന്ന കാര്യങ്ങൾ തെറ്റാണെന്ന് പൗലൊസ് എതിർത്തു പറഞ്ഞു. പ്രായം കുറഞ്ഞ വ്യക്തി, മുതിർന്ന നേതാവിനോടു നിങ്ങൾ ചെയ്യുന്നത് തെറ്റാണെന്ന് പറയുന്നതിനു തുല്യമാണ്.

എന്തുകൊണ്ടാണു പൗലൊസിനെപ്പോലെയുള്ള ആളുകൾ കുറവായിരിക്കുന്നത്? അതിനു കാരണം ക്രിസ്ത്യാനികളിലധികം പേരും നയ

തന്ത്ര ശാലികളും മനുഷ്യരെ പ്രസാദിപ്പിക്കുവാൻ നോക്കുന്നവരും ആണ് എന്നതാണ്. വിട്ടുവീഴ്ചാ മനോഭാവത്തെ സൗമ്യതയും താഴ്മയും ആണെന്ന് ആളുകൾ തെറ്റിദ്ധരിക്കാറുണ്ട്.

സുവിശേഷ സത്യങ്ങളെക്കുറിച്ചു നാം പ്രസിദ്ധി അന്വേഷിക്കരുത്. സത്യം നമ്മുടേതായ വസ്തുവകയല്ല. അതു ദൈവത്തിന്റേതാകയാൽ, അതു നാം പ്രതിരോധിക്കേണ്ടതാണ്. മിക്ക ക്രിസ്ത്യാനികളും നഖശിഖാന്തം തങ്ങളുടെ ഭൗതികമായ വസ്തുവകകൾക്കായി പോരാടാറുണ്ട്. എന്നാൽ ദൈവികമായ വസ്തുതകളെ സംബന്ധിച്ച്, ആ സത്യങ്ങൾ മോഷ്ടിക്കപ്പെടുമ്പോൾ മിക്ക ക്രിസ്ത്യാനികളും നിശ്ശബ്ദരാകുന്നു. അതു തെളിയിക്കുന്നത് അവർ തങ്ങളെത്തന്നെ സ്നേഹിക്കുന്നവരെന്നാണ്. അവർ ദൈവത്തെയോ ദൈവിക സത്യങ്ങളെയോ സ്നേഹിക്കുന്നവരല്ല.

എന്നാൽ പൗലൊസ് സത്യത്തെ സ്നേഹിക്കുന്നവനായിരുന്നു. ആരെങ്കിലും തന്റെ വസ്ത്രം മോഷ്ടിക്കുകയാണെങ്കിൽ പൗലൊസ് അത് അനുവദിച്ചിരുന്നു. എന്നാൽ ദൈവവചനത്തിലെ സത്യങ്ങളെ അവർ മോഷ്ടിക്കുകയാണെങ്കിൽ, അവയ്ക്കു വേണ്ടി താൻ പോരാടുമായിരുന്നു. ദൈവിക മൂല്യമുള്ള ഓരോ വ്യക്തിയും അപ്രകാരം തന്നെ ആയിരിക്കും. തന്റെ വ്യക്തിപരമായ വസ്തുക്കളെക്കാൾ, ദൈവിക സത്യങ്ങളെക്കുറിച്ചു താൻ കരുതലുള്ളവനായിരിക്കും.

നിങ്ങളുടെ വ്യക്തിപരമായ വസ്തുക്കൾക്കു നല്കുന്ന മൂല്യം ദൈവിക സത്യങ്ങൾക്കു നൽകിയിരുന്നുവെങ്കിൽ, ഇന്ന് ആയിരിക്കുന്ന അവസ്ഥയിൽ നിന്നും വലിയൊരു മുന്നേറ്റം നിങ്ങൾക്കു ലഭിക്കുമായിരുന്നു. സത്യത്തിനു വേണ്ടി ഒരു നിലപാട് എടുക്കുവാൻ വളരെ ചുരുങ്ങിയ ആളുകളെ മാത്രമേ ഞാൻ കാണാറുള്ളു. മിക്ക പ്രസംഗകരും മനുഷ്യരെ പ്രസാദിപ്പിക്കുന്നവരായിരിക്കും. അതുകൊണ്ടു ദൈവത്തിന് അവരെ തന്റെ പ്രവാചകന്മാരാക്കുവാൻ കഴിയുകയില്ല. ആരെയാണ് നിങ്ങൾ പ്രസാദിപ്പിക്കുവാൻ ആഗ്രഹിക്കുന്നതെന്ന് വ്യക്തമാക്കുവാൻ വിവിധങ്ങളായ സാഹചര്യങ്ങളിലൂടെ ദൈവം നിങ്ങളെ പരിശോധിക്കും. പത്രൊസിനെ പ്രസാദിപ്പിക്കുവാൻ വേണ്ടിയാണോ പൗലൊസ് ശ്രമിക്കുന്നതെന്നു ദൈവം ഇവിടെ ശോധന ചെയ്യുന്നു.

പത്രൊസ് മുതിർന്ന അപ്പൊസ്തലനായിരുന്നെങ്കിലും താൻ ചെയ്ത കാര്യം തെറ്റായിരുന്നു (2:12). ജാതികളോടുകൂടെ താൻ പതിവായി ഭക്ഷണം കഴിക്കുമായിരുന്നു എന്നാൽ യാക്കോബിന്റെ അടുക്കൽ നിന്നും സഹോദരന്മാർ കടന്നു വന്നപ്പോൾ (യെരുശലേമിലെ മൂപ്പനായിരുന്നു യാക്കോബ്), യാക്കോബ് അപ്പൊസ്തലൻ തന്നെക്കുറിച്ച് എന്തു വിചാരിക്കും എന്ന ഭയത്താൽ പൻവാങ്ങി. അപ്പോൾ പൗലൊസ് പത്രൊസിനോട് എതിർത്തു നിന്നു. പത്രൊസിന്റെ കാപട്യം ബർന്നബാസിനെപ്പോലും സ്വാധീനിക്കുന്നതിനിടയായി (2:13). ബർന്നബാസും പൗലൊസിനെക്കാളും മുതിർന്ന സഹോദരൻ ആയിരുന്നു. താഴ്മയും കൃപയുമുള്ള സഹോദരൻ. അദ്ദേഹത്തിന്റെ മനോഭാവം ഇപ്രകാരം ആയിരുന്നിരിക്കണം. "പത്രൊസ് മുതിർന്ന സഹോദരൻ ആയതിനാൽ അദ്ദേഹത്തിനെതിരെ ഞാൻ സംസാരിക്കുകയോ, ഞാൻ വിധിക്കുകയോ

ചെയ്യാൻ പാടില്ല.' എന്നാൽ അദ്ദേഹം ദൈവമനുഷ്യനാണോ അല്ലയോ എന്നതായിരുന്നു പൗലൊസിന്റെ മനോഭാവം.

"ഞാൻ എന്നെത്തന്നെ അദ്ദേഹത്തോട് താരതമ്യപ്പെടുത്തുന്നില്ല. നാം പ്രസംഗിക്കുന്ന സുവിശേഷത്തിന്റെ സന്ദേശത്തിനു വിപരീതമായ കാര്യമാണ് താൻ ചെയ്യുന്നത്. ജാതികളിൽ നിന്നും വന്ന സഹോദരന്മാരോടു കൂടെ ഭക്ഷണം കഴിക്കുന്നതിൽ എന്താണു തെറ്റ്? സഹോദരൻ യാക്കോബ് അതിനെക്കുറിച്ച് എന്ത് വിചാരിക്കും എന്നു നാം എന്തിനു ഭയപ്പെടണം?" – പൗലൊസ് ചിന്തിച്ചു.

താങ്കളും അപ്രകാരം മുതിർന്ന സഹോദരന്മാരുടെ അഭിപ്രായത്തെ ഭയപ്പെടുന്നുണ്ടോ? പുതിയ നിയമത്തിലെ നിർമ്മലമായ സുവിശേഷം നമുക്ക് ഇന്നു ലഭിക്കുവാൻ കാരണം പൗലൊസിനെപ്പോലെ ധൈര്യമുള്ളവരും നിർഭയരുമായ വ്യക്തികൾ ആദിമ നൂറ്റാണ്ടിൽ ഉണ്ടായിരുന്നതാണ്. കഴിഞ്ഞ 20 നൂറ്റാണ്ടുകളായി മനുഷ്യരെ പ്രസാദിപ്പിക്കുവാൻ ശ്രമിക്കാതെ, സത്യ സുവിശേഷത്തിനു വേണ്ടി നിലകൊള്ളുവാൻ ധൈര്യപ്പെട്ട വ്യക്തികൾ മൂലമാണു നിർമ്മലമായ സുവിശേഷം നമുക്ക് ഇന്നു ലഭ്യമായിരിക്കുന്നത്. അപ്രകാരമുള്ള വ്യക്തികൾക്കായി നാം ദൈവത്തോടു നന്ദിയുള്ളവരായിരിക്കണം.

രണ്ടിന്റെ ഇരുപതാം വാക്യത്തിൽ പൗലൊസിന്റെ ജീവിത രഹസ്യവും സത്യത്തിനു വേണ്ടി നിലകൊള്ളുവാൻ തനിക്കു ധൈര്യം ലഭിച്ചതെങ്ങനെയെന്നും പ്രതിപാദിക്കുന്നു. പൗലൊസ് ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടു. പഴയ പൗലൊസ് മരിക്കുകയും ക്രിസ്തു ഇന്നു തന്നിൽ ജീവിക്കയും ചെയ്യുന്നു. മിക്ക ക്രിസ്ത്യാനികളും ക്രൂശിന്റെ ഒരു മാർഗ്ഗം മാത്രമേ മനസ്സിലാക്കുന്നുള്ളു. അതായതു സ്വയത്തിനു മരിക്കുക എന്ന നിഷേധാത്മകമായ ചിന്ത. എന്നാൽ അതിനു മഹത്വകരമായ മറ്റൊരു വശം കൂടിയുണ്ട്. – "ക്രിസ്തു എന്നിൽ ജീവിക്കുന്നു." സ്വയത്തിന്റെ മരണം എന്നിൽ സംഭവിക്കുമ്പോൾ ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ ജീവനിലേക്കാണ് അതെന്നെ നടത്തുന്നത്. അങ്ങനെയായാൽ ക്രിസ്തുവിന്റെ ജീവിതം എന്നിൽക്കൂടെ വെളിപ്പെടും.

**അധ്യായം 3**

മൂന്നാം അധ്യായത്തിൽ, നാം പരിശുദ്ധാത്മാവിനെ പ്രാപിച്ചത് എങ്ങനെയാണെന്നു പൗലൊസ് വ്യക്തമാക്കുന്നു – പ്രവൃത്തികളാലല്ല, വിശ്വാസത്താൽ. പൗലൊസ് ഇപ്രകാരം ചോദിക്കുന്നു. ''ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ആണോ നാം ആത്മാവിനെ പ്രാപിച്ചത്?"(3:2). ഉപവസിക്കുന്നതിനാലും പ്രാർത്ഥിക്കുന്നതിനാലും തങ്ങൾക്കു പരിശുദ്ധാത്മാവിന്റെ നിറവു പ്രാപിക്കുവാൻ കഴിയുമെന്ന് ചില ആളുകൾ സങ്കല്പിക്കുന്നു.

നിങ്ങൾ പ്രാർത്ഥിക്കുന്നതു കൊണ്ടോ ഉപവാസം എടുക്കുന്നതു കൊണ്ടോ നിങ്ങൾക്കു പാപക്ഷമ ലഭിക്കുന്നുണ്ടോ? ഇല്ല. അതു ദൈവത്തിന്റെ ഒരു ദാനമാണ്. പാപക്ഷമയും പരിശുദ്ധാത്മ ദാനവും നമുക്കു നൽകപ്പെടുന്നത് നമ്മുടെ പ്രവൃത്തികളാലല്ല, ദൈവത്തിന്റെ കൃപയാലാണ്.

പൗലൊസ് ഗലാത്യരോട് ഇപ്രകാരം ചോദിക്കുന്നു. ''നിങ്ങളുടെ ക്രിസ്തീയ ജീവിതം വിശ്വാസത്താൽ ആരംഭിച്ചിട്ട്, ജഡത്തിന്റെ പ്രവൃത്തി

കളാൽ അതു സമാപിക്കുവാൻ അഥവാ പൂർണ്ണതയിലെത്തിക്കുവാൻ കഴിയുമെന്ന് നിങ്ങൾ വിചാരിക്കുന്നുവോ?" നിങ്ങളെ രക്ഷയിലേക്കു നയിക്കുകയും നിങ്ങളെ വിശുദ്ധരാക്കി തീർക്കുകയും ചെയ്യുന്നതു പരിശുദ്ധാത്മാവാണ്. ന്യായപ്രമാണമോ നിയമങ്ങളോ ചട്ടങ്ങളോ അല്ല ഒരു വ്യക്തിയെ വിശുദ്ധനാക്കി തീർക്കുന്നത്. ഈ സത്യം നിങ്ങൾ മനസ്സിലാക്കുന്നുവെങ്കിൽ, ഗലാത്യ ലേഖനത്തിലെ പ്രധാന സന്ദേശവും നിങ്ങൾക്ക് ഗ്രഹിക്കുവാൻ കഴിയും.

ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ നിങ്ങൾക്ക് ആത്മാവിനെ പ്രാപിക്കാൻ കഴിയുകയില്ല. ജഡത്തിന്റെ പ്രവൃത്തികളാൽ പൂർണ്ണത പ്രാപിക്കുവാൻ കഴിയുകയില്ല. പ്രത്യുത പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാണ് നമ്മെ അതിനായി സഹായിക്കുന്നത്. നിങ്ങൾ പരിശുദ്ധാത്മാവിനു കീഴ്പ്പെടുകയും തെറ്റുകൾ ചൂണ്ടിക്കാണിക്കപ്പെടുമ്പോളെല്ലാം ആ ശബ്ദത്തിനു ചെവി കൊടുക്കുകയും കാര്യങ്ങൾ നിരപ്പാക്കുകയും ചെയ്ക. അങ്ങനെയായാൽ നിങ്ങളെ വിശുദ്ധനാക്കി സൂക്ഷിക്കുവാൻ ദൈവത്തിനു കഴിയും. ഉപവാസവും പ്രാർത്ഥനയും ഒരു മനുഷ്യനെ വിശുദ്ധനാക്കുന്നില്ല. തുടർച്ചയായി പ്രാർത്ഥിക്കുകയും ഉപവസിക്കുകയും ചെയ്യുന്ന അനേകരും പാപത്തോടു തോല്ക്കുകയും മറ്റുള്ളവരോടു കലഹിക്കുകയും ഹൃദയത്തിൽ ദുർമോഹം ഉള്ളവരായിരിക്കുകയും ചെയ്യുന്നു. ഇതു തെളിയിക്കുന്നത് വിശുദ്ധി അപ്രകാരം നേടാൻ കഴിയുന്നതല്ല എന്നാണ്. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ മാത്രമേ അതു സാധ്യമായി തീരുകയുള്ളു.

പൗലൊസ് അവരെ പിന്നെയും ഓർമ്മപ്പെടുത്തുന്നത് ഇപ്രകാരമാണ്. ദൈവം അവരുടെ മദ്ധ്യത്തിൽ ചെയ്ത അത്ഭുതങ്ങൾ അവരുടെ പ്രവൃത്തികളുടെ ഫലമായിരുന്നില്ല. അവരുടെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. ദൈവം തന്റെ മക്കൾക്കു വേണ്ടി ആശ്ചര്യകരവും അമാനുഷികവും ആയ പ്രവൃത്തികൾ ചെയ്യുന്നത് അവർ അതിന് അർഹരായതു കൊണ്ടോ, ഏതെങ്കിലും നന്മ പ്രവൃത്തികൾ കൊണ്ടോ അല്ല, മറിച്ച് അവരുടെ വിശ്വാസം നിമിത്തമായിരുന്നു.

അബ്രാഹം തന്റെ വിശ്വാസത്താൽ നീതീകരിക്കപ്പെട്ടു (3:6). അതിനു ശേഷം സകല ജാതികൾക്കും താൻ അനുഗ്രഹമായി തീർന്നു (1:8). അപ്രകാരം നാമും അനുഗ്രഹിക്കപ്പെട്ടു (1:14). ക്രിസ്തു ക്രൂശിൽ തൂങ്ങിയപ്പോൾ ന്യായപ്രമാണത്തിന്റെ ശാപം നീക്കുവാൻ താൻ നമുക്കു വേണ്ടി ശാപമായി തീർന്നു (3:13). ന്യായപ്രമാണത്തിന്റെ ശാപം ഇപ്രകാരം ആയിരുന്നു. നീ അതുപ്രകാരം ജീവിക്കുന്നില്ലെങ്കിൽ ശപിക്കപ്പെട്ടവനാകുന്നു. ആവർത്തനം 28-ാം അധ്യായത്തിൽ ശാപത്തെക്കുറിച്ച് ഉദ്ധരിക്കുന്നു- ഭ്രാന്ത്, അന്ധത, പലവിധ രോഗങ്ങൾ. എന്നാൽ ക്രിസ്തു ക്രൂശിന്മേൽ മരിച്ചതിനാൽ ആ ശാപങ്ങൾ നീക്കപ്പെട്ടു. നമ്മുടെ പൂർവ്വികർ ചെയ്ത ഏതെങ്കിലും പാപത്തിന്റെ ഫലം നാം അനുഭവിക്കേണ്ടതില്ല. കാരണം സകല ശാപവും ക്രൂശിന്മേൽ തകർക്കപ്പെട്ടു.

നാം ക്രിസ്തുവിനെ നമ്മുടെ കർത്താവായി സ്വീകരിക്കുമ്പോൾ നമ്മുടെ ശാപങ്ങൾ തകർക്കപ്പെടുന്നു. പാരമ്പര്യമായ ഒരു ശാപത്തെക്കുറിച്ചും നാം ഭയപ്പെടേണ്ടതില്ല.

ഗലാത്യർ 3-ാം അധ്യായത്തിന്റെ ശേഷം ഭാഗങ്ങളിൽ ന്യായപ്രമാണവും കൃപയും തമ്മിലുള്ള വ്യത്യാസം പ്രസ്താവിക്കുന്നു. ന്യായപ്രമാണത്തിന് 400 വർഷം മുമ്പാണ് അബ്രഹാമിന് മേൽവിവരിച്ച വാഗ്ദത്തം നൽകിയത്. ന്യായപ്രമാണം ക്രിസ്തുവിങ്കലേക്കു നമ്മെ നടത്തുന്ന ശിശുപാലകനാണെന്ന് 3:24-ൽ പറഞ്ഞിരിക്കുന്നു. ദൈവത്തിന്റെ വിശുദ്ധിയുടെ മാനദണ്ഡത്തിന് അനുസരിച്ചു ജീവിക്കുവാൻ വിശുദ്ധനായ മനുഷ്യനു പോലും സാധ്യമല്ലെന്നാണ് ന്യായപ്രമാണം നമ്മെ ബോധ്യമാക്കുന്നത്. ദൈവരാജ്യത്തിലെ പാസ്മാർക്ക് (ജയിക്കുവാൻ വേണ്ട കുറഞ്ഞ മാർക്ക്) 100% ആണ്. നമ്മിൽ ഏറ്റവും നല്ലവരായ ആളുകൾക്കു പോലും പൂജ്യം ശതമാനം ആയിരിക്കും. 1500 വർഷങ്ങൾ യിസ്രായേൽ മക്കൾ ന്യായപ്രമാണം പാലിക്കുവാൻ ശ്രമിച്ചെങ്കിലും തുടർച്ചയായി പരാജയപ്പെട്ടു. രാത്രി മുഴുവൻ അധ്വാനിച്ചിട്ടും ഒരൊറ്റ മീനിനെപ്പോലും ലഭിക്കാതിരുന്ന ശിഷ്യന്മാരെപ്പോലെ ആയിരുന്നു അവർ (യോഹ. 21). അവസാനം കർത്താവിലേക്ക് അവർ നോക്കിയ ആ നിമിഷം, അവരുടെ പടകിനെ ദൈവം നൂറു ശതമാനം നിറച്ചു.

നാം ദൈവത്തിലേക്കു കടന്നു വരുമ്പോൾ, തന്റെ 100% നമ്മിലേക്കു താൻ കൂട്ടിച്ചേർക്കുന്നു. അങ്ങനെ നാം നീതീകരിക്കപ്പെടുന്നു. ഒരു പരീക്ഷയിൽ ലഭിക്കുന്ന 'ഗ്രേസ് മാർക്കിന്' തുല്യമാണ് ദൈവത്തിൽ നിന്നുള്ള നീതികരണം. ദൈവത്തിന്റെ മാനദണ്ഡം അനുസരിച്ചു നമുക്കെല്ലാം പൂജ്യം ശതമാനം മാത്രമാണു ലഭിക്കുന്നത്. എന്നാൽ ദൈവം നമുക്കെല്ലാം ഗ്രേസ് മാർക്ക് അതിനു നേരെ വിപരീതമായിട്ടുള്ളത് – അബ്രഹാമിന്റെ അനുഗ്രഹം (3:14). അതുകൊണ്ടാണ് വിശ്വാസത്താൽ നമുക്കു പരിശുദ്ധാത്മാവിനെ സ്വീകരിക്കുവാൻ കഴിയുന്നത്.

"നിന്നിലൂടെ (നീ മുഖാന്തരം) സകല ജാതികളും ഭൂമിയിലെ സകല കുടുംബങ്ങളും അനുഗ്രഹിക്കപ്പെടും" എന്നുള്ള വാഗ്ദത്തം ആണു ദൈവം അബ്രഹാമിനു നൽകുന്നത് (3:8). നാം കണ്ടുമുട്ടുന്ന ഓരോ വ്യക്തിക്കും ആനുഗ്രഹമായിത്തീരുക എന്ന ഉദ്ദേശ്യമാണ് പരിശുദ്ധാത്മാവ് നമ്മിൽ ആവസിക്കുന്നതിലൂടെ സാധ്യമായിത്തീരുന്നത്. പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ട ഒരു വ്യക്തിയുടെ അടയാളമെന്നത്, താൻ കണ്ടുമുട്ടുന്ന ഓരോ വ്യക്തിക്കും അനുഗ്രഹമായിരിക്കും എന്നതാണ്. അവൻ ഒരു ഭവനം സന്ദർശിക്കുമ്പോൾ, ആ കുടുംബം അനുഗ്രഹിക്കപ്പെടുന്നു. മിക്ക ക്രിസ്ത്യാനികളും തങ്ങൾ ഒരു ഭവനം സന്ദർശിക്കുമ്പോൾ, ആശയക്കുഴപ്പം ആണ് അവിടെ നൽകുന്നത്. ദുരുപദേശക്കാരായ ആളുകൾ ഭിന്നതയും മറ്റ് അനേക പ്രശ്നങ്ങളും ആണു ക്രൈസ്തവ ഭവനങ്ങളിൽ വരുത്തുന്നത്. എന്നാൽ ഒരു ദൈവമനുഷ്യൻ അനുഗ്രഹമാണ് നൽകുന്നത്. ഒരു കുടുംബത്തിൽ നിന്നും ഏകനായി ഒരു വ്യക്തി വിശ്വാസം സ്വീകരിക്കുമ്പോൾ, പല പ്രശ്നങ്ങളും ആ ഭവനത്തിലുണ്ടാകാം. എന്നാൽ കാലങ്ങൾ കഴിയുമ്പോൾ, ദൈവത്തിന്റെ അനുഗ്രഹം ആ ഭവനത്തിലേക്കു കടന്നു വരും. ആ കുടുംബത്തിലെ മറ്റംഗങ്ങളും മാനസാന്തരപ്പെടാൻ ഇടയാകുന്നു. അബ്രഹാമിന്റെ ഈ അനുഗ്രഹത്തിന് പങ്കാളികൾ ആകുവാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്.

**ദൈവം നമ്മെ കേവലം നീതികരിക്കപ്പെട്ടവനായി മാത്രമല്ല തീർക്കുന്നത്. നമ്മെ മുഴുവനുമായി ശുദ്ധീകരിക്കുന്നു. നമ്മിലേക്കു പകർന്ന ക്രിസ്തുവിന്റെ നീതി ഓരോ ദിവസവും തന്റെ പരിശുദ്ധാത്മാവിനാൽ വീണ്ടും നിറച്ച്, നമ്മുടെ വ്യക്തിത്വത്തിന്റെ തന്നെ ഭാഗമാക്കി തീർക്കുന്നു. അങ്ങനെ നാം പൂർണ്ണതയിലേക്ക് ഓടുന്നു.**

ആയി 100 ആണ് വാഗ്ദാനം ചെയ്യുന്നത്. ആ വാഗ്ദാനം സ്വീകരിക്കുന്നവർക്ക് 100% ലഭിക്കുന്നു. അതു നിരസിക്കുന്നവർ തങ്ങളുടെ പൂജ്യം ശതമാനത്തിൽ ജീവിക്കുന്നു. ഏറ്റവും മോശപ്പെട്ട വിദ്യാർത്ഥികളായിരുന്നാൽ തന്നെയും ഗ്രേസ് മാർക്ക് ആയി 100 മാർക്കു ലഭിക്കുമ്പോൾ അവർ മറ്റുള്ളവരെക്കാൾ മുമ്പിലായി തീരുന്നു. ഇതാണ് വിശ്വാസത്താലുള്ള നീതീകരണം. നമ്മുടെ അക്കൗണ്ടിലേക്കു ക്രിസ്തുവിന്റെ നീതിയാണ് കണക്കിടുന്നത്. നാം പൂജ്യം മാർക്കു മാത്രമാണ് അർഹിക്കുന്നതെന്നു താഴ്മയോടെ നാം സമ്മതിക്കും. അപ്രകാരം നമ്മുടെ രക്ഷയുടെ സകല മഹത്വവും ദൈവത്തിനു മാത്രം ആയിരിക്കും.

ദൈവം നമ്മെ കേവലം നീതികരിക്കപ്പെട്ടവനായി മാത്രമല്ല തീർക്കുന്നത്. നമ്മെ മുഴുവനുമായി ശുദ്ധീകരിക്കുന്നു. നമ്മിലേക്കു പകർന്ന ക്രിസ്തുവിന്റെ നീതി ഓരോ ദിവസവും തന്റെ പരിശുദ്ധാത്മാവിനാൽ വീണ്ടും നിറച്ച്, നമ്മുടെ വ്യക്തിത്വത്തിന്റെ തന്നെ ഭാഗമാക്കി തീർക്കുന്നു. അങ്ങനെ നാം പൂർണ്ണതയിലേക്ക് ഓടുന്നു. ഗലാത്യ ലേഖനത്തിന്റെ പരമപ്രധാനമായ സന്ദേശവും അതു തന്നെയാണ്. നിങ്ങൾ ആരാകുന്നു എന്നത് ഒരു വ്യത്യാസം സൃഷ്ടിക്കുന്നില്ല – “നിങ്ങൾ എല്ലാവരും ദൈവമക്കൾ ആകുന്നു” (3:26). ക്രിസ്തുവിന്റെ ശരീരത്തിൽ ഒരാൾ മറ്റൊരാളേക്കാൾ ശ്രേഷ്ഠനല്ല. യഹൂദനെന്നോ, യവനനെന്നോ, സ്വതന്ത്രനെന്നോ, അടിമയെന്നോ, പുരുഷനെന്നോ, സ്ത്രീയെന്നോ ഉള്ള യാതൊരു വ്യത്യാസവും ക്രിസ്തുവിന്റെ ശരീരത്തിൽ ഇല്ല. ദൈവത്താൽ സ്വീകരിക്കപ്പെട്ടതിൽ ഏവരും തുല്യരാണ്. ക്രിസ്തുവിങ്കലേക്കു വരുന്ന ഏതൊരു വ്യക്തിയെയും തുല്യരായിട്ടാണ് നാം കരുതേണ്ടത്. മറ്റൊരു വിഭാഗത്തിൽ നിന്നും വന്ന വ്യക്തിയെ നിങ്ങൾ തരം താഴ്ത്തുന്നുവെങ്കിൽ ക്രിസ്തുവിങ്കലുള്ള നീതീകരണം നിങ്ങൾ ശരിയായ അളവിൽ മനസ്സിലാക്കിയിട്ടില്ല. നിങ്ങൾ വീണ്ടും ന്യായപ്രമാണത്തിൻ കീഴിൽ ആകുന്നു. ന്യായപ്രമാണ് വ്യക്തികളെ വിവിധ വിഭാഗങ്ങളായി തിരിക്കുന്നത്. കൃപയാലുള്ള നീതി നമ്മെ ഐക്യതയിൽ ബന്ധിച്ചു നിറുത്തുന്നു.

നിങ്ങൾ ന്യായപ്രമാണത്തിൽ നിന്നു മോചിതനാണെന്ന് ഉള്ളതിന്റെ അടയാളം ഇപ്രകാരം ആയിരിക്കും: നിങ്ങൾ പറയും– ഭാഷയുടെയോ ജാതിയുടെയോ വിദ്യാഭ്യാസത്തിന്റെയോ അതിർവരമ്പില്ലാതെ അവർ എന്റെ സഹോദരനും സഹോദരിയുമാണ്. അവർ ഏതു പശ്ചാത്തലത്തിൽ നിന്നും വന്നവരാണെങ്കിലും

വ്യത്യാസം കൂടാതെ എനിക്ക് അവരോടു കൂട്ടായ്മ ആചരിക്കുവാൻ കഴിയും. അവർ എല്ലാവരും എനിക്കു തുല്യരാണ്. എന്തുകൊണ്ടെന്നാൽ ക്രിസ്തുവിൽ ഞങ്ങളുടെ വ്യത്യസ്ത സാഹചര്യങ്ങൾ ഇല്ലാതായിത്തീരുന്നു.

**അധ്യായം 4**

നാലാം അധ്യായത്തിൽ ശിശുവും പ്രായപൂർത്തിയായ മകനും തമ്മിലുള്ള വ്യത്യാസം ചൂണ്ടിക്കാണിക്കുന്നു. ന്യായപ്രമാണത്തിൻ കീഴിൽ, ദൈവം യിസ്രയേൽ മക്കളെ ചെറിയ കുഞ്ഞുങ്ങളെപ്പോലെ കരുതിയിരുന്നു. ഒരു ശിശുവും അടിമയും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ല. കാരണം സകലത്തിന്റെയും ഉടമസ്ഥാവകാശം ഉണ്ടെങ്കിലും അധികാരം വിനിയോഗിക്കുവാൻ ശിശുവിന് കഴിയുകയില്ല (4:1). എന്നാൽ ആ ശിശു പ്രായപൂർത്തിയാകുമ്പോൾ, തന്റെ ഉടമസ്ഥാവകാശത്തിന്റെ അധികാരം വിനിയോഗിക്കുവാൻ കഴിയും. ന്യായപ്രമാണവും കൃപയും തമ്മിലുള്ള വ്യത്യാസം ഇതാണ്. ന്യായപ്രമാണത്തിൻ കീഴ് ദൈവം നമ്മെ ശിശുക്കളെപ്പോലെ കണക്കാക്കുന്നു. കൃപയുടെ കീഴിൽ ദൈവം നമ്മെ പ്രായപൂർത്തിയായ മക്കളായിട്ടാണ് കരുതുന്നത്.

ന്യായപ്രമാണത്തിൻ കീഴിൽ ആയിരുന്നപ്പോൾ, ഏതു ചെറിയ കാര്യങ്ങത്തിനു പോലും യിസ്രായേൽ മക്കൾക്കു നിയമങ്ങൾ നൽകണമായിരുന്നു. ഉദാഹരണമായി, ഒരു കലത്തിൽ പല്ലി വീണുപോയാൽ, പക്ഷിക്കൂട്ടിൽ കുഞ്ഞുങ്ങളുമായി ഇരിക്കുന്ന പക്ഷിയെ കണ്ടാൽ, വിവിധ തരം ത്വക്കു രോഗങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണം എന്നിങ്ങനെ. നമ്മുടെ ചെറിയ കുഞ്ഞുങ്ങളോടും അപ്രകാരമാണ് നാം ചെയ്യുന്നത്. കൃത്യസമയത്ത് ഉണരുന്നതിനും, പല്ലു തേയ്ക്കുന്നതിനും, പാഠ പുസ്തകങ്ങൾ അടുക്കി വയ്ക്കുന്നതിനും, സ്കൂളിൽ പോകുന്നതിനും, ഹോം വർക്കു ചെയ്യുന്നതിനും നാം അവരോടു പറയേണ്ടതുണ്ട്. നാം അവരുടെ കൈ പിടിച്ച്, ഇടതു വശത്തേക്കും വലതു വശത്തേക്കും നോക്കി ശ്രദ്ധയോടെ ആയിരിക്കണം തിരക്കുള്ള റോഡ് മുറിച്ചു കടക്കേണ്ടതെന്ന് അവരെ പഠിപ്പിക്കുന്നു. നാം ഒരു ശിശുവിനെ എല്ലാ ചെറിയ കാര്യങ്ങളും പഠിപ്പിക്കേണ്ടതുണ്ട്. എന്നാൽ മുതിർന്ന ഒരു വ്യക്തിയെ രാവിലെ പല്ലു തേയ്ക്കണമെന്നോ ജോലിക്കു പോകണമെന്നോ ഓർമ്മിപ്പിക്കേണ്ട ആവശ്യം ഇല്ല. മുതിർന്ന മകനെ അവനു ജീവിതം നയിക്കുവാനുള്ള നല്ല തത്വങ്ങൾ ആണു നാം പഠിപ്പിക്കുന്നത്. ന്യായപ്രമാണവും കൃപയും തമ്മിൽ മറ്റൊരു വ്യത്യാസം കൂടിയുണ്ട്. പുതിയ നിയമത്തിന്റെ കീഴിൽ, നിങ്ങൾക്കു തത്വങ്ങൾ കാണുവാൻ കഴിയും. എന്നാൽ വിശദമായ നിയമങ്ങൾ ഉണ്ടാവുകയില്ല. എന്നാൽ ക്രിസ്ത്യാനികൾ അപ്രകാരമുള്ള നിയമങ്ങൾ എടുത്ത് വിശദമായ നിയമാവലികൾ ഉണ്ടാക്കുമ്പോൾ, അവർ പരീശന്മാരായി തീരുകയാണ്. ക്രൈസ്തവ മതത്തിലെ ഓരോ വിഭാഗത്തിലും അപ്രകാരമുള്ള ക്രിസ്ത്യാനികളെ കാണുവാൻ കഴിയും. പരീശ മനോഭാവത്തിലേക്കുള്ള ചായ്വ് എല്ലാ വിഭാഗങ്ങളിലും കാണുവാൻ കഴിയും.

*(തുടരും)*

(മൊഴിമാറ്റം: **മേഴ്സി റജി**)

ദൈവം യോജിപ്പിച്ചത്

## മോളിയും ജോൺ വെസ്ലിയും - 7

# മലർവാടി മരുഭൂമിയായി



അജയ് ജോർജ്

**കിംഗ്സ്വുഡ്** എന്ന സ്ഥലത്തെ മെതഡിസ്റ്റ് സ്കൂളിൽ മേട്രനായി സെയ്റ റയൻ എന്നൊരാളെ വെസ്ലി നിയമിച്ചു. അപ്പോൾ മുപ്പത്തി മൂന്നു വയസ്സുണ്ടായിരുന്ന സെയ്റ മൂന്നു പ്രാവശ്യം വിവാഹിതയായിരുന്നെങ്കിലും ഒരിക്കലും വിവാഹമോചനം ഔദ്യോഗികമായി നേടിയിരുന്നില്ല. പ്രസ്ഥാനത്തിലേക്ക് അടുത്ത കാലത്തു മാത്രം വന്ന, ശമര്യക്കാരി സ്ത്രീയെ ഏതാണ്ട് അനുസ്മരിപ്പിക്കുന്ന ഇവരെ, പലരും നോട്ടമിട്ടിരുന്ന, അഭികാമ്യമായ മേട്രൻ തസ്തികയിലേക്കു വച്ചതിൽ പലർക്കും അമർഷമുണ്ടായിരുന്നു. പുതുതായി രക്ഷയിലേക്ക് വന്നതാണല്ലോ എന്നു കരുതി വെസ്ലി അവർക്കു വേണ്ടതായ ആത്മീയ ഉപദേശങ്ങൾ വിശേഷാൽ നൽകിയിരുന്നു. നാളുകൾ കഴിയവെ, മോളിയുമായി തനിക്കുള്ള പ്രശ്നങ്ങളും കൂട്ടത്തിൽ സൂചിപ്പിച്ചു കാണണം. സെയ്റയോടുള്ള ആത്മീയ താത്പര്യം വെളിപ്പെടുത്തുന്ന വെസ്ലിയുടെ കത്തുകൾ വായിച്ചാൽ നമുക്കും ചിലപ്പോൾ സംശയം തോന്നിപ്പോവും.

സെയ്റയുടെ മറുപടിക്കത്തുകളിൽ ഇങ്ങനെ കാണുന്നു: "താങ്കളെ എങ്ങനെയാണു കരുതേണ്ടതെന്നറിയാതെ ഞാൻ വിഷമിക്കുന്നു. ഇപ്പോഴുള്ളതിൽ കൂടുതലായാണോ കുറവായാണോ അതു വേണ്ടത്? ഏതു രീതിയിലാണു മുമ്പോട്ടു പോകേണ്ടതെന്നറിയുന്നില്ല." കത്തു പൊട്ടിച്ചു വായിച്ച മോളിക്ക് ഇതല്പം കൂടുതലാണെന്നു പറയാൻ ഒട്ടും ആലോചിക്കേണ്ടി വന്നില്ല. വെസ്ലി 'അഗപ്പെ' എന്നു കണ്ടത് 'ഇറോസ്' എന്നേ മോളിക്കു മനസ്സിലായുള്ളു! അതിന്റെ ഫലമായി, അടുത്ത പ്രാവശ്യം വീട്ടിൽ വന്നപ്പോൾ 'മേലിൽ അവൾക്കു കത്തെഴുതിപ്പോകരുതെന്ന' കർശന നിർദ്ദേശം ജോണിനു കിട്ടുകയും ചെയ്തു. തുടർന്നുള്ള ദിവസങ്ങളിലും മോളിയുടെ ദേഷ്യത്തിന് ഒരറുതിയുമുണ്ടായില്ല. ഭാർത്താവിനോടും മറ്റുള്ളവരോടും കലഹിച്ചും ബഹളം വച്ചും നടന്ന കുറച്ചു നാളുകൾക്കൊടുവിൽ അവർ വീടു വിട്ട് ഇറങ്ങിപ്പോയി. ഇനിയൊരിക്കലും വെസ്ലിയെക്കാണാൻ തനിക്കിടവരരുതെ എന്ന് അലറി വിളിച്ചാണ് സ്ഥലം വിട്ടത്.

മോളിയുടെ ശാസനയോ ഇറങ്ങിപ്പോക്കോ ഒന്നുംതന്നെ ആവശ്യ

ക്കാർക്കു കത്തെഴുതുന്നതിൽ നിന്നും ജോണിനെ പിന്തിരിപ്പിച്ചില്ല. ഒരു മാസം അങ്ങനെ കഴിഞ്ഞു. എതാണ്ട് അറുപതോളം മെതഡിസ്റ്റ് നേതാക്കൾക്ക് ഒരു ദിവസം ക്ലാസെടുത്തുകൊണ്ടിരിക്കുകയായിരുന്നു വെസ്‌ലി. സെയ്റയും കൂട്ടത്തിലുണ്ടായിരുന്നു. ഒരു കൊടുങ്കാറ്റുപോലെ മുറിയിലേക്കു പാഞ്ഞു വന്ന മോളി സെയ്റയുടെ നേർക്കു കൈചൂണ്ടി എല്ലാവരോടുമായി, "നിങ്ങളെ സേവിച്ചുകൊണ്ടിരിക്കുന്ന ഈ സ്ത്രീയുണ്ടല്ലോ. ഇവൾക്കു ജീവിച്ചിരിക്കുന്ന ഭർത്താക്കന്മാർ ഇപ്പോൾത്തന്നെ മൂന്നുപേരുണ്ട്" എന്ന് ആക്രോശിച്ചു. ആർക്കും അറിയാത്ത രഹസ്യമൊന്നുമായിരുന്നില്ല അത്. എങ്കിലും ആ അപ്രിയ സത്യം വിളിച്ചു പറഞ്ഞു മറ്റുള്ളവരുടെ മുന്നിൽ ഭർത്താവിനെയും ആ സ്ത്രീയേയും താറടിച്ചു കാണിക്കുക എന്നതു മാത്രമായിരുന്നു മോളിക്കു വേണ്ടിയിരുന്നത്. അതു ഭംഗിയായിത്തന്നെ അന്നു സാധിച്ചു കിട്ടി. എന്നാൽ ആളുകൾക്കു മുന്നിൽ നല്ലവളെന്നു വരുത്തിത്തീർക്കാൻ ശ്രമിച്ച മോളി യഥാർത്ഥത്തിൽ എങ്ങനെയുള്ളവളാണെന്ന് അന്ന് അവിടെ കൂടിയിരുന്നവർക്കൊക്കെ മനസ്സിലായി.

പുറപ്പെട്ടുപോയിരുന്ന മോളി ഈ സംഭവത്തിനു ശേഷം വെസ്‌ലിയുടെ ഭവനത്തിലേക്കു മടങ്ങി വന്നു. ആരും ആവശ്യപ്പെടാതെ തന്നെ. എന്നാൽ കാര്യങ്ങളൊക്കെ പഴയപടി തന്നെയായിരുന്നു. ഒന്നിനും ഒരു മാറ്റവുമുണ്ടായില്ല. രണ്ടുപേരും യുദ്ധസന്നാഹത്തോടെ നിലകൊണ്ടു എന്നു പറയുന്നതായിരിക്കും കൂടുതൽ ശരി. തീക്ഷ്ണത മോളിക്കായിരുന്നു എന്നു മാത്രം. ജോണിനു വന്ന ചില കത്തുകൾ മോളി അദ്ദേഹത്തിനു കൊടുക്കാതെ ഒളിപ്പിച്ചു വച്ചിരുന്നു. അതെടുക്കാനായി ജോൺ മോളിയുടെ മേശ ബലം പ്രയോഗിച്ച് ഒരിക്കൽ തുറന്നു. അങ്ങനെ ചെയ്യുന്നത്, സ്വന്തം ഭാര്യയുടെ മേശയായാലും, അക്ഷന്തവ്യമായ തെറ്റായിട്ടാണ് അന്നാട്ടുകാർ കരുതുന്നത്. 'കാണുന്നതുപോലെയല്ല ജോണിന്റെ സ്വഭാവം വളരെ മോശമാണെന്ന്' കണ്ണിൽക്കണ്ടവരോടെല്ലാം പറയാൻ പിന്നെ മോളി മടിച്ചില്ല. എങ്ങനെയെങ്കിലും സമൂഹമദ്ധ്യേ ജോണിനെ ഇടിച്ചു താഴ്ത്തണമായിരുന്നു അവർക്ക്. എന്തെല്ലാം ചയ്തിട്ടും ആളുകൾക്കു മതിപ്പു ജോണിനോടാണെന്നറിഞ്ഞ് മോളിയുടെ ദേഷ്യം ഇരട്ടിച്ചു. അവസാനം ഒരു അറ്റകൈ പ്രയോഗം തന്നെ നടത്താൻ മോളി തീരുമാനിച്ചു. ജോൺ ഏതോ സ്ത്രീകൾക്കെഴുതിയതെന്ന മട്ടിലുള്ള കുറെ കത്തുകൾ വ്യാജമായി ഉണ്ടാക്കിപ്പിച്ചു ലണ്ടനിലെ ഒരു പത്രത്തിൽ പ്രസിദ്ധപ്പെടുത്താനായി അയച്ചു കൊടുത്തു! സാത്താൻ ഉറങ്ങുന്നില്ല എന്നു പറയുന്നത് എത്ര ശരി!

എബ്നേസർ ബ്ലാകെൽ എന്ന സ്നേഹിതൻ ഒരു മദ്ധ്യസ്ഥനായി പലപ്പോഴും രണ്ടു പേരെയും ഉപദേശിക്കും. ജോണിനോടു വിശേഷിച്ചും. എല്ലാ കുറ്റവും മോളിയുടെ പുറത്തിടരുതെന്നും അവരുടെ വശത്തുനിന്നു കാര്യങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കണമെന്നും മറ്റും പറയും. എന്നിട്ടും ജോൺ ആ വഴിക്ക് ചിന്തിച്ചില്ല. അങ്ങനെ ചിന്തിക്കാൻ ആഗ്രഹിച്ചുമില്ല. പകരം എബ്നേസറോട് ശബ്ദം ഉയർത്തി പറയും: "ഞാനെങ്ങനെയാണെന്നതാണോ ഇവിടുത്തെ പ്രശ്നം? അവളെങ്ങനെയാണെന്നതല്ലേ? അതിനെപ്പറ്റി പറയാൻ ഏതായാലും നിങ്ങളെക്കാളും എനിക്കല്ലേ

കൂടുതൽ സാധിക്കുക? എനിക്കു സംസാരശേഷിയുള്ളടത്തോളം കാലം ഞാനത് പറയുകയും ചെയ്യും." ഇതു കേട്ട മദ്ധ്യസ്ഥനു പിന്നെ ഓടി രക്ഷപ്പെടുക എന്നതു മാത്രമേ ചെയ്യാൻ ബാക്കിയുണ്ടായിരുന്നുള്ളു!

ആയിടെ മോളിക്ക് എഴുതിയ ഒരു കത്തിൽ ആരെയും വെറുപ്പിക്കുന്ന അവരുടെ പത്തു സ്വഭാവ വൈകല്യങ്ങൾ അക്കമിട്ട് ജോൺ സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹത്തിനു വരുന്ന എഴുത്തുകൾ മോഷ്ടിക്കുകയും ചിലതൊക്കെ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക, തനിക്കു തന്റെ സ്നേഹിതരെ ഒരു ചായ സത്കാരത്തിനു പോലും വിട്ടിലേക്കു ക്ഷണിക്കാൻ സാധിക്കാതിരിക്കുക, താൻ എവിടെപ്പോകുന്നു ആരെയൊക്കെ കാണുന്നു എന്നത് ഭാര്യയെ ബോധിപ്പിക്കേണ്ടി വരിക, ചന്തയിലെ ഭാഷയിൽ വീട്ടിലെ ജോലിക്കാരോടു കയർക്കുക, പിന്നെ താനൊഴികെ ലോകത്തിലെ ബാക്കിയെല്ലാവരും മോശക്കാരാണെന്ന് കരുതി അവഹേളിക്കുക എന്നു തുടങ്ങി പത്തു കാര്യങ്ങൾ. വായിച്ചാൽ വിഷമം തോന്നും. ദൈവം ഇത്രമേൽ എടുത്ത് ഉപയോഗിച്ച ഒരു വ്യക്തി എന്തെല്ലാം അനുഭവിക്കണം. അതും സ്വന്തം ഭവനത്തിൽ നിന്നും? ഭാര്യയെ 'സന്തോഷിപ്പിച്ചു നിറുത്താൻ' തന്നാലാവുന്നതു ചെയ്യാൻ അദ്ദേഹം തയ്യാറായിരുന്നു. ആത്മാക്കൾക്കു ക്ഷതം പറ്റാത്ത വിധത്തിലും കർത്തൃ ശുശ്രൂഷയ്ക്കു തടസ്സം വരാത്ത രീതിയിലുമുള്ള എന്തു കാര്യവും ഭാര്യക്കു വേണ്ടി ചെയ്യുന്നതിൽ മടിയില്ല എന്നും അദ്ദേഹം പ്രഖ്യാപിച്ചു. സെയ്റക്ക് കത്തെഴുതുന്നതെല്ലാം അദ്ദേഹത്തിന്റെ കണ്ണിൽ ദൈവവേലയുടെ ഭാഗം മാത്രമാണ്. മോളി അത് അങ്ങനെ തന്നെ മനസ്സിലാക്കണമെന്നു ചുരുക്കം. മോളി എങ്ങനെ മനസ്സിലാക്കി എന്നു നമുക്കറിയാമല്ലോ.

മോളിയോടൊപ്പം പുറത്തിറങ്ങാൻ ജോണിന് മടിയായിരുന്നു എന്നത് സത്യമാണ്. എന്താണ് അവരുടെ വായിൽ നിന്നും വരുന്നത് എന്ന് ആർക്കും മുൻകൂട്ടി പറയാൻ സാധിക്കില്ലല്ലോ. എവിടെയാണെന്നോ ആരോടാണെന്നോ ഉള്ള നോട്ടമൊന്നുമില്ല. എന്തും വിളിച്ചു പറയും. അതും സ്വന്തം ഭർത്താവിനെ ആളുകൾക്കു മുന്നിൽ ഇടിച്ചു താഴ്ത്തുന്നതിൽ അവർക്കു പ്രത്യേകമായൊരു വാസന തന്നെയുണ്ടായിരുന്നു. ജോണിനെ പഴി പറഞ്ഞിട്ടു കാര്യമില്ല. അങ്ങനെയൊരാളെയും കൂട്ടി എങ്ങനെ പൊതുജന മദ്ധ്യേ സഞ്ചരിക്കും? തന്റെ നേരെ ഈർഷ്യയോടും പൂച്ഛത്തോടും കൂടിയുള്ള മോളിയുടെ സംസാര രീതി അവർക്ക് ഒരിക്കലും ഒഴിവാക്കാനാവില്ലെന്നും ഒരു സ്ത്രീയും സ്വന്തം ഭർത്താവിനോട് ഇങ്ങനെ ശബ്ദം ഉയർത്തുകയില്ലെന്നുമൊക്കെ അദ്ദേഹം തുടർന്നെഴുതുന്നുണ്ട്. "എന്റെ സ്നേഹത്തെ നീ ആട്ടിപ്പായിക്കുകയാണ്" ഒരിക്കൽ ജോൺ മോളിക്കെഴുതി. "ഒരുമിച്ചു പ്രാർത്ഥിക്കാൻ നമുക്കാവുമോ? എങ്ങനെയെങ്കിലും എന്നെ മുറിപ്പെടുത്തണമെന്ന് ഏതു നേരവും ചിന്തിക്കുന്ന ഒരാളുമായി ചേർന്നു പ്രാർത്ഥിക്കുന്നതെങ്ങനെ? പ്രിയ മോളി, നിന്റെ നെഞ്ചിലെ ആ തീക്കനൽ പുറത്തേക്കെറിഞ്ഞു കളയുക." അങ്ങനെ എറിഞ്ഞു കളയാൻ പറ്റുന്ന പ്രശ്നങ്ങളായിരുന്നില്ല മോളിയുടേത്. ഒരുപക്ഷേ അവർക്കത് അസാദ്ധ്യവുമായിരുന്നിരിക്കാം.

പ്രസ്ഥാന പ്രവർത്തകർ മോളിയെ അവഗണിച്ചുകൊണ്ടേയിരുന്നു. ഒരി

ക്കലും ജോണിനു ചേർന്ന ഒരാളായിരുന്നില്ല മോളി എന്നത് പൊതു അഭിപ്രായമായിരുന്നു. ആ കാര്യം അവർക്കും അറിയാമായിരുന്നു. ദിവസങ്ങൾ കഴിഞ്ഞുപോകവേ അതു കൂടുതൽ കൂടുതൽ ബോധ്യമായിക്കൊണ്ടിരുന്നു. ജോണിനെപ്പോലെ വിദ്യാഭ്യാസമോ സമൂഹത്തിലെ സ്ഥാനമോ തനിക്കില്ല. അദ്ദേഹത്തെപ്പോലെ വിശ്രമമില്ലാതെ ഓടി നടന്നു പ്രവർത്തിക്കാൻ തനിക്കൊരിക്കലും സാധിക്കയുമില്ല. പലരും ആഗ്രഹിക്കുന്നതുപോലെ പ്രസ്ഥാനത്തിലെ വനിതകൾക്കു നേതൃത്വം കൊടുക്കാനും തനിക്കാവില്ല. ഇതെല്ലാം മോളിക്കറിയാവുന്ന സത്യങ്ങളായിരുന്നു. നിയന്ത്രിക്കാനാവാത്ത ഒരു നാവും തനിക്കുണ്ടെന്ന് അവർക്കറിയാമായിരുന്നു. ഇതെല്ലാം സമ്മതിച്ചു കൊടുത്താൽപ്പോലും തന്റെ കുടുംബജീവിതം ഇങ്ങനെയായതിന് ഉത്തരവാദി താൻ മാത്രമാണോ? നാട്ടുകാർ അതു ചിന്തിക്കാത്തതെന്തെന്നായിരുന്നു മോളിയുടെ പരാതി.

ജോൺ വല്ലപ്പോഴും തനിക്ക് എഴുതിയിരുന്ന 'ഇടയലേഖനങ്ങൾ' കാണുന്നതേ മോളിക്ക് വെറുപ്പായിരുന്നു. തന്നോട് എന്തെങ്കിലും അടുപ്പമോ സ്നേഹമോ ധ്വനിപ്പിക്കാത്ത കത്തുകൾ. അദ്ദേഹം സെയ്റക്കെഴുതിയ ചില കത്തുകൾ മോളി കണ്ടിരുന്നില്ലേ? ഊഷ്മളതയുടെ അഭാവം മനസ്സിലാക്കാൻ അവർക്ക് ഒരു ബുദ്ധിമുട്ടുമുണ്ടായില്ല. 'മുൻ കാലങ്ങളിൽ ചെയ്തു കൂട്ടിയ പാപങ്ങളെപ്പറ്റി നീ തന്നെ ഒന്നു ചിന്തിച്ചു നോക്കുക. എന്തായിരിക്കും സ്ഥിതി?' 'ഈ നിമിഷം നീ ഇല്ലാതാവുകയോ അല്ലെങ്കിൽ നീ ഇവിടെ ജനിക്കാതിരുന്നെങ്കിലോ ദൈവത്തിന്റെ പദ്ധതികൾക്ക് എന്തെങ്കിലും കുറവു സംഭവിക്കുമായിരുന്നോ? അലോചിച്ചു നോക്കുക.' ഇങ്ങനെയുള്ള വാക്കുകൾ ജോണിന്റെ കത്തിൽ കാണും. ഭർത്താവാണെങ്കിലും തന്നോട് പള്ളിപ്രസംഗം ചെയ്യുന്നത് മോളി ഇഷ്ടപ്പെട്ടില്ല.

മോളിയുടെ ആരോഗ്യവും മോശമായിരുന്നു. കൈയിലും കാലിലും നല്ല വേദനയുണ്ടാക്കിയിരുന്ന സന്ധിവാതം അടുത്തകാലത്ത് കലശലായുണ്ടായിരുന്നു. പ്രായത്തിന്റേതായ മറ്റു ബലഹീനതകളും ഒപ്പമുണ്ട്. അങ്ങനെ ശാരീരികവും മാനസികവുമായ പ്രശ്നങ്ങളാൽ അവർ നന്നെ വലഞ്ഞു. അവർക്കു ലഭിച്ച ഭാരിച്ച സ്വത്തിന്റെ ഭൂരിഭാഗവും ആരോ ഒക്കെ ച്ചേർന്നു കബളിപ്പിച്ചെടുക്കുകയുമുണ്ടായി. മക്കളെപ്പറ്റിയുള്ള ആധിയും ഇതിനെല്ലാമുപരി അവരെ വേദനിപ്പിച്ചു. ഒരു മകൻ ആയിടെ മരിച്ചുപോയിരുന്നു. ഒരാൾക്ക് എപ്പോഴും അസുഖം. വേറെ രണ്ടാൺമക്കൾ നിത്യവും മുറിവേൽപ്പിക്കുന്ന 'കുരിശുകളായി' ഇതിനോടകം രൂപാന്തരം പ്രാപിച്ചിരുന്നു. എല്ലാം കൂടിച്ചേർന്ന് അവരെ വലച്ചു. സ്വകാര്യ ദുഃഖങ്ങളിൽ ജോണും പങ്കു ചേരുമായിരുന്നു. 'വഴങ്ങാത്ത നിന്റെ സ്വഭാവം മയപ്പെടുത്താനും പാറപോലുള്ള ഹൃദയം മൃദുവാക്കാനുമായിരിക്കാം ദൈവം ഈ കഷ്ടപ്പാടുകൾ അയച്ചത്' എന്ന് അഭിപ്രായപ്പെടുകയും ചെയ്തു. അത് ഒരു പരിധിവരെ ശരിയായിരിക്കുമെന്നു മോളിക്കും തോന്നിയിരുന്നു. എന്നിരുന്നാലും ഭർത്താവ് ഇക്കാര്യം തന്നെ എപ്പോഴും ഓർമ്മിപ്പിച്ചുകൊണ്ടിരിക്കണമെന്ന് മോളിക്ക് അഭിപ്രായമില്ലായിരുന്നു. അതു കേൾക്കാൻ അവർ ഇഷ്ടപ്പെട്ടുമില്ല.

*(തുടരും)*

## ബൈബിൾ: നാം അറിയേണ്ട വസ്തുതകൾ - 5

# ബൈബിൾ സത്യങ്ങൾക്കെതിരെ ഉള്ളിൽ നിന്നുള്ള പോരാട്ടം

ഫ്രാങ്ക് കോയിസ്ട്ര

**ബൈബിളിനെതിരെ** അവിശ്വാസികളും ലോകമനുഷ്യരുമായ പണ്ഡിതന്മാരും ശാസ്ത്രജ്ഞരും ഉന്നയിക്കുന്ന ചില ആരോപണങ്ങൾ, അവയ്ക്കുള്ള മറുപടികൾ എന്നിവയാണു കഴിഞ്ഞലക്കങ്ങളിൽ ചർച്ച ചെയ്തത്. അവസാനമായി, ബൈബിളിലെ ഉപദേശ സത്യങ്ങളിൽ വെള്ളം ചേർത്ത് അതിന്റെ ശക്തി കെടുത്തിക്കളയുവാൻ അകത്തു നിന്ന്, വിശ്വാസലോകത്തിൽ നിന്നു തന്നെ, നടക്കുന്ന ശ്രമങ്ങൾക്കെതിരെകൂടി മുന്നറിയിപ്പു നൽകേണ്ടിയിരിക്കുന്നു.

യേശു ദൈവപുത്രനാണെന്ന് വിശ്വസിക്കുകയും, തന്നെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുകയുമാണ് നിത്യരക്ഷ സ്വന്തമാക്കുവാൻ ഒരുവൻ ചെയ്യേണ്ടത് എന്നാണ് 'ലളിതമായ വിശ്വാസം' എന്ന തത്വത്തിന്റെ പ്രചാരകരായ ആളുകൾ പറയുന്നത്. ഇതിനെക്കുറിച്ചു ജാഗ്രതയുള്ളവരായിരിക്കണം. 'പിശാചുക്കളും അങ്ങനെ വിശ്വസിക്കുകയും വിറയ്ക്കുകയും ചെയ്യുന്നു' എന്നാണു ബൈബിൾ പറയുന്നത് (യാക്കോ. 2:19). പാപമെന്ന വിഷയത്തെ ഗൗരവമായിക്കാണാതെ യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കുക അസാദ്ധ്യമാണ്. ന്യായപ്രമാണത്തിന്റെ കീഴിലായിരുന്നപ്പോൾ പാപം മനുഷ്യരിൽ ആധിപത്യം നടത്തിയിരുന്നു (റോമ. 5:20). അനന്തമായ ദൈവകൃപയുടെ അവകാശികളായ ഓരോ പുതിയനിയമ വിശ്വാസിയോടും ദൈവം പറയുന്നത്, "പാപം നിങ്ങളുടെ മർത്യശരീരത്തിൽ ഇനി വാഴരുത്' എന്നാണ് (റോമ. 6:12). അപ്പൊസ്തലനായ യോഹന്നാൻ ഉദ്ബോധിപ്പിക്കുകയാണ്: "എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിക്കാൻ ഞാൻ ഇതു നിങ്ങൾക്കു എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ട്'' (1 യോഹ. 2:1). എന്നാൽ അനുതാപമുള്ള ഒരു വിശ്വാസിക്ക് മാത്രമേ യേശുക്രിസ്തുവിന്റെ മദ്ധ്യസ്ഥത ലഭ്യമാകുകയുള്ളു (ലൂക്കൊ. 13:3,5). പാപത്തെയും പാപപ്രവൃത്തികളെയും വെറുക്കുകയും ദൈവത്തിങ്കലേക്കു മാനസാന്തരത്തോടെ അടുത്തുവരികയും ചെയ്യാത്ത ഒരുവനെ ക്രിസ്ത്യാനിയെന്നു വിളിക്കുവാൻ കഴിയില്ല (പ്രവൃ. 20:21). മാനസാന്തരവും വിശ്വാസവും ഒരുമിച്ചു പോകേണ്ടതാണ്; അവയെ വേർതിരിക്കുവാൻ ഒരിക്കലുമാകില്ല. ബൈബിൾ പറയുന്നത്, "പാപം ചെയ്യുന്നവൻ പിശാചിന്റെ മകൻ ആകുന്നു" എന്നാണ് (1 യോഹ. 3:8). ഒരു വിശ്വാസിയെ ഏതെങ്കിലുമൊരു പാപത്തിൽ തുടരു

വാൻ ദൈവം അനുവദിക്കുന്നുവെങ്കിൽ മറ്റൊരു വിശ്വാസിയെ മറ്റൊരു പാപത്തിൽ തുടരുവാൻ അവിടുത്തേക്ക് അനുവദിക്കേണ്ടി വരും. എന്നാൽ അങ്ങനെയൊരു കാര്യം അസാദ്ധ്യമാണെന്നു നമുക്കറിയാം!

ഒരു യഥാർത്ഥ വിശ്വാസി; അവനിൽ താഴ്മയും മാനസാന്തരവും ഉള്ളതിനാൽ; നഷ്ടപ്പെട്ടു പോകുവാൻ സാദ്ധ്യതയല്ല. അതായത് അവന്റെ രക്ഷ സുരക്ഷിതമാണ്. എന്നാൽ നിഗളിയായ വിശ്വാസി, രക്ഷകനെ അവഗണിക്കുകയും പാപത്തിൽ തുടരുകയും ചെയ്യുന്നതിനാൽ, അവനെ കാത്തിരിക്കുന്നത് നിത്യ നാശമാണ്. വെളിച്ചത്തിന് ഇരുളുമായി കൂട്ടായ്മയില്ലാത്തതുപോലെ, അനുതപിച്ച് ഏറ്റു പറയാത്ത പാപങ്ങൾ ദൈവവുമായുള്ള കൂട്ടായ്മയ്ക്കു തടസ്സമാണ്. അവ ക്രിസ്തീയ കൂട്ടായ്മയ്ക്കും തടസ്സമായിത്തീരും. മൂടി വെച്ചിരിക്കുന്ന പാപങ്ങൾ രക്ഷയുടെ സന്തോഷത്തെയും സമാധാനത്തെയും ഇല്ലാതാക്കും. സന്തോഷവാനല്ലാത്ത ഒരു ക്രിസ്ത്യാനിക്കു ഫലപ്രദമായി ക്രിസ്തുവിന്റെ സാക്ഷിയായി തീരുവാൻ കഴിയില്ലെന്നു ബൈബിൾ പറയുന്നു (സങ്കീ. 51:12, 13). ജ്വലിച്ചു പ്രകാശിക്കുന്ന ഒരു ക്രിസ്ത്യാനിക്ക് മറ്റുള്ളവരെ ക്രിസ്തുവിലേക്ക് ആനയിക്കുവാൻ കഴിയും.

ക്രിസ്തീയ ജീവിതം സുഖകരമായ ഒരു പൂമെത്തയല്ലെന്നത് ആരും മറക്കുവാൻ പാടില്ല. അനേകം കഷ്ടങ്ങളിൽക്കൂടി സ്വർഗ്ഗരാജ്യത്തിൽ കടക്കേണ്ടതാകുന്നു (പ്രവൃ. 14:22). 'നാം അവനോടുകൂടെ തേജസ്കരിക്കപ്പെടേണ്ടതിന് അവനോടുകൂടെ കഷ്ടമനുഭവിച്ചാലത്രേ' എന്നു റോമർ 8:17ൽ കാണുന്നു. റോമർ 12:1ൽ നാം കാണുന്നത്, ജീവനുള്ള യാഗമായി നമ്മെ സമ്പൂർണ്ണമായി ദൈവത്തിന്റെ യാഗപീഠത്തിൽ സമർപ്പിക്കുവാനുള്ള ഒരു ആഹ്വാനമാണ്. തീർച്ചയായും, സ്വന്തം പരിശ്രമങ്ങളിൽ ക്രിസ്തീയ ജീവിതം നയിക്കുവാൻ ആർക്കും കഴിയില്ല. ഇതു ദൈവത്തിനറിയാം. പഴയ നിയമത്തിലെ മോശെയെപ്പോലെ (പുറ. 2:11–15). സ്വന്ത പരിശ്രമങ്ങളാൽ ദൈവത്തിനായി വൻകാര്യങ്ങൾ ചെയ്യുവാൻ തയ്യാറായിരിക്കുന്ന ഒരു പോരാളിയെപ്പോലയായിരിക്കാം നാം. എന്നാൽ ദൈവം തന്റെ പ്രവൃത്തികൾ വെളിപ്പെടുത്തുന്നതിനു മുമ്പായി മോശെ സ്വയം താഴേണ്ടതുണ്ടായിരുന്നു. ദൈവം തന്റെ പരിശുദ്ധാത്മാവിനാൽ ചെയ്തെടുക്കുന്ന ഒരു കാര്യമാണ് ഒരു വിശ്വാസിയുടെ സമർപ്പിതമായ ജീവിതമെന്ന് തിരുവചനം നമ്മെ ഓർമ്മപ്പെടുത്തുന്നു. അവൻ (പരിശുദ്ധാത്മാവ്) നിങ്ങളിൽ ഇരിക്കുന്നുവെന്ന് യേശു പറഞ്ഞു (യോഹ. 14:17).

നമ്മുടെ കർത്താവിന്റെ പുനരുത്ഥാനത്തിനു ശേഷം, അവിടുന്നു സ്വർഗ്ഗാരോഹണം ചെയ്യുന്നതിനു തൊട്ടു മുമ്പ് തന്റെ ശിഷ്യന്മാരോടു പറഞ്ഞു: "എന്റെ പിതാവു വാഗ്ദത്തം ചെയ്തതിനെ ഞാൻ നിങ്ങളുടെ മേൽ അയയ്ക്കും. നിങ്ങളോ ഉയരത്തിൽ നിന്നു ശക്തി ധരിക്കുവോളം നഗരത്തിൽ പാർപ്പിൻ" (ലൂക്കൊ. 24:49). നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവ് അവരുടെ മേൽ ഇറങ്ങി വന്നു. ദൈവത്തിന്റെ പ്രതിനിധിയായി അവിടുന്ന് അന്നു മുതൽ ഭൂമിയിൽ ഉണ്ട്. യോഹന്നാൻ 14:16ൽ യേശു ഇപ്രകാരം പറഞ്ഞിട്ടുണ്ട്. "എന്നാൽ ഞാൻ പിതാവിനോടു ചോദിക്കും; അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യ

സ്ഥനെ എന്നേ ക്കും നിങ്ങളോടു കൂടെ ഇരിക്കേണ്ടതിനു നിങ്ങൾക്കു തരും." ആയതിനാൽ പെന്തക്കോസ്തിനു ശേഷം പരിശുദ്ധാത്മാവിന്റെ ഭൂമിയിലേക്കുള്ള വരവിനായി ഇനി യാരും കാത്തിരിക്കേണ്ട ആവശ്യമില്ല. അവിടുന്ന് ഇപ്പോൾ ഇവിടെയുണ്ട്! ദൈവത്തിന്റെ മുമ്പിൽ പരിശുദ്ധാത്മ സ്നാനത്തിനായി തന്നെ ത്താൻ സമർപ്പിക്കുന്ന ഒരു വിശ്വാസി ആത്മാവിനാൽ നിറയപ്പെടും. തുടർന്ന് അവൻ നിറയപ്പെട്ടുകൊണ്ടേയിരിക്കണം.

ഈ വലിയ ആത്മീയ പോരാട്ടത്തിൽ ഓരോ വിശ്വാസിയും പരിശുദ്ധാത്മാവിലുള്ള തന്റെ സമ്പൂർണ്ണ ആശ്രയത്തെക്കുറിച്ചു ബോധവാനായിരിക്കണം. എന്തെന്നാൽ അവനു പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർലോകത്തിലെ ദുഷ്ടാത്മ സേനയോടും അത്രേ (എഫെ. 6:12). എന്നാൽ വിശ്വാസിയിലുള്ളവൻ ലോകത്തിലുള്ളവനെക്കാൾ വലിയവനാണെന്നുള്ള കാര്യത്തെ ഓർത്തു ഞാൻ ദൈവത്തെ സ്തുതിക്കുന്നു (1 യോഹ. 4;14). ഫലപ്രദമായ പ്രാർത്ഥനയ്ക്കു വിശ്വാസിയുടെ ഉള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം എത്രത്തോളം സഹായകരമെന്നു വെളിപ്പെടുത്തുന്ന ഒരു വേദഭാഗമാണ് റോമർ 8:26-27.

സുവിശേഷത്തിന്റെ ശക്തിയെ ത്യജിച്ചു കളയുന്ന വേഷഭക്തിയുടെ പ്രചാരകന്മാരായിരിക്കുന്നവരെ വിട്ടൊഴിയുവാൻ ബൈബിൾ ആഹ്വാനം ചെയ്യുന്നു (2 തിമൊ. 3:5). കൂടാതെ 1 തെസ്സലോനിക്യർ 1:5ൽ നാം വായിക്കുന്നത്: "ഞങ്ങളുടെ സുവിശേഷം വചനമായി മാത്രമല്ല, ശക്തിയോടും പരിശുദ്ധാത്മാവോടും ബഹുനിശ്ചയത്തോടും കൂടെ ആയിരുന്നു നിങ്ങളുടെ അടുക്കൽ വന്നത്" എന്നാണ്. തുടർന്നു ഞങ്ങളുടെ സുവിശേഷത്തോടു പറ്റിച്ചേർന്നു നിൽക്കുവാനാണിവിടെ പറയുന്നത്. സുവിശേഷം ഒന്നേയുള്ളു. അതിനു മാറ്റമില്ല. 'മറ്റൊരു സുവിശേഷ'ത്തെയും ജാഗ്രതയോടെ വീക്ഷിക്കുവാൻ ബൈബിൾ ആഹ്വാനം ചെയ്യുന്നു- സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതൻ വന്ന് അതു വെളിപ്പെടുത്തി തന്നാലും (ഗലാ. 1:6-9).

പരിശുദ്ധാത്മാവ് വിശ്വാസിയെ സകല സത്യത്തിലും വഴി നടത്തുമെന്ന് യേശുക്രിസ്തു പറയുകയുണ്ടായി (യോഹ. 16:13). കൂടാതെ പരിശുദ്ധാത്മാവ് വിശ്വാസിയിൽ ക്രിസ്തുവിനെ മഹത്വപ്പെടുത്തുമെന്നും കാണുന്നു (യോഹ. 16:14). ഇതെങ്ങനെയാണ്? "സ്തോത്രമെന്ന യാഗം അർപ്പിക്കുന്നവൻ എന്നെ മഹത്വപ്പെടുത്തുന്നു" എന്നാണ് വചനം പറയുന്നത് (സങ്കീ. 50:23). ആത്മനിറവുള്ള ഒരു വിശ്വാസിക്കു കർത്താവിനെ സ്തുതിക്കാതിരിക്കുവാൻ കഴിയില്ല! ത്രിയേകനായ ദൈവം സ്നേഹമാണെന്ന് ബൈബിൾ പറയുന്നു (1 യോഹ. 4:9). അതിനാൽ, പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ട ഒരുവനിൽ തെളിവാർന്ന 'അഗാപ്പെ' സ്നേഹം നിറഞ്ഞിരിക്കും.

"ദൈവത്തിന്റെ സ്നേഹം നമുക്കു നൽകപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ" (റോമ. 5:5). വിശ്വാസിയിൽ ഉള്ള പരിശുദ്ധാത്മാവ്, സഹവിശ്വാസികളിൽ മാത്രമല്ല എല്ലാ മനുഷ്യരിലും ദൈവസ്നേഹത്തെ പകരുവാൻ അവനെ സഹായിക്കുന്നു. പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ട ഒരു വിശ്വാസിക്ക് (എഫെ. 5:18) എല്ലാ മനുഷ്യരെയും - തന്റെ ശത്രുക്കളെപ്പോലും- സ്നേഹിക്കാതിരിക്കുവാൻ കഴിയല്ല. ആ സ്നേഹം വാക്കിലല്ല; പ്രവൃത്തിയിലും സത്യത്തിലുമായിരിക്കും (1 യോഹ. 3:18). സന്തോഷത്തോടെ കൊടുക്കുവാൻ മടിയുള്ള

വനായിരിക്കില്ല അയാൾ!

പരിശുദ്ധാത്മാവിന്റെ വരങ്ങളും പരിശുദ്ധാത്മാവിന്റെ ഫലവും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ടെന്നുള്ളതും നാം അറിഞ്ഞിരിക്കണം. കൊരിന്തിലെ വിശ്വാസികൾക്കു പരിശുദ്ധാത്മാവിന്റെ വരങ്ങൾ ഉണ്ടായിരുന്നു. "ഒരു കൃപാവരത്തിലും കുറവില്ലാത്തവരായിരുന്നു അവർ" (1കൊരി. 1:7). എന്നാൽ പരിശുദ്ധാത്മാവിന്റെ ഫലം (ഗലാ. 5:22,23) നന്നേ കുറവായിരുന്നു എന്നു കാണുന്നു. 1 കൊരിന്ത്യർ 13:1-13 വാക്യങ്ങളിൽ പരിശുദ്ധാത്മാവിന്റെ ശരിയായ വരങ്ങൾ ഉണ്ടെന്നിരിക്കിലും ദൈവിക അംഗീകാരം ലഭിക്കാതിരിക്കുന്ന അവസ്ഥയെക്കുറിച്ചു നാം കാണുന്നു. പരിശുദ്ധാത്മാവിന്റെ ഒരു പ്രത്യേക വരം ലഭ്യമായിരിക്കുന്ന ഒരുവൻ, ക്രിസ്തീയ ശുശ്രൂഷയിൽ കൂടുതൽ ഉത്തരവാദിത്തം ഉള്ളവനായിത്തീരുന്നു!

പാപത്തെ നീക്കുന്ന ദൈവകുഞ്ഞാടിന്റെ രക്തത്തെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യാതെ പരിശുദ്ധാത്മാവിനാൽ നിറഞ്ഞു വലിയ ശുശ്രൂഷ ചെയ്യണമെന്ന് ആഗ്രഹിക്കുന്നവരുണ്ട്. ഇത്തരക്കാർ പരിശുദ്ധാത്മാവിനെ പരിഹസിക്കുന്നവരാണ്. അവർ അവകാശപ്പെടുന്ന ആത്മനിറവു വെറും ആശയം മാത്രമാണ്. തങ്ങളുടെ പാപങ്ങളെക്കുറിച്ച് ഓർത്തു യഥാർത്ഥത്തിൽ മാനസാന്തരപ്പെടാത്തവരായ ചിലരും 'വലിയ പ്രവർത്തനങ്ങളിൽ' ഏർപ്പെടാറുണ്ട്. ഇവരെല്ലാം സുവിശേഷത്തിനു കൂടുതൽ കൂടുതൽ അപമാനം ഉണ്ടാക്കിവെയ്ക്കുന്നു! ശ്രദ്ധിക്കുക! പുതിയ വീഞ്ഞ് പഴയ തുരുത്തിയിൽ പകരാറില്ലെന്ന് യേശു പറഞ്ഞിട്ടുണ്ട്! (മത്താ. 9:17).

*(അവസാനിച്ചു)*

(മൊഴിമാറ്റം : **ബോബി കുര്യൻ**)


# ജീവമൊഴികൾ അർദ്ധദിന സമ്മേളനം എറണാകുളത്ത്

*ദൈവഹിതമായാൽ താഴെപ്പറയുന്ന സ്ഥലത്തും സമയത്തും ജീവമൊഴികൾ മാസികയുടെ അർദ്ധദിന യോഗം നടത്തുന്നു. വരിക്കാർ, അഭ്യുദയകാംക്ഷികൾ, യഥാർത്ഥ ആത്മീയതയ്ക്കായി ആഗ്രഹിക്കുന്ന വിശ്വാസികൾ എന്നിവർക്കെല്ലാം ഈ യോഗത്തിലേക്കു ഹൃദയപൂർവമായ സ്വാഗതം!*

സ്ഥലം : **മണിലാൽ ഹാൾ, രാമവർമ്മ ക്ലബ്ബ്**
(ക്ലബ്ബ് റോഡിൽ ദർബാർ ഹാൾ ഗ്രൗണ്ടിനു സമീപം)
**എറണാകുളം**

തീയതി, സമയം : **2015 ജൂൺ 13 ശനിയാഴ്ച**
**രാവിലെ 10 മണി മുതൽ 12 വരെ**

ചിന്താവിഷയം:
**മതഭക്തിയിൽ നിന്ന് ആത്മീയതയിലേക്ക്**

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: 9037472484, 9400861856

***എവർക്കും സ്വാഗതം!   പ്രവേശനം സൗജന്യം!***




# THE DIFFERENCE BETWEEN LAW AND DISCIPLINE

Sandeep Poonen

## Question:

Can you help me understand the difference between living under the Law and living a disciplined life?

## Answer:

This is a wonderful question, and a very important distinction that all followers of Jesus must be able to clearly show from their lives. **It is very important that all of us live increasingly free from a life under the Law, but also increasingly disciplined lives**.

This is a critical distinction, and let me try to explain this statement.

**We must live increasingly free from a life under the Law:**

A life under the Law refers to living based on rules and regulations. But we must first recognize how deep this mindset is within us. When we think about the Law, we tend to think about the Law of Moses (the Ten Commandments and other various laws that we read in the Old Testament). However, our desire to live our lives with God based on a set of rules pre-dates that. It goes all the way back to the Garden of Eden, when Adam and Eve ate the fruit from the tree of the knowledge of good and evil. *The knowledge of good and evil basically represents living by a set of rules.* The other tree that contrasts this is the tree of life (or eternal life), which is to know God Himself (John 17:3). So we can either follow a set of rules that God has given, or we can get to know God Himself. And if we get to know God, we can live a life that is pleasing to Him based on the Person that we get to know.

Since it goes back to the first sin that we humans committed, we can see how deep-rooted this instinct to live by a set of rules is. Even just think for a minute about your daily walk with God. How do you assess whether you are pleasing to God day after day? If you're like me, there is a HUGE tendency to think about the things that we did or didn't do. Have I been reading my Bible faithfully? Have I been attending church regularly? Have I not been lusting? Have I not been getting angry? And so on. As you can see, I build a set of rules to gauge the quality of my spiritual life.

This is not the Law of Moses, but it's still a life of rules. And Jesus came to this earth to set us free from living a life of rules and regulations. Many Christians think that freedom from the Law is freedom from the Old Covenant rules (don't commit adultery, don't murder, don't steal, etc.). But they keep living life by a set of rules – maybe rules they find from the teachings of Jesus. And they are even more burdened in life because of the even-higher standards of the New Covenant (don't lust, don't get angry, love your enemies, etc.). That is not the freedom of Christ.

I think that as we examine our lives, we will see how deep-rooted our desire to live based on rules is. And we might be surprised how much we're still burdened by a life of rules, even if they are rules based on something Jesus said.

**We must also live increasingly disciplined lives**

Some people know verses that preach these truths above, and highlight them and celebrate God's great news that He has come to free us from a rule-based life. But many such people do not also embrace the equally important truth that we must live increasingly disciplined lives. Some get so tired of living by a set of rules that they misunderstand the freedom of Christ to be a freedom without consequences.

But let's look at what Jesus said about freedom in *John 8:31-32 – Jesus said, "If you continue in My word, then you are truly disciples of Mine;[32] and you will know the truth, and the truth will make you free."*

We must first be crystal clear in our minds that "the truth"here is not a set of doctrines or beliefs. Jesus explicitly said that HE IS the truth (John 14:6). So to know the truth is to know Jesus. And so we can paraphrase the second sentence to read: *And you shall know Jesus, and Jesus shall make you free.*

This helps us understand Jesus's point here: **If we are *disciplined*(continue) to live our lives based on what Jesus teaches us, then we will be true followers of Jesus. And as we keep following Him, we will get to know Him more, and we will enjoy alife of increasing freedom**.

So discipline is vital. Paul also tells us that the Holy Spirit wants to grow the virtue (fruit) of self-control (discipline) in us (Gal 5:22-23). And Paul tells us that we receive the Holy Spirit full of power, love, and *discipline* (2 Tim 1:7). Paul also urges us to live our lives like we're running a race – and where coming 2nd or 3rd is not enough, we must seek to win. So if we are genuinely seeking to live this life like an athlete training to come first in the race, then we will "exercise self-control in all things" (1 Cor 9:25). So I will discipline my body and make it my slave because I do not want to be disqualified (1 Cor 9:27).

The picture of the athlete seeking to win the race is very appropriate. Imagine a man seeking to win

the Olympic marathon. He gets up every day before anybody else is up, and runs several hours each week. He monitors every thing he puts into his body. He monitors his sleep. He is single-mindedly focused for YEARS, seeking to win the Olympics. But he doesn't glory in all his sacrifice. These are all necessary but joyful sacrifices because of His immense desire to win the Olympics.

We are like marathon runners, who are seeking to KNOW GOD AS A PERSON more and more. That's the prize. We want to know His ways, what pleases Him, what makes Him happy, what makes Him sad, what makes Him excited, what He looks forward to, etc. To do this, we make sacrifices, and live very disciplined lives. So we make our bodies our slaves, we obey His commands, we care for His family, etc. But we don't expect a medal or glory in that, because our immense desire is that we win the prize of knowing God (this is reflected very clearly as well in Phil 3:7-14).

Now, knowing God is NOT revealed to us through all the stories about God. Sure, they give us some clues, but even humans cannot be described by any number of books written about them; and neitheris our infinite God.But we can know God, because He has given us the Holy Spirit to reveal God to us (John 16:14). And the daily circumstances and blessings and trials are ALL specifically packaged for us to get to KNOW GOD – through the Holy Spirit revealing God to us in the middle of all these situations.

The Holy Spirit will show us the way of escape out of every temptation to sin (1 Cor 10:13). The Holy Spirit will NEVER FORCE US to take the way of escape as He respects our free will. He will show us the way of escape, but we need to be DISCIPLINED to take the way of escape.

But if we are disciplined to take the way of escape, we will increasingly know God through them. That is why God tells us that we can *rejoice*not only for every good and perfect gift that comes from above (blessings), but also for the fiery trials that He allows. Because we can be ABSOLUTELY SURE of this: God causes ALL THINGS to work so that we can get to know God (this is our good) – Rom 8:28; Psalm 73:28.

Finally, let me end with the story of Jacob and Rachel. Jacob wanted to marry Rachel, but her father Laban asked that he first work seven years for him. That's a LONG time, but because of the love that Jacob had for Rachel, we read it said that the seven years seemed like only a few days to Jacob (Genesis 29:20). So also will it be with ALL our immense efforts to be more and more disciplined, more and more faithful against sin, more and more loving towards others, etc. They will be trivial sacrifice compared to the great reward of knowing God.

*(please mail your genuine doubts to: sandeep@poonen.org)*

# സുവിശേഷീകരണം ശിഷ്യത്വം

*4-ാം പേജിൽ നിന്ന് തുടർച്ച*

ലംഘിച്ച് അതു ചെയ്താൽ പാപമായി (commiting sin). ഇതിൽ നിന്ന് ഒരുപടി കൂടി കടന്നു ചെയ്യുന്നതു മാത്രമല്ല ചിലതു ചെയ്യാതിരിക്കുന്നതും പാപമാണെന്നു പുതിയ നിയമത്തിൽ കാണുന്നു (sin of omission) (യാക്കോ. 4:17). എന്നാൽ ദൈവിക തേജസ്സിൽ കുറവായുള്ളത് എല്ലാം (fall short of the glory of God) പാപമാണെന്ന മൂന്നാമത്തെ, ഏറ്റവും ഉയർന്ന നിലവാരം (റോമ. 3:23) ഇന്നു വിശ്വാസികളിൽ എത്ര പേർ സ്വീകരിച്ചിട്ടുണ്ട്? തന്റെ പുത്രന്റെ തേജസ്സിനോട്, സ്വരൂപത്തോട്, അനുരൂപപ്പെടുവാനാണു ദൈവം നമ്മെ മുൻനിയമിച്ചിരിക്കുന്നത് (യോഹ. 1:14, റോമ. 8:29). അതിൽ കുറവായുള്ളത് എല്ലാം പാപമാണെന്ന പാപത്തിന്റെ വിശാലമായ നിർവചനം സ്വീകരിച്ചാൽ നിരന്തരം നാം അനുതാപത്തിലായിരിക്കും. ഈ നിർവചനം തനിക്കായിത്തന്നെ എടുത്തതുകൊണ്ടാണു പൗലൊസ് താൻ പാപികളിൽ ഒന്നാമനാണെന്നും, തന്നിൽ ഒരു നന്മയും വസിക്കുന്നില്ലെന്നും വിലപിച്ചത് (1 തിമൊ. 1:15; റോമ. 7:18). ഈ നിലവിളി നിരന്തരം പൗലൊസിലുണ്ടായിരുന്നതിനാലാണ് ദൈവിക സാന്നിധ്യ ബോധം തന്നിൽ സദാ സജീവമായിരുന്നത്. ദൈവത്തോടു വളരെ അടുത്ത കൂട്ടായ്മ തനിക്കുണ്ടായിരുന്നു. 'ഹൃദയം നുറുങ്ങിയവർക്കാണല്ലോ യഹോവ സമീപസ്ഥ'നായിരിക്കുന്നത് (സങ്കീ.34:18). യാക്കോബിന്റെ ലേഖനത്തിലെ ഈ വാക്യങ്ങൾ കൂടി നോക്കുക: "ദൈവത്തോട് അടുത്തു ചെല്ലുവിൻ, എന്നാൽ അവൻ നിങ്ങളോട് അടുത്തു വരും. പാപികളേ, കൈകളെ വെടിപ്പാക്കുവിൻ; ഇരുമനസ്സുള്ളവരെ ഹൃദയങ്ങളെ ശുദ്ധീകരിപ്പിൻ. സങ്കടപ്പെട്ടു ദുഃഖിച്ചു കരവിൻ. നിങ്ങളുടെ ചിരി ദുഃഖമായും സന്തോഷം വിഷാദമായും തീരട്ടെ. കർത്താവിന്റെ സന്നിധിയിൽ താഴുവിൻ. എന്നാൽ അവൻ നിങ്ങളെ ഉയർത്തും"(4:8-10). വെളിച്ചത്തിൽ നിന്ന് അകലെയായിരിക്കുന്ന ഒരുവന് തന്റെ വസ്ത്രത്തിൽ ഒരു കറയും ഇല്ലെന്നു തോന്നും. എന്നാൽ വെളിച്ചത്തോട് അടുത്തു ചെല്ലുന്തോറും അങ്ങനെയൊരുവനു തന്റെ വസ്ത്രത്തിലെ നേരിയ കറകളും പാടുകളും കാണാൻ കഴിയും. ഇതുപോലെയാണു ദൈവത്തോട് അടുത്തു ചെല്ലുന്ന ഒരുവന്റെയും അവസ്ഥ. മുകളിൽ പറഞ്ഞ വാക്യങ്ങളിൽ ഒരുവൻ ദൈവത്തോട് അടുത്തു ചെല്ലുകയാണ്. പൊടുന്നനെ താൻ പാപിയാണെന്നും കൈകളെ വെടിപ്പാക്കുകയും ഹൃദയത്തെ ശുദ്ധീകരിക്കുകയും ചെയ്യേണ്ടതുണ്ടെന്നുമുള്ള ബോധ്യം ഉണ്ടാകുന്നു. അതു സങ്കടം, ദുഃഖം, കരച്ചിൽ എന്നിവയിലേക്കു നയിക്കുന്നു. തുടർന്നു ദൈവത്തോടുള്ള കൂട്ടായ്മയിലേക്ക് ഉയർത്തപ്പെടുന്നു! ഈ ഉന്നതമായ ദൈവസാന്നിധ്യ ബോധം പിന്നെയും തന്റെ കുറവുകളെ കാണാൻ ഇടയാക്കുന്നുണ്ട്. അതു വീണ്ടും കരച്ചിലിലേക്കു നയിക്കും. ഫലം മുൻപിലത്തേതിനെക്കാൾ ഉന്നതമായ ദൈവിക കൂട്ടായ്മ. ഇതൊരു തുടർ പ്രക്രിയയാണ്. നിരന്തരമായ അനുതാപം, ദൈവ മുൻപാകെ ജീവിക്കുന്ന ഒരുവനുണ്ടാകുന്നത് ഇങ്ങനെയാണ്.

ഇങ്ങനെ നിരന്തരമായ ഒരനുതാപം ജീവിതത്തിൽ കൊണ്ടു നടക്കാൻ കഴിയുന്നത് കർത്താവിനെ വളരെ അടുത്ത് അനുഗമിക്കുന്ന ഒരു ശിഷ്യനാണ്. സുവിശേഷത്തിലൂടെ യേശുവിനെ രക്ഷകനായി മാത്രം അറിഞ്ഞിട്ടുള്ള ഒരുവന് ആത്മീയതയുടെ ഈ ആന്തരിക മാർഗ്ഗം ഒരു കടങ്കഥയായി തോന്നും.


ദൈവത്തിനും നമുക്കും ഇടയിൽ

വരുന്ന 'വിഗ്രഹ'ങ്ങളും തന്നിൽ നിന്നു നമ്മെ അകറ്റിക്കളയും. യെഹസ്കേൽ പ്രവാചകനോടു ദൈവം ഇക്കാര്യം വ്യക്തമാക്കിയതു നാം നേരത്തെ പരാമർശിച്ചു (യെഹ. 14:1–5). ഇക്കാര്യത്തെക്കുറിച്ചുള്ള ബോധ്യമാണു യോഹന്നാൻ അപ്പൊസ്തലനെയും 'കുഞ്ഞുങ്ങളേ, വിഗ്രഹങ്ങളോട് അകന്നു സൂക്ഷിച്ചു കൊൾവിൻ' എന്ന ആഹ്വാനത്തോടെ തന്റെ ലേഖനം അവസാനിപ്പിക്കാൻ പ്രേരിപ്പിച്ചത് (1 യോഹ. 5:21). ഒരു ശിഷ്യനാണ് യഥാർത്ഥത്തിൽ എല്ലാ വിഗ്രഹങ്ങൾക്കും എതിരെ കർശനമായ ഒരു നിലപാട് എടുക്കുന്നത്. ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം അവന്റെ അടുത്ത ബന്ധുക്കൾ അവനു വിഗ്രഹമാകാൻ സാധ്യതയുണ്ട്. ശിഷ്യത്വത്തിന്റെ ഒന്നാമത്തെ വ്യവസ്ഥ അവരെ പകെക്കണം എന്നാണല്ലോ (ലൂക്കൊ. 14:26). രണ്ടാമതു തന്റെ വസ്തു വകകളും തന്റെ കൈവശത്തിലുള്ളതു (possessions) മാണു വിശ്വാസിക്കു വിഗ്രഹമായിത്തീരാവുന്നത്. ഇവയെ ഒക്കെയും ആന്തരികമായി വിട്ടു പിരിയാതെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല എന്നു ശിഷ്യത്വത്തിന്റെ രണ്ടാമത്തെ വ്യവസ്ഥ വ്യക്തമാക്കുന്നു (14:33). ഇന്നു മിക്ക വിശ്വാസികൾക്കും അവരവർ തന്നെയാണ് അവരുടെ വിഗ്രഹം. അതുകൊണ്ടു തന്നെ സ്വയത്തെ പകെക്കണം എന്നതാണ് ശിഷ്യത്വത്തിന്റെ ഏറ്റവും കഠിനമായ മൂന്നാമത്തെ വ്യവസ്ഥ (14:26). നോക്കുക: വിഗ്രഹങ്ങളാകാവുന്നവയെല്ലാം ഒഴിവാക്കി തന്റെ ക്രൂശ് എടുത്തു ഗുരുവിനെ അടുത്തു പിൻചെല്ലുന്നവനാണു ശിഷ്യൻ. മാതാപിതാക്കൾ, മതമേലധ്യക്ഷന്മാർ എന്നിങ്ങനെ ഒരു കാലത്ത് അവന്റെ അടുത്ത ആളുകളായിരുന്നവരെല്ലാം തന്നെപ്രതി അവനെ പുറത്താക്കിക്കളഞ്ഞെന്നു കേട്ടപ്പോൾ പിറവിക്കുരുടനെ നേരിൽപ്പോയി കണ്ട് അവനു മധുരോദാരമായ കൂട്ടായ്മ നൽകിയവനാണു നസറായൻ (യോഹ. 9:35). ആ കർത്താവ്, ഇമ്മാനുവേൽ, തന്നെപ്രതി എല്ലാം വിട്ടു പിരിഞ്ഞ ശിഷ്യന് ഏറ്റവും അടുത്ത കൂട്ടായ്മ നൽകാതിരിക്കുമോ?

നാം ശിഷ്യരാകാൻ ദൈവം ആവശ്യപ്പെടുന്നതു നമ്മെ കൂടുതൽ ഭാരപ്പെടുത്താനല്ല. മറിച്ച് അതു നമ്മുടെ നന്മയ്ക്കാണ്. കാരണം അവിടുത്തോട് എത്രത്തോളം അടുത്തു ചെല്ലുന്നോ അത്രത്തോളം നാം സന്തുഷ്ടരായിരിക്കും. അവിടുത്തെ വലത്തു ഭാഗത്താണല്ലോ എന്നും പ്രമോദം ഉള്ളത് (സങ്കീ. 16:11). ഇതറിയാവുന്ന ശിഷ്യന്റെ എപ്പോഴുമുള്ള നിലപാട് 'ദൈവത്തോട് അടുത്തിരിക്കുന്നത് എനിക്കു നല്ലത്' എന്നായിരിക്കും (സങ്കീ. 73:28. 'But as for me, I get as close to Him as I can' -living Bible). 'സ്വർഗ്ഗത്തിൽ എനിക്ക് ആരുള്ളു? ഭൂമിയിലും നിന്നെയല്ലാതെ ഞാൻ ഒന്നും ആഗ്രഹിക്കുന്നില്ല' എന്നായിരിക്കും അവന്റെ നേർസാക്ഷ്യം (73:25). ദൈവതേജസ്സിൽ കുറവു വരുത്തുന്ന എല്ലാറ്റിനെയും പാപമായി കാണുന്ന, വിഗ്രഹങ്ങളോട് കർശനമായ നിലപാട് എടുക്കുന്ന ശിഷ്യന് ദൈവത്തോട് ഏറ്റവും അടുത്ത കൂട്ടായ്മ ഉണ്ടാകുന്നതിൽ എന്താണത്ഭുതം?

ഇനി പറയൂ: ശിഷ്യത്വത്തിലേക്കു നയിക്കാത്ത സുവിശേഷീകരണം – നമുക്കതു മതിയോ? സുവിശേഷീകരണം പോലെ അതിപ്രധാനമായ ഒരു ശുശ്രൂഷയല്ലേ ശിഷ്യത്വത്തിലേക്കു നയിക്കുന്നതും? തന്റെ അന്ത്യ കല്പനയിൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കാമോ?

പാടില്ല. നമുക്ക് 'യേശു'വിലൂടെ 'ഇമ്മാനുവേലി'ലേക്കു വരാം.



# GOD HAS NEVER LET ME DOWN

Nicky Cruz

Are you longing to do great things for God—to serve Him and love Him until your dying breath? Are you wanting God to define a glorious future for you?

Then stop trying to do it on your own. Don't try to set a course for your life and then ask God to bless it. Instead, spend your time getting to know Him. Learn to bask in His presence. Worship Him with abandon. Praise Him and love Him from the depths of your soul. Obey Him, even in the smallest detail. Pray and meditate on His Word. Appreciate the glory of creation! Learn to set your heart on God, and God alone, and He will take notice.

There is one truth you can know for certain: God has a covenant prepared just for you. A special plan and purpose set aside for your future. And it is more glorious than you could ever imagine on your own. If He hasn't laid this covenant on your heart, it is only because He knows you are not ready. He's waiting for you. Watching. Longing to share this vision with you and help you embrace it.

When I was a young man in my early twenties, confused about my future, I could never have imagined the plans God had for my life. I was just a young man in love with Jesus, longing to spend the rest of my days in His presence. I had no idea He had a covenant prepared for me. No idea He had such a powerful purpose for my life.

At the time I couldn't even begin to imagine myself as an evangelist. I was young and unprepared. I had no capabilities that would have led me to think I could preach in front of an audience. My Bible knowledge was immature and limited. My accent was thick and my manners were awkward. I was just a streetwise kid, and that was all I had going for me.

But I loved Jesus with a passion, and I determined to obey God, regardless of what He would have me do. So I embraced His covenant, little by little, day by day, month by month. I tried my best to stay faithful. And God has never let me down!

JEEVAMOZHIKAL RNI/KERBIL/-2003/21404 Date of Publication 28-05-2015
June 2015 www. jeevamozhikal.org
Annual Subscription Rs.100/-

# ഘടികാരത്തിന്റെ ഭയം

പ്രശസ്തനായ ഡി.എൽ. മൂഡി ഒരു ഭവനം സന്ദർശിച്ചപ്പോൾ ആ വീട്ടിലെ സഹോദരി തന്റെ ഒരു പ്രശ്നം അദ്ദേഹത്തോട് ഇങ്ങനെ പങ്കിട്ടു. "ബ്രദർ മൂഡി, താങ്കളുടെ സുവിശേഷ യോഗത്തിൽ സംബന്ധിച്ച് യേശുവിനെ രക്ഷകനും നാഥനുമായി ഞാൻ സ്വീകരിച്ചു. ഇപ്പോൾ സന്തോഷമായിരിക്കുന്നു. എന്നാൽ ഈ ലോകത്തിലേക്കു നോക്കുമ്പോൾ എനിക്കു പേടിയാണ്. എത്ര പേരാണു വിശ്വാസം ത്യജിച്ചു പിന്മാറി പോകുന്നത്? എനിക്ക് ഇപ്പോഴുള്ള വിശ്വാസത്തിൽ നിലനില്ക്കാൻ കഴിയുമോ എന്ന് എനിക്കെപ്പോഴും സംശയമാണ്. ഇത് എന്റെ സ്വസ്ഥത കെടുത്തിക്കളയുന്നു."

മൂഡി മറുപടിയായി ഒരു കഥ പറഞ്ഞു: "ഒരു വാച്ചു റിപ്പയറർ തന്റെ കഴിവുകളെല്ലാം ഉപയോഗിച്ച് നല്ല ഒരു ക്ലോക്കുണ്ടാക്കി. ആ ഘടികാരം വീടിന്റെ ഭിത്തിയിൽ ഉറപ്പിച്ചു. ഘടികാരം കൃത്യമായി ഒരു സെക്കൻഡു പോലും തെറ്റാതെ ഓടാൻ തുടങ്ങി. കുറച്ചു നേരം ഭംഗിയായി ഓടിക്കഴിഞ്ഞപ്പോൾ ക്ലോക്കിന് ഒരു സംശയം: "അടുത്ത ദിവസവും എനിക്ക് ഇപ്രകാരം ഓടുവാൻ കഴിയുമോ? ഞാനില്ലാതാകും വരെ, സമയം കൃത്യമായി കാണിക്കാൻ എനിക്കു സാധിക്കുമോ?"

ഘടികാരത്തിന്റെ സംശയം മനസ്സിലാക്കി, അതിനു രൂപകല്പന ചെയ്ത മനുഷ്യൻ അതിനോട് ഇങ്ങനെ പറഞ്ഞു: 'നീ ഓടുന്നിടത്തോളം ഓടുക. പിന്നീടുള്ള കാര്യങ്ങൾ ഞാനാണു നോക്കുന്നത്. നിന്നെ ഉണ്ടാക്കാമെങ്കിൽ നിനക്കു സംഭവിക്കുന്ന കോടുപാടുകൾ പോക്കുവാനും എനിക്കു കഴിയും. നീ സംശയിക്കാതെ ഓടുന്നതിനു തയ്യാറായാൽ മാത്രം മതി. നീ എന്റെ കരങ്ങളിലായിരിക്കുന്നിടത്തോളം നീ നിന്നു പോകാതെ നിന്നെ ഓടിക്കുവാനുള്ള ചുമതല എനിക്കാണ്.

ക്ലോക്കിനു കാര്യം മനസ്സിലായി. അതു ഭയവും സംശയവും അവസാനിപ്പിച്ച് കൃത്യമായി ഓടുവാൻ തുടങ്ങി."

മൂഡി കഥ അവസാനിപ്പിച്ച് സഹോദരിയെ നോക്കി. അവളുടെ കണ്ണുകൾ നിറഞ്ഞിരുന്നു. അവൾ 'വീഴാതെ തന്നെ നിർത്താൻ' ശക്തനായ ദൈവത്തെ സ്തുതിച്ചു. അവൾ തന്നെ 'സൃഷ്ടിച്ച, നിർമിച്ച, ഉണ്ടാക്കിയ' സ്രഷ്ടാവിന്റെ കരങ്ങളിൽ പുതുതായി സമർപ്പിച്ച് സ്വസ്ഥയായി. (യെശയ്യ. 43:1,7; യൂദാ.24).

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor Geoji T. Samuel.